# കേരളം നൂററാണ്ടുകൾക്കു മുമ്പ്

പി എ സെയതുമുഹമ്മദ്

ഗ്രന്ഥകർത്താവിന്റെ കൃതികൾ

കേരളം നൂററാണ്ടുകൾക്കുമുമ്പ്

കേരളത്തിലെ വിദേശമതങ്ങൾ

സഞ്ചാരികൾ കണ്ട കേരളം

കുട്ടികളുടെ കേരളചരിത്രം

കേരളചരിത്രവീക്ഷണം

കേരള മുസ്ലീം ചരിത്രം

ആദിവാസികൾ

ചരിത്രകേരളം

# കേരളം നൂററാണ്ടുകൾക്കുമുമ്പ്

(ലേഖനങ്ങൾ)

പി എ സെയ്തുമുഹമ്മദ്

## വിഷയവിവരം


1. ചരിത്രവീക്ഷണം ........................................ 3
2. വിദേശബന്ധങ്ങൾ ........................................ 10
3. ചരിത്രനാണയങ്ങൾ ........................................ 18
4. അറയ്ക്കൽ രാജവംശം ........................................ 25
5. തുളുവും കേരളവും ........................................ 33
6. പോർത്തുഗീസ്സാക്രമണം ........................................ 38
7. കേരള കടൽക്കള്ളന്മാർ ........................................ 50

## 1.ചരിത്രവീക്ഷണം

ഒരു രാഷ്ട്രത്തിന്റെ ചരിത്രവും അതിനു ജീവൻ നല്കുന്ന സംസ്ക്കാരവും ആ രാഷ്ട്രത്തിലെ ആദിമവർഗ്ഗക്കാരുടേതായിരിക്കും.ആദികാലകുടിയേറിപ്പാർപ്പുകാരുടെ സംസ്ക്കാരത്തെ സംബന്ധിച്ചും പഠനം നടത്തിയാൽ പലതും കണ്ടുപിടിക്കാം. കേരളത്തെപ്പറ്റി പൂർവ്വകാല ഗവേഷണം നടത്തണമെങ്കിൽ കേരവൃക്ഷത്തെ സംബന്ധിച്ച് അന്വേഷണം ആരംഭിച്ചേ തീരൂ. ആധുനിക സസ്യശാസ്ത്രജ്ഞന്മാർ തെങ്ങിന്റെ ജന്മനാട് പോളിനേഷ്യയും സിലോണുമാണെന്ന് സംശയിക്കുന്നു. അപ്പോൾ ഒരു പോളിനേഷ്യൻ സംസ്ക്കാരത്തിന്റെ കുടിയേറിപ്പാർപ്പ് ആദികേരളത്തിൽ ഉണ്ടായതായി സംശയിക്കണം. പരശുരാമ ഐതിഹ്യത്തിന്റെ നൂൽപ്പാലത്തിൽ കെട്ടിയുയർത്തിയിട്ടുള്ള ചരിത്രത്തിന്റെ വർണ്ണപ്പകിട്ടേറിയ ഈ കടലാസുകോട്ട ശാസ്ത്രപുരോഗതിയുടെ പ്രവാഹത്തിൽ വിലയംപ്രാപിച്ചുവരികയാണ്. ബ്രാഹ്മണകുടിയേറിപ്പാർപ്പുകാലം ബി.സി.രണ്ടാം നൂററാണ്ടിനപ്പുറത്തായിരുന്നില്ല എന്ന കാര്യത്തിൽ ഭിന്നാഭിപ്രായക്കാരായ ചരിത്രകാരന്മാർ യോജിക്കുന്നുണ്ട്. അതിനപ്പുറത്തേക്ക് കടന്നുനില്ക്കാൻ ഉപയുക്തമായ രേഖകൾ കാണുന്നില്ല. ബ്രാഹ്മണസംസ്ക്കാരത്തിന്റെ പരിഷ്ക്കർത്താവായ പരശുരാമൻ പ്രസ്തുതകാലത്തിന്റെ നേതാവായിരിക്കുമല്ലോ. ചരിത്രത്തിന്റെ മറ്റൊരു ഭാഗത്ത് യുഗാന്തരംമാഞ്ഞുപോകാത്ത വേറെ ചില കുറിപ്പുകൾ കാണുന്നു. ക്രിസ്തുവിന് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് കേരളം വിദേശരാജ്യങ്ങളുമായി വ്യാപാരം നടത്തിയിരുന്നുവെന്ന് – അപ്പോൾ പരശുരാമകേരളത്തിന്നപ്പുറത്താണ് നടന്നതെന്ന് ആദ്യകാല കേരളസംസ്ക്കാരം വെളിപ്പെടുത്തുന്നു. ഈ വസ്തുതയുടെ വെളിച്ചത്തിൽ പരശുരാമവാദം നിരർത്ഥകമാണെന്ന് വരുന്നു. മഹാഭാരതം, രാമായണം, വായുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയപുരാണം, ചെന്തമിൾക്കാവും, കേരളോല്പത്തി, മെക്കൻസി മാനുസ്ക്രിപ്റ്റ് തുടങ്ങിയവയിൽ കേരളത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നുണ്ട്: സഹസ്രാബ്ദങ്ങൾക്കുമുമ്പ് കേരളക്കര സാംസ്ക്കാരികനിലവാരത്തിൽ ഉയർന്നിരുന്നെന്നും ഇവിടുത്തെ ആദിമനിവാസികൾ പ്രയത്നശാലികളായിരുന്നെന്നും വ്യക്തമാകുന്നു.

നമുക്കു വസ്തുനിഷ്ഠമായ സത്യത്തെ മാനിച്ചുകൊണ്ടുള്ള ഒരു കേരളചരിത്രമുണ്ടാകണമെങ്കിൽ അവിടെ ആദിമനിവാസികളെ സംബന്ധിച്ച് ഗവേഷണം നടത്താതെ തരമില്ല. കേരളത്തിലെ തീരപ്രദേശങ്ങളിലും മലയോരങ്ങളിലും അധിവസിക്കുന്ന ആദിമനിവാസികൾ, കൃഷിപ്പണിയിലേർപ്പെട്ട് പ്രയത്നിക്കുന്ന വർഗ്ഗങ്ങൾ, പുലയൻ, പറയൻ തുടങ്ങിയ അവാന്തരവിഭാഗങ്ങൾ, ഭൂരിപക്ഷം വരുന്ന ഈഴവർ അവരെല്ലാം ഇവിടുത്തെ പൗരാണികരാണ്. ഈ നാടിന്റെ അവകാശികളെ ബോധപൂർവ്വം പിൻതള്ളിക്കൊണ്ട് നിർമ്മിച്ചിട്ടുള്ള ചരിത്രരേഖകൾക്ക് പൊളിച്ചെഴുത്താവശ്യമാണ്. കേരളഭൂമിതന്നെ ഒരു

കാലത്ത് കടലിൽ വേലിയേററമുണ്ടായപ്പോൾ കരയായി പൊന്തിയതാണ്. തദനന്തരം ഉപദ്വീപുകൾ ഉയരുകയും കേരളനാട് വിശാലമായിത്തീരുകയും ചെയ്തു. ബി,സി നാനൂറിൽ ഇൻഡ്യ സന്ദർശിച്ച മെഗസ്തനീസ് ഇന്നത്തെ തൃപ്പൂണിത്തുറ കടൽവക്കത്തായിരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. കൊടുങ്ങല്ലൂരിനും കൊച്ചിയഴിക്കും മദ്ധ്യേ ഉയർന്നുവന്നിട്ടുള്ള വൈപ്പിൻദ്വീപ് ക്രിസ്ത്വബ്ദം 1341–ാണ്ടിനോടടുത്തുണ്ടായ വെള്ളപ്പൊക്കത്തിൽ കടൽ നീങ്ങിയുണ്ടായതാണ്. അങ്ങിനെ രേഖകളിൽക്കൂടെത്തന്നെ നമ്മുടെ നാടിന്റെ ഭൂശാസ്ത്രപരമായ ചരിത്രം നമുക്ക് കോർത്തെടുക്കാൻ കഴിയുന്നു. ഈ യാഥാർത്ഥ്യങ്ങളെ അതിലംഘിച്ചുകൊണ്ടുള്ള കെട്ടുകഥകളുടെ നിലനില്പ് ശുഭകരമല്ല. ഇടക്കാലത്ത് പ്രാകൃതരൂപത്തിലുള്ള ജനാധിപത്യഭരണം പോലും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. മൂന്നു കാലഘട്ടങ്ങളായി കേരളചരിത്രത്തെ ഭാഗിച്ചു പഠനം നടത്തണം. ബ്രാഹ്മണാധിപത്യത്തിനുമുമ്പു ജാതികളും വർണ്ണബന്ധങ്ങളുമില്ലാതെ അധിവസിച്ചിരുന്ന കാലം, രണ്ടാമത്തേതു ആത്മീയവാദികളായ ബ്രാഹ്മണരുടെ കാലം. ഈ കാലഘട്ടത്തിലുണ്ടായ പരിവർത്തനങ്ങളുടെ സ്വാധീനശക്തിയാണ് ഇന്നു നമ്മുടെ ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നത്. മൂന്നാമത്തെ കാലഘട്ടം ബുദ്ധമതം, വൈദേശികമതങ്ങൾ തുടങ്ങിയവയുടെ മുന്നേററത്തിന്റെ ചരിത്രം ഉൾക്കൊള്ളുന്നത്. ഇങ്ങിനെ മൂന്നായി അപഗ്രന്ഥിച്ച് ഗവേഷണം നടത്തേണ്ടിയിരിക്കുന്നു.

കേരളചരിത്രപ്രധാനമായ ഏതാനും ഗ്രന്ഥങ്ങൾ കഴിഞ്ഞ ആറുവർഷങ്ങൾക്കിടയിൽ പുറത്തുവന്നിട്ടുണ്ട്. കേരളോല്പത്തിയുടെ നിർമ്മാണവീക്ഷണത്തെ പിന്തുടർന്നാണ് ആരംഭത്തിൽ കേരളചരിത്രം എഴുതിത്തുടങ്ങിയത്. 1868–ൽ പ്രസിദ്ധികരിച്ച പാച്ചുമൂത്തതിന്റെ തിരുവിതാംകൂർ ചരിത്രമാണ് ചരിത്രകാരന്മാർക്ക് നിർമ്മാണപ്രചോദനം നല്കിയത്. അതിനെത്തുടർന്നു സർ, ടി. മാധവറാവുവിന്റെ തിരുവിതാംകൂർ രാജകീയചരിത്രവും പേഷ്ക്കാർ ശങ്കുണ്ണിമേനോന്റെ ബൃഹത് തിരൂവിതാംകൂർ ചരിത്രവും പുറത്തുവന്നു. ഈ ഗ്രന്ഥങ്ങളിലെല്ലാം തിരുവിതാംകൂർ രാജാക്കന്മാരുടെ പ്രതാപകാലത്തെ കേരളചരിത്രവുമായി കൂട്ടിയിണക്കുകയാണ് ചെയ്യുന്നത്. തിരുവിതാംകൂർ രാജവംശവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥപ്രമുഖന്മാരാണ് കേരളചരിത്രത്തിന്നു പ്രസ്തുത കാലഘട്ടങ്ങളിൽ സംഭാവനകൾ നല്കിയത്. പ്രൊഫസർ സുന്ദരം പിള്ളയുടെ ചരിത്രരേഖാവ്യാഖ്യാനം ആരംഭിച്ചതോടെ ഒരു പുതിയ വഴിത്താര ഈ മാർഗ്ഗത്തിൽ കണ്ടുതുടങ്ങി. ടി. ഗോപിനാഥറാവുവും ഈ മാർഗ്ഗത്തിൽ കനത്ത സംഭാവനകൾ നല്കി. സുന്ദരംപിള്ളയുടെ രേഖാസഞ്ചയം, ചരിത്രാന്വേഷികൾക്കു ലഭിക്കുന്നതിനുമുമ്പേ കേരളചരിത്രത്തിൽ ഒരു മഹാസംഭവമുണ്ടായി. വിദേശീയനായ വീല്യം ലോഗൻ എഴുതിയ മലബാർ മാനുവൽ വസ്തുനിഷ്ഠമായ ചരിത്രസത്യത്തെ മാനിച്ച് പ്രസിദ്ധീകരിച്ച ആദ്യത്തെ ചരിത്രഗ്രന്ഥമാണ്. ഇതൊരു പുതിയ സംഭവമായി പരിഗണിക്കാൻ നിഷ്പക്ഷമതികൾ തയ്യാറായി. ബലഹീനമായ കെട്ടുകഥകൾക്കു വിലയിരുത്താൻ ലോഗൻ തയ്യാറായില്ല. പ്രസ്തുത കെട്ടുകഥകളെ സംശയദൃഷ്ടിയോടും

യുക്തിചിന്തയോടുംകൂടി സമീപിക്കയും ചെയ്തു. ഇരുപതാം നൂററാണ്ടിന്റെ ആരംഭമായപ്പൊഴേയ്ക്കും ചരിത്രനിർമ്മാണത്തിൽ കുറെക്കൂടി മുന്നോട്ടു യാത്ര ചെയ്യാൻ ചില പ്രഗത്ഭന്മാർ തയ്യാറായി. പോർത്തുഗീസുകാരുടെയും ഡച്ചുകാരുടെയും ബന്ധം കൊണ്ടു കൊച്ചിക്കു ലഭിച്ച രേഖകൾ വെളിച്ചം കണ്ടത് ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിലാണെന്നു പറയാം. സി. അച്ചുതമേനോന്റെ കൊച്ചിൻ മാനുവൽ ചരിത്രത്തിൽ കൊച്ചിയുടെ പ്രാധാന്യം ഉയർത്തിക്കാട്ടി. കേരളചരിത്രത്തിന്റെ മറ്റൊരു നേട്ടമായി ഗണിക്കാവുന്ന ശ്രീ: കെ പി പത്മനാഭമേനോന്റെ കേരളചരിത്രത്തിൽ ആദ്യന്തം വൈദേശികസമ്പർക്കത്തിന്റെ സ്വാധീനം കാണാം. ഈ ഗ്രന്ഥം കാന്റർവീഷർ എന്ന ഡച്ചു പാതിരിയുടെ സുദീർഘങ്ങളായ എഴുത്തുകളെ അവലംബിച്ചു രചിച്ചതാണ്. തിരുവിതാംകൂറിലാണ് ചരിത്രസാഹിത്യത്തിന്നു വളർച്ച ലഭിച്ചതെന്നു ഒററ നോട്ടത്തിൽ കാണാം. വസ്തുനിഷ്ഠമായ ചരിത്രരചനയുടെ മാതൃക ശുദ്ധമായംഗീകരിക്കാൻ ഇവരിൽ പലർക്കും സാധിച്ചില്ല. ഇരുളടഞ്ഞ കാലഘട്ടങ്ങളിൽനിന്നു പകർത്തിയെടുത്ത ചില ഭാഗങ്ങൾ തുടച്ചുമിനുക്കാനാണ് ശ്രമിച്ചത്. പ്രാചീനകേരളത്തെപ്പററി ഗവേഷണം ഇപ്പോഴും പുരോഗമിച്ചിട്ടില്ല. സദസ്യതിലകൻ, നാഗവയ്യ തുടങ്ങിയവർ തിരുവിതാംകൂർ ചരിത്രത്തിന്റെ വ്യാപ്തിയെപ്പററി പഠനം നടത്തിയ പ്രസിദ്ധരാണ്. പുരാതന തമിഴ്സംഘം കൃതികളെപ്പററി കെ.ജി. ശേഷയ്യരുടെ ഗ്രന്ഥവും ചരിത്രസാഹിത്യത്തിലെ മുതൽക്കൂട്ടായി ഗണിക്കാം. ശ്രീമാൻ കെ. അനന്തകൃഷ്ണയ്യർ, എ. ബാലകൃഷ്ണപിള്ള, കെ.വി.കൃഷ്ണയ്യർ, ശൂരനാട്ട് കുഞ്ഞൻപിള്ള, കറുപ്പംവീട്ടിൽ ഗോപാലപിള്ള, ഇളംകുളം കുഞ്ഞൻപിള്ള തുടങ്ങിയവർ കേരളചരിത്രഗവേഷണത്തിൽ വിവിധ കാഴ്ചപ്പാടിലൂടെ പ്രവർത്തനം നടത്തിയ പ്രതിഭാസമ്പന്നരാണ്. ശ്രീ: ഇളംകുളം കുഞ്ഞൻപിള്ളയുടെ ഈയിടെയിറങ്ങിയ ഗ്രന്ഥങ്ങൾ ചരിത്രനിർമ്മാണഗതിയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ചരിത്രസാഹിത്യം അർഹിക്കുന്ന നിലയിൽ സമ്പന്നമായി തീർന്നിട്ടില്ലെന്നു ധരിക്കേണ്ടിയിരിക്കുന്നു. കുറവുകൾ വളരെയേറെ മുഴച്ചുകാണാമെങ്കിലും അതെല്ലാം നികത്തി ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ കണ്ടെത്തുന്നതായാൽ വ്യക്തമായ ചരിത്രം നിർമ്മിക്കാൻ കഴിയുമെന്നു വിശ്വസിക്കാം.

ഒരു സങ്കരസംസ്ക്കാരം ഇന്നു കേരളത്തിൽ നാം കാണുന്നു. ഈ സങ്കരസംസ്ക്കാരത്തിന്റെ കഥ വൈദേശികമതങ്ങളുടെ പ്രവേശനത്തോടുകൂടിയാണ് ആരംഭിക്കുന്നത്. വ്യാപാരത്തിന്നായി കേരളക്കരയിൽ വന്ന സഞ്ചാരികളുടെ കുറിപ്പുകളിൽ ഇതു രൂപം പ്രാപിച്ചുനില്ക്കുന്നു.

ജൂത, ക്രൈസ്തവ, മുസ്ലീം കുടിയേറിപ്പാർപ്പ് കേരളചരിത്രത്തിലെ വഴിത്തിരിവിനെ കാണിക്കുന്നു. കേരളത്തിലെ ജനങ്ങൾ കോളനികൾ കോളനികളായി ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും ചേർന്നതുകൊണ്ടാണ് ഇന്നു കാണുന്ന ലക്ഷക്കണക്കിനുള്ള ക്രൈസ്തവരും മുസ്ലീങ്ങളും ഒരു സങ്കരസംസ്ക്കാരത്തിന്റെ സന്തതികളാണെന്ന് പറയാൻ കഴിയുന്നത്. അവരുടെ കല

കളും ശാസ്ത്രവും ജീവിതരീതിയും കേരളീയർക്കു പകർന്നുതന്നു നമ്മുടെ വൈദ്യവും മററുവിധത്തിലുള്ള ആചാരക്രമങ്ങളും അവരും പകർത്തിയിട്ടു ണ്ട്. വിശ്വവിശാലവീക്ഷണം കേരളീയരിൽ നാമ്പെടുത്തുതുടങ്ങിയിട്ടുള്ളത് അവരുടെ സഹവർത്തിത്വം കൊണ്ടാണ്. വിദേശഭാഷകൾ പഠിക്കാൻ ഈ വിദേശികൾ പ്രോത്സാഹനം നല്കിയിരുന്നു. നമ്മുടെ ഭാഷയിലെ നാല്പതു ശതമാനം പദങ്ങളും ഈ വിദേശീയസമ്പർക്കം കൊണ്ടുണ്ടായതാണ്. കച്ചവ ടവേഴ്ചയും മതപ്രചരണവും ആണ് ഇതിനു നിദാനമായി നില്ക്കുന്നത്. ഇന്നത്തെ തഹസീൽദാരും, വക്കീലന്മാരും, മജിസ്ട്രേട്ടും, ഹർജിയും, കസ്ബയും, കൈമിളും,താക്കീതും, ജമയും, ജപ്തിയും, വസൂലാക്കലും, ജാമ്യവും, മാമൂലും, സർക്കാറും, മഹസറും, കത്തും, കീശയും, ശുപാർശ യും, കച്ചേരിയും, ശിപ്പായിയും, രസീതും, ദിവാനും, പേഷ്ക്കാരും, ഖജനാ വും, ഘഠാരിയും, സവാരിയും, സിക്കാരും മററും മററും പേഴ്സ്യൻ, ഉറുദ്, അറബി തുടങ്ങിയ വിദേശഭാഷകളിൽനിന്ന് നാം കടം വാങ്ങിയതാണ്. ഇതൊന്നും നമ്മുടെ മലയാളപദങ്ങളല്ല. ഭാഷാപദങ്ങളുടെ ഉല്പത്തിസ്ഥാ നത്തെ സംബന്ധിച്ച് ഗവേഷണം നടത്തുന്നവർക്ക് ഇത് വേഗം കണ്ടുപിടി ക്കാം.

നമ്മുടെ വസ്ത്രധാരണത്തിലും ജീവിതത്തിലും എന്തെന്തു മാററങ്ങ ളാണ് ഈ വിദേശികൾ വരുത്തിയത്. കോട്ടും നീണ്ട കാലുറയും നമുക്ക് ഒരു സ്വപ്നം ആയിരുന്നു. വസ്ത്രധാരണത്തിൽ ഒററമുണ്ടിന്റെ ഒററമൂലിക മാത്രമേ നമുക്കുണ്ടായിരുന്നുള്ളു. ആഴികൾക്കപ്പുറത്തുള്ള പലതും കണ്ടുപി ടിക്കാനും നാമിന്ന് ഔത്സുക്യം പ്രകടിപ്പിക്കുന്നുണ്ട്. ക്രൈസ്തവ മുസ്ലീം മത ങ്ങളുടെ വളർച്ചയ്ക്കു കാരണം ഇവിടെ നിലവിലുണ്ടായിരുന്ന വർണ്ണബ ന്ധവും ജാതിചിന്തയുമാണ്. ഏതു മതമായിരുന്നാലും ഉയരണം, വളരണം എന്ന അഭിലാഷം കേരളീയരിൽ കുടികൊണ്ടിരുന്നു.

പരന്ത്രീസ്, പോർച്ചുഗീസ്, ഡച്ച് തുടങ്ങിയ ശക്തികളുടെ പ്രവേശനം ആരംഭിച്ചിട്ട് ഏതാനും നൂററാണ്ടുകളേ ആയിട്ടുള്ളൂ. വ്യാപാരമത്സരംകൊണ്ട് നമ്മുടെ നാട്ടിൽ സ്വാധീനം ചെലുത്തിയ ഇവർ നമ്മുടെ ഐക്യത്തെ ചില ഘട്ടങ്ങളിൽ തകർത്തിട്ടുണ്ട്. ഇവരുടെ പ്രവേശനം രാജാധിപത്യവാഴ്ചയ്ക്ക് ചില കെടുതികൾ വരുത്തി. അതോടൊപ്പം നമ്മുടെ വിലയേറിയ ഉല്പന്നങ്ങ ളുടെ കുത്തകയും അവർ കയ്യടക്കി. നാട്ടുരാജാക്കന്മാരെ തമ്മിൽ അടിപ്പിച്ച് ഐക്യബന്ധം ശിഥിലീകരിപ്പിച്ച് നമ്മുടെ സമ്പത്ത് ചൂഷണം ചെയ്ത് ഇട യ്ക്കിടയ്ക്ക് കൊള്ളയും, കൊലയും, തീവെയ്പും നടത്തി പോർത്തുഗീസു കാർ നമ്മുടെ ചരിത്രത്തിൽ കരിപുരട്ടി. ബ്രിട്ടീഷ് ആധിപത്യത്തോടുകൂടി കേരളത്തിന് വാപൊത്തിനില്ക്കേണ്ടതായിവന്നു. ആ കഴിഞ്ഞകാലസംഭവ ങ്ങൾ അങ്ങകലെ മറഞ്ഞുതുടങ്ങിയിരിക്കുന്നു. എന്നാലും അതൊരു ചരിത്ര സംഭവമായി എന്നെന്നും ജീവിക്കുന്നു.

ചരിത്രമെന്നാലെന്ത്? ഈ ചോദ്യത്തിന്നുത്തരം ഗ്രീക്കുകാരും റോമാക്കാരും പല തരത്തിലാണ് പറഞ്ഞിട്ടുള്ളത്. സുന്ദരമായ നുണയാണെന്ന് ഒരു കൂട്ടർ, യഥാർത്ഥമായ സംഭവവിവരണമാണെന്ന് മറ്റൊരു കൂട്ടർ. രാഷ്ട്രങ്ങൾ, സമുദായങ്ങൾ, പ്രസ്ഥാനങ്ങൾ, ശാസ്ത്രങ്ങൾ തുടങ്ങിയവയുടെ പരിണാമം, അവയെ സംഘടിപ്പിക്കുകയും ആവിഷ്ക്കരിക്കുകയും ചെയ്ത വ്യക്തികൾ, അവയേയും അവരേയും സംബന്ധിച്ചുണ്ടായ സംഭവങ്ങൾ മുതലായവ സത്യസന്ധതയോടെ വിവരിക്കുന്നതാണ് യഥാർത്ഥത്തിൽ ചരിത്രം. ഭൂതകാലസംഭവങ്ങളെ ആധുനികയുഗത്തിന്റെ സ്വഭാവത്തിനനുസരിച്ച് സമുദായത്തിന്റെ ജ്ഞാനപ്രവൃദ്ധതയെ ലാക്കാക്കി പരിശോധിക്കുകയാണ് ചരിത്രം ചെയ്യുന്നത്. ചരിത്രത്തിന്റെ ആവിഷ്ക്കരണഭംഗി മികച്ചതാണെങ്കിൽ വായനക്കാരെ ഹഠാദാകർഷിയ്ക്കുവാൻ കഴിയുന്നു. കാർലൈനിന്റെ ഫ്രഞ്ചു ചരിത്രം അതിന്നൊരുദാഹരണമാണ്. ചരിത്രനിർമ്മാണത്തിന് ബലിഷ്ഠമായ ഒരടിത്തറ സൃഷ്ടിക്കുന്ന പ്രവൃത്തിയിലാണ് ഭൂഖനനവിദഗ്ദ്ധന്മാരും ഗവേഷകന്മാരും വ്യാപൃതരായിരിക്കുന്നത്. പൂർവ്വകാലചരിത്രമാണ് ഗവേഷകന്മാർക്ക് ഉത്തേജനം നല്കുന്നത്. ഗവേഷണത്തിൽ വ്യാപൃതനായിരിക്കുന്ന വ്യക്തിക്ക് നിഷ്പക്ഷതാമന:സ്ഥിതിയില്ലെങ്കിൽ അതിന്റെ ദൌർബ്ബല്യം നിഴലിച്ചുകാണും. സ്വപക്ഷീയതാല്പര്യങ്ങൾക്കായി വസ്തുതകളെ വളച്ചൊടിച്ചതിന്റെ ദുരന്തഫലം നാം ഇന്ന് അനുഭവിയ്ക്കുന്നുണ്ട്. പ്രസിദ്ധ ജർമ്മൻ ചരിത്രകാരനായ റാങ്കിയുടെ അഭിപ്രായം ശ്രദ്ധേയമാണ്. ''ദൃഷ്ടികൾ നഷ്ടപ്പെടുത്തിയാൽ ഒരു മൃഗത്തെക്കൊണ്ടുള്ള പ്രയോജനം നഷ്ടപ്പെടുന്നു. അതുപോലെ സത്യദീക്ഷയില്ലാതെ ഏതെങ്കിലും പ്രവണതയെ അനുയാനംചെയ്തുകൊണ്ട് ചരിത്രഗവേഷണം നടത്തി ലഭിയ്ക്കുന്നത് പ്രയോജനരഹിതമായ വെറും കഥ മാത്രമാണ്.''

ശാസ്ത്രത്തിന്റെ അഖണ്ഡതയിലുള്ള പാശ്ചാത്യരുടെ വിശ്വാസവും അദ്ധ്യാത്മകതയുടെ ശ്രേഷ്ഠതയിലുള്ള പൌരസ്ത്യരുടെ വിശ്വാസവും ചരിത്രനിർമ്മാണത്തെ തെററിയ വഴികളിലേക്ക് നയിച്ചിട്ടുണ്ട്. പൌരസ്ത്യരുടെ മതാരാധനകൃതികളായ വേദങ്ങൾക്ക് അനർഹമായ പ്രാമാണ്യം നല്കി യഥാർത്ഥ ചരിത്രവസ്തുതകളാണെന്ന് പാശ്ചാത്യരിൽ ചിലർ സ്ഥാപിച്ചു. പാശ്ചാത്യരുടെ പ്രാചീനചരിത്രഗവേഷണം മാക്സ്മുള്ളനെപ്പോലെയുള്ളവർ വെട്ടിത്തുറന്ന വഴിയിലൂടെ വളർന്നതും ശാസ്ത്രീയഗവേഷണത്തിന്റെ വളർച്ചയെ തടഞ്ഞിട്ടുണ്ട്. പരിത:സ്ഥിതിക്ക് പാരമ്പര്യത്തേക്കാൾ വളരെയധികം ശക്തിയുണ്ടെന്ന് പാശ്ചാത്യരുടെ വിശ്വാസവും നിർമ്മാണപുരോഗതിയെ സാരമായി തടഞ്ഞു. ''യഥാർത്ഥമായ നരവംശീയചരിത്രസംഭവസ്മരണകളാണ് ജനകീയ ഐതിഹ്യകഥകൾ ഉൾക്കൊള്ളുന്ന ശാസ്ത്രവിഭാഗം. ശാസ്ത്രത്തിൽ ആധുനികതയ്ക്കുള്ള വിശ്വാസക്കുറവും, ഇന്നത്തെ പുതിയ കണ്ടുപിടുത്തങ്ങളും, പഴയ ദേശീയത്വത്തിന്റെയും അതിന്റെ ഉപസിദ്ധാന്തങ്ങളുടെയും അതായത് ഓരോ ദേശത്തിന്റെയും സംസ്ക്കാരം എല്ലാത്തിലും ഉയർന്നതാണെന്ന് സ്വയം നിശ്ചയവും മററുള്ളവരോട് കടപ്പാടില്ലാത്തവരും

നേരെമറിച്ച് എല്ലാത്തിനും സ്വന്തം സംസ്ക്കാരത്തോട് കടപ്പാടുണ്ടെന്ന് ശഠിക്കുന്ന സങ്കുചിതത്വവും ചരിത്രപഠനത്തെ പ്രാകൃതാവസ്ഥയിൽ നിർത്തിയിരിയ്ക്കുകയാണ്. ഈ സ്തംഭനത്തിന് മാററം വരണമെങ്കിൽ സമാദരണീയമായ നിഷ്പക്ഷമന:സ്ഥിതിയും സർവ്വലോകദൃഷ്ടിപൂർവ്വമുള്ള താരതമ്യപഠനവും ഉണ്ടായേ തീരൂ. പൂർവ്വകാലചരിത്രഗവേഷണം വളർന്നാലേ ആധുനികഗവേഷണത്തിന് പിടിച്ചുനില്ക്കാൻ കഴിയുകയുള്ളു. ഭൂലോകസംഭവങ്ങളെക്കുറിച്ച് നമുക്കുള്ള പരിജ്ഞാനത്തിൽ ഏതെങ്കിലും പരിവർത്തനം ഉണ്ടായാൽ ഇത് നമ്മുടെ ഇന്നത്തെ പ്രവർത്തനരീതിയിലും പരിവർത്തനം ഉണ്ടാക്കും'' എന്ന് പ്രസിദ്ധ ചരിത്രാന്വേഷകനായ ഡോ: വിൻഡ് ചൂണ്ടിക്കാട്ടുന്നു. പണ്ടത്തെ അബദ്ധജല്പനങ്ങൾക്ക് മാററം വന്നാലെ ലോകത്തിന്നാവശ്യമായ സഹിഷ്ണുതാപൂർവ്വമായ സാംസ്ക്കാരികഐക്യത്തിന് എന്തെങ്കിലും സംഭാവന ചെയ്യുവാൻ കഴിയുകയുള്ളു. സങ്കുചിതചരിത്രനിർമ്മാണത്തെപ്പററി മഹാനായ റൊമാങ്ങ് റൊള്ളാങ്ങ് പറഞ്ഞതിങ്ങനെയാണ്: ''ഓരോ നരവംശത്തിനും ഓരോ കലയ്ക്കും അതതിന്റെ കാപട്യമുണ്ടായിരിക്കും. ലോകം അല്പം സത്യവും അധികം അസത്യവും ഭക്ഷിച്ചുവളരുന്നു. മനുഷ്യമനസ്സ് ദുർബലമായ ഒന്നാണ്. അശുദ്ധസത്യം അതിന് ദഹനക്കേടുണ്ടാക്കുന്നു. അതിന്റെ മതം, ധർമ്മശാസ്ത്രം, രാഷ്ട്രങ്ങൾ, കവികൾ, കലാകാരന്മാർ എന്നിവ എല്ലാററിനേയും വ്യാജങ്ങൾകൊണ്ട് പൊതിഞ്ഞുമാത്രമേ അതിനു നല്കാവൂ. ഓരോ നരവംശത്തിന്റെയും മന:സ്ഥിതിക്ക് യോജിച്ചതായിരിക്കും ഈ വ്യാജങ്ങൾ. ഇവ നരവംശമനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഇവയാണ് ദേശങ്ങൾ തമ്മിൽ പരസ്പരം മനസ്സിലാക്കുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതും അവ തമ്മിൽ പരസ്പരം നിന്ദിക്കുന്നതിന് വളംവെച്ചുകൊടുക്കുന്നതും. നമുക്കെല്ലാവർക്കും വേണ്ട സത്യം ഒന്നുതന്നെയാണ്. എന്നാൽ ഓരോ നേഷനും അതിന്റെ പ്രത്യേകതരം വ്യാജങ്ങൾ ഉണ്ടായിരിക്കും. ഇവയെ ആദർശസഞ്ചയം എന്ന് പേരിടാം. ആ ദേശത്തിലെ ഓരോ വ്യക്തിയും ജനനം മുതൽക്ക് മരണം വരെ ഇത് വിശ്വസിച്ചുപോരുന്നു. ഇത് ജീവിതത്തോട് അഭേദ്യമായിട്ടുള്ള ഒരു പരിത:സ്ഥിതിയായി മാറിയിട്ടുണ്ട്. ആപൽസന്ദർഭങ്ങളിൽ ഇതിന്റെ ചങ്ങല പൊട്ടിച്ചെറിയാൻ സാധിക്കുന്ന പ്രതിഭാശാലികൾ വളരെ അപൂർവ്വമായി മാത്രമേ ഉണ്ടാകാറുള്ളു. തങ്ങളുടെ ചിന്താലോകത്തിലെ ശുദ്ധവായു ശ്വസിക്കുമ്പോഴാണ് ഇവർ ചങ്ങല പൊട്ടിച്ചെറിയുന്നത്.'' തലമുറകളായി മനുഷ്യഹൃദയങ്ങളിൽ പററിപ്പിടിച്ചു വളർന്ന വിശ്വാസങ്ങളുടെ ഗതിയാണ് ചരിത്രത്തെ നിയന്ത്രിച്ചത്. ഭൗതികവീക്ഷണം ഈ ഗതിയെ ശാസ്ത്രത്തിന്റെ വഴിത്താരയിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുകയാണ്.

ചരിത്രാതീതകാലത്തെ ഗവേഷണം അത്ര എളുപ്പം സാധിക്കാവുന്ന കാര്യമല്ല. അക്കാര്യത്തിൽ അക്ഷീണമായ പ്രവർത്തനവും, അവഗാഢമായ പഠനവും, സർവ്വോപരി നിഷ്പക്ഷതാവീക്ഷണവും, ക്ഷമയും ആവശ്യമാണ്. ഇതേവരെ ഉണ്ടായിട്ടുള്ള ചരിത്രാതീതഗവേഷണത്തെ പഠനത്തിനായി പാക

പ്പെടുത്തുമ്പോൾ ഒമ്പതു മാർഗ്ഗങ്ങൾ അതിൽ കാണാം. ഭാഷാശാസ്ത്രപരമായ മാക്സ്മുള്ളരുടെ മാർഗ്ഗം, മിസ്റ്റിക്മതപരമായ അരവിന്ദഘോഷിന്റേത്,. ജ്യോതിശാസ്ത്രപരമായ ഡോ: ശ്യാമശാസ്ത്രിയുടെത്, ഭൂഗർഭശാസ്ത്രപരമായ ശ്രീ പരമശിവയ്യരുടെത്, നരവംശശാസ്ത്രപരമായ ഫ്രെഡറുടേത്, തനിചരിത്രശാസ്ത്രപരമായ പാർജ്ററരുടേത്, ഭൂമിശാസ്ത്രപരമായ ഡോ: കിർഫലിന്റേത്, പുരാതനസ്ഥലഖനനത്തെ ആസ്പദിച്ചുള്ള ഫ്ളിൻഡേഴ്സ് പെട്രിയുടേത്, കല്പകാലഗണിതശാസ്ത്രപ്രകാരമുള്ള കേസരി എ.ബാലകൃഷ്ണപിള്ളയുടെത് ഇവയെല്ലാമാണ് ഈ മാർഗ്ഗങ്ങൾ. ഈ മാർഗ്ഗങ്ങൾ മനസ്സിലാക്കി ഗവേഷണകുതികികൾ പരിശ്രമിച്ചാൽ പലതും കണ്ടുപിടിക്കാം. പുരാതനകേരളത്തിന്റെ രൂപം കല്പകാലഗണിതപ്രകാരം കേസരി കണ്ടുപിടിച്ചിട്ടുണ്ട്. പ്രളയകാലത്തെ കഥയും ആഴിയിൽനിന്ന് ഉയർന്ന കാര്യവും സോദാഹരണം പ്രഗത്ഭനായ ആ ഗവേഷകപണ്ഡിതൻ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. പിടികിട്ടാത്ത ആദികാലചരിത്രം തന്നെയാണ് ആദ്യമായി ഗവേഷണം നടത്തിസമ്പാദിക്കേണ്ടത്. അടിത്തറയില്ലാത്ത കെട്ടിടം പണിയുന്ന സ്വഭാവം ഇനി ആവർത്തിക്കരുത്. ശാസ്ത്രീയവീക്ഷണം ഇക്കാര്യത്തിൽ ഉണ്ടായാൽ അതൊരു നേട്ടമായിരിക്കും.

## 2. വിദേശബന്ധങ്ങൾ

കേരളത്തിന്റെ അതിപ്രാചീനചരിത്രം അവ്യക്തമാണെങ്കിലും ചരിത്രാന്വേഷണത്തിന് സ്ഥിരോത്സാഹികൾക്ക് ആശയും ആവേശവും നല്കാൻ പര്യാപ്തമാണ്. ദക്ഷിണേന്ത്യൻ രാജ്യങ്ങളായ പാണ്ഡ്യ, ചോള, ചേര എന്നിവയുമായി വ്യാപാരസമ്പർക്കം പുലർത്താൻ ക്രിസ്തുവിനുമുമ്പ് രണ്ടായിരമാണ്ടിൽ കാൽഡികന്മാർ പരിശ്രമിച്ചതായി ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. അറബികളും, ജൂതന്മാരും, സോമാലികളും പ്രവേശിക്കുന്നതിനുമുമ്പുതന്നെ പൌരാണികറോമാക്കാർ കേരളത്തിലെത്തിയിരുന്നു. പക്ഷെ ചരിത്രസംബന്ധിയായ രേഖകൾ ബി,സി നാലാം ശതകത്തിനും മൂന്നാം ശതകത്തിനുമിടയ്ക്കുള്ളതാണ് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്. എന്നാലും ചേരമെന്ന പേരിൽ കേരളാധിപത്യം നടത്തിയ രാജവംശത്തിന്റെ ചരിത്രം ഇന്നും ഇരുളടഞ്ഞുകിടക്കുകയാണ്. പ്രാചീനതമിഴ്നാടിന്റെ ആധിപത്യം വഹിച്ചിരുന്ന ചേരരാജ്യത്തെപ്പററി തമിഴ്ഗ്രന്ഥങ്ങൾ ഏറെക്കുറെ വിവരങ്ങൾ നല്കുന്നുണ്ട്. രണശൂരന്മാരായ രാജാക്കന്മാർ അക്കാലത്ത് കേരളനാടിന്റെ അതിർത്തി വികസിപ്പിക്കാൻ പടയുമായി ഉത്തരദേശങ്ങളിൽ പാഞ്ഞുകയറിയതായി ചരിത്രരേഖകൾ പറയുന്നു. അന്നത്തെ ഔദ്യോഗികഭാഷയായ പ്രാകൃതദ്രാവിഡതമിഴ്സാഹിത്യത്തിൽ പടയോട്ടക്കാലത്തെ വീരാപദാനങ്ങൾ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ചിലപ്പതികാരം, മണിമേഖല, പതിററുപത്ത്, അകനാനൂറ്, പുറനാനൂറ് തുടങ്ങിയ ഏതാനും പ്രാചീനതമിഴ്ഗ്രന്ഥങ്ങൾ അക്കാലത്തെ രാജ്യമീമാംസയിലേക്ക് വെളിച്ചം വീശുന്നു. പെരിക്ലീസിന്റെ കാലത്തെ ആതൻസുപോലെ ചെങ്കുട്ടവഭരണകാലത്ത് കേരളത്തിനും ഒരു സുവർണ്ണദശയുണ്ടായിരുന്നു. റോമും ഗ്രീസും വ്യാപാരവികസനം നേടിയ ആ കാലഘട്ടങ്ങളിൽതന്നെ കേരളം പ്രസ്തുതരാജ്യങ്ങളുമായി ബന്ധപ്പെട്ടു.

ഭാരതസംസ്ക്കാരത്തിന്റെ വ്യാഖ്യാതാക്കളായ കാർത്ത്യായനും പതഞ്ജലിയും കേരളത്തെപ്പററി സ്പർശിച്ചിട്ടുണ്ടെങ്കിലും അവഗാഢമായ ഒരു പഠനത്തിന് പര്യാപതമായിരുന്നില്ല ആ വിവരണങ്ങളെന്ന് ചരിത്രാന്വേഷകനായ കിൽഹോൺ പറയുന്നു. മഹാഭാരതം, രാമായണം, വായുപുരാണം, മത്സ്യപുരാണം, ഭാഗവതം, മാർക്കണ്ഡേയപുരാണം തുടങ്ങിയ കൃതികളിലും ചിലതെല്ലാം പറഞ്ഞിട്ടുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം അതത്രയും വസ്തുനിഷ്ഠമായ ചരിത്രനിർമ്മാണത്തിന് കരുക്കളായെടുക്കാൻ നമ്മുടെ ചരിത്രകാരന്മാർ തയ്യാറായിട്ടില്ല. കഴിയുന്നത്ര രേഖകൾ വിദേശങ്ങളിൽനിന്നുതന്നെയാണ് ചരിത്രനിർമ്മാണത്തിന് ശ്രീ.കെ.പി. പത്മനാഭനെപ്പോലെയുള്ള പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളത്. ഭാഷാപരമായി ദുർഗ്രഹമായ ചില വ്യാഖ്യാനങ്ങൾ ഒഴിച്ചുനിർത്തിയാൽതന്നെ ആ രേഖകൾക്ക് നമ്മുടെ ഇതിഹാസങ്ങളേക്കാൾ കനം തൂക്കം കാണും. പ്ലീനിയുടെയും ടോളമിയുടെയും

നാമങ്ങൾ കേരളചരിത്രനിർമ്മാണത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനശക്തി മികച്ചതാണ്.

ക്രി.മു.390–ൽ ഗാളുകൾ എന്ന സാഹസികരായ പടയാളികൾ റോമിനെ ആക്രമിച്ചപ്പോൾ അവർക്ക് അപഹരിക്കാൻ സാധിച്ച വിലപിടിച്ച വസ്തുക്കളിൽ കുരുമുളക് പെട്ടിരുന്നു. റോം പൌരസ്ത്യരാജ്യങ്ങളുമായി നൂററാണ്ടാകളായി നടത്തിപ്പോന്ന വ്യാപാരബന്ധംകൊണ്ട് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. റോമാക്കാരുടെ ഖജനാവിൽ വിലയുള്ള വസ്തുവായി എണ്ണിയിരുന്നത് കുരുമുളകും ലോഹവുമാണ്. ഈ വസ്തുക്കൾ ദക്ഷിണേന്ത്യയിൽനിന്നാണ് സംഭരിച്ചിരുന്നത്. റോമക്കാർ ക്രി.മു.ആയിരത്തിഒരുനൂറിൽത്തന്നെ അസംഘടിതമായിട്ടാണെങ്കിലും വിദൂരദേശങ്ങളിലേക്ക് കപ്പലോടിച്ചിരുന്നു. പല ഘട്ടങ്ങളിലും പരാജയമാണ് അവരെ അഭിമുഖീകരിച്ചത്. എല്ലാ പരാജയങ്ങൾക്കും വിജയത്തിന്റേതായ വിശ്വാസമുള്ളതുകൊണ്ട് ആരും പിന്തിരിയാറില്ല. അങ്ങിനെ സംഘടിതരും സുശിക്ഷിതരുമായ റോമൻ നാവികർ സീസർ അഗസ്റ്റസിന്റെ ഈജിപ്ത് ആക്രമണകാലത്ത് ചെങ്കടലിന്റെ അധികാരവും വഹിച്ചുകൊണ്ട് ഒരു യാത്രയാരംഭിച്ചു. ഈ സംഘം കാററിലകപ്പെട്ട് പരാജയപ്പെട്ടെങ്കിലും സീസ്സർ ക്ലോഡിയസ്സിന്റെ കാലത്ത് വീണ്ടും യാത്രയാരംഭിച്ചു. അവർ വഴിതെററി കേരളതീരത്തെത്തി. അറേബ്യൻതീരത്തുകൂടിയല്ലാതെയും ദക്ഷിണേന്ത്യയിലെത്താമെന്ന് അവർ ഗ്രഹിച്ചു. തുടർന്ന് ഈജിപിതുകാരും റോമാക്കാരും തുരുതുരെ കേരളത്തിലെത്താൻ തുടങ്ങി. ഈജിപ്തിൽനിന്നു രണ്ടുമാസവും പത്തുദിവസവും കൊണ്ട് ഐശ്വര്യത്തിന്റെ സങ്കേതമായ കേരളത്തിലെത്തിച്ചേരാമെന്ന് വന്നതോടെ കാലവർഷക്കാററിന്റെ ഗതിയും ഈ യാത്രക്കാർ മനസ്സിലാക്കി. റോമക്കാരുടെ ഈ യാത്രയാണ് കേരളത്തെ വിദേശവിപണികളുമായി വേഗത്തിൽ ബന്ധിച്ചത്. നാവികവീരനായ ഹിപ്പാലുസ്സുവിന്റെ പേരിൽ 'ഹിപ്പാലോ–മൂസ്സരി' എന്ന കച്ചവടക്കപ്പലും റോമക്കാർ കേരളവ്യാപാരത്തിനായി നിർമ്മിച്ചു. ഹിപ്പാലുസ്സുവാണ് കാലവർഷക്കാററിനെ റോമിന് പരിചയപ്പെടുത്തിക്കൊടുത്തത്.

റോമിലെ പ്രതാപശാലിയായ സീസർ അഗസ്റ്റസിന്റെ സ്മരണയ്ക്കായി കേരളതലസ്ഥാനത്ത് ഒരു ഗംഭീരദേവാലയം പണിയിച്ചു. ഒന്നാം കാർത്തേജുയുദ്ധക്കാലത്ത് ഈ ദേവാലയാങ്കണത്തിൽനിന്ന് റോമാപടയാളികൾ പ്രതിജ്ഞാബദ്ധരായി പോർവിളിയോടെ പുറപ്പെട്ടിരുന്നു. അന്നത്തെ തമിഴ്കാവ്യങ്ങളിൽ 'യവനർ' എന്ന പേരിൽ റോമാക്കാരെ വിശേഷിപ്പിച്ചിരുന്നു. റോമിൽതന്നെ കൂട്ടക്കൊലകളും തകർച്ചയും തല പൊക്കിയപ്പോൾ കേരളവ്യാപാരം തകിടം മിറഞ്ഞു. മററു വിദേശികൾ കേരളതീരത്ത് പ്രതാപവാന്മാരായി. ക്രിസ്തുവിനുശേഷം ഇരുനൂററിമുപ്പതുകൊല്ലം റോമക്കാർ തന്നെയായിരുന്നു കേരളത്തിലെ വാണിജ്യപ്രമുഖന്മാർ. അലക്സാണ്ടറിയപട്ടണം അധ:പതിച്ചപ്പോൾ റോമക്കാർ കച്ചവടകുത്തകയിൽനിന്ന് പുറംതള്ളപ്പെട്ടു. എന്നാലും കേരളത്തിന്റെ യശോധാവള്യം ലോകത്തിന്റെ പ്രധാന സങ്കേതങ്ങ

ളിൽ ചെന്നെത്തിയത് റോമക്കാരുടെ സ്ഥിരസമ്പർക്കംകൊണ്ടാണെന്ന കാര്യം വിസ്മരിച്ചുകൂടാത്തതാണ്.

കേരളത്തിലെ കുരുമുളകിന്റെ എരിവും വീര്യവും വിദേശികളെ മത്തുപിടിപ്പിച്ചിരുന്നെന്നാണു ചരിത്രമുൽഘോഷിക്കുന്നത്. അനന്തമായ അറബിക്കടലിന്റെ വിരിമാറിൽ കപ്പൽ പടയാളികൾ നമ്മുടെ കുരുമുളകിന്നായി യുദ്ധം ചെയ്തു മരിച്ചുവീണിട്ടുണ്ട്.റോമിൽ നടന്ന മിക്ക യുദ്ധങ്ങളുടെയും കടിഞ്ഞാൺ പിടിച്ചിരുന്നത് കേരളത്തിലെ കുരുമുളകായിരുന്നു. കുരുമുളകിന്റേതായ ആ പ്രതാപകാലം ഇന്ന് കേരളീയർക്ക് ഒരു കടംകഥയായിത്തീർന്നിരിക്കുന്നു. ക്രിസ്താബ്ദാരംഭത്തിൽ ലോകശ്രദ്ധയെ മുഴുവനും തന്നിലേക്കാകർഷിക്കാൻ ഈ കൊച്ചു കുരുമുളകിന് കഴിഞ്ഞു. പ്രസിദ്ധ ഗ്രീക്ക് പരിണാമവാദിയായ ഫെറാക്ലീററസിന്റെ കാലത്തും, റോമിൽ പ്ലബിയന്മാരും പാററ്റിഷിയന്മാരും യുദ്ധം ചെയ്തിരുന്ന കാലത്തും കുരുമുളക് വിലപിടിപ്പുള്ള വസ്തുവായി ഗണിക്കപ്പെട്ടു. ഇവരുടെ യുദ്ധത്തിൽ പാററ്റിഷിയന്മാർ എതിരാളിക്ക് യുദ്ധകടം എന്ന നിലയ്ക്ക് വസ്തുക്കൾ കൈമാററം ചെയ്തപ്പോൾ കുരുമുളകും സ്ഥാനം പിടിച്ചിരുന്നു. വിവാഹവേളയിലും കുരുമുളകിന് പ്രാധാന്യം നല്കിയിരുന്നു. കലവറയിലും ചികിത്സാകേന്ദ്രങ്ങളിലും കുരുമുളക് സുലഭായി ഉപയോഗിച്ചിരുന്നു. ഔഷധവീര്യമുള്ള കുരുമുളകിന് രാജകൊട്ടാരത്തിൽ പ്രത്യേകം സൂക്ഷിപ്പുകാരനുണ്ടായിരുന്നു. ഹിപ്പോക്രാററസിന്റെ  വൈദ്യനിർദ്ദേശങ്ങളിലും കൊൽസസ്സിന്റെ പ്രായോഗികവൈദ്യസിദ്ധാന്തത്തിലും കുരുമുളകിനെപ്പററി പറഞ്ഞിട്ടുണ്ട്. റോമൻ യുദ്ധങ്ങളിൽ വിജയിക്കുന്നവർക്ക് സമ്മാനം നല്കുമ്പോൾ കുരുമുളകും നല്കിയിരുന്നു. യുദ്ധക്കരാറുകളിൽ കുരുമുളക് ഗണ്യമായ സ്വാധീനശക്തി ചെലുത്തിയതോടെ വിലക്കയററമുണ്ടായി.

ലക്ഷം 'ദിനാരി'ന്ന് കുരുമുളകുകൂടി കൈക്കൂലി കൊടുത്തിട്ടാണ് ക്രി. മു.118-ൽ നടന്ന യുദ്ധത്തിൽ ജൂഗാർത്ത എന്ന രാജാവ് റോമാസൈന്യാധിപനെ സ്വാധീനിച്ചത്.

കുരുമുളകിൽ കമ്പംകേറിയ റോമാക്കാരെ പ്ലീനിതന്നെ തന്റെ ലേഖനങ്ങളിൽ പരിഹസിച്ചിട്ടുണ്ട്. ''സ്വാദുള്ള ഫലവർഗ്ഗങ്ങളിലോ മററു ഭക്ഷണസാധനങ്ങളിലോ ചേർക്കാൻ ഗുണമൊന്നും  കുരുമുളകിനില്ല. കൃത്രിമസ്വാദുണ്ടാക്കി അമിതഭക്ഷണം കഴിക്കാനാഗ്രഹിച്ച ചിലരായിരിക്കും ഈ സാധനം റോമാക്കാർക്ക് പരിചയപ്പെടുത്തിയത്. കുരുമുളകിന്റെ എരിവും വീര്യവും റോമാക്കാരെ മത്തുപിടിപ്പിച്ചിരിക്കുകയാണ്.'' *വിദഗ്ദ്ധരായ ലേഖകന്മാർ പലരും കുരുമുളകിന്റെ മേൽക്കോയ്മാവകാശത്തെയും റോമൻകാരുടെ വ്യാപാരമത്സരബുദ്ധിയേയും പററി അത്ഭുതം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നിട്ടും കേരളത്തിലെ കുരുമുളകിന്റെ സന്ദേശം തന്നെ വിജയിച്ചു. മുത്ത്, മിനുസമുള്ള തുണിത്തരങ്ങൾ, വനവർഗ്ഗങ്ങൾ എന്നിവയും അന്നത്തെ കച്ചവടച്ചര

ക്കുകളിൽപ്പെട്ടിരുന്നു. ചൈനയും ഉപദ്വീപുകളുമായും ഈ കച്ചവടം നിർബ്ബാദം നടന്നു. വീഞ്ഞ്, കണ്ണാടി, ലോഹസാധനങ്ങൾ എന്നിവ കേരളത്തി ലിറക്കുമതിചെയ്തിരുന്നു.

അറബികളാൽ സംബോധനചെയ്യപ്പെടുന്ന ''മലബാറി''ന്നു മുമ്പുതന്നെ പല പേരുകളും കേരളത്തിന്നുണ്ടായിട്ടുണ്ട്. റോമൻ ചരിത്രകാരന്മാരിൽ കേര ളത്തിലെ പ്രധാനവ്യാപാരകേന്ദ്രങ്ങളെക്കുറിച്ചു കൂടുതൽ അന്വേഷിച്ചറിഞ്ഞി ട്ടുളള പണ്ഡിതനായിരുന്നു പ്ലീനി. റോമാക്കാർ കേരളത്തിലെ വ്യാപാരക്കു ത്തകകൈയ്യടക്കിയ കാലത്ത് എഴുതിയിട്ടുള്ള ഒരു പ്രമാണഗ്രന്ഥമാണ് 'പെരി പ്ലീസ് ഓഫ് ദി എരിത്രീനസി'. ടോളമിയും അദ്ദേഹത്തിനുശേഷം കേരളപര്യ ടനം ചെയ്തവരും പല പേരുകളും വ്യാപാരകേന്ദ്രങ്ങൾക്കു നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രതാപകാലത്ത് വ്യാപാരനേതൃത്വം നൽകിയ മുസ്സരിസ്സി(കൊ ടുങ്ങല്ലൂർ)നു പത്തിലധികം ഉപനാമങ്ങളുണ്ട്. തമിഴ് ഐതിഹ്യങ്ങളിൽ വിദേ ശികളുടെ നാമങ്ങളുമായി ബന്ധമുള്ളതും കാണാം. കുരുമുളക് വിപണിയാ യിരുന്നു 'മുസരിബന്ദർ'. റോമാക്കാരെ പുളകംകൊളളിച്ച രാജ്യമാണെന്ന് പ്ലീനിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'ഓഫിർ' എന്ന മററൊരു ഐശ്വര്യകേന്ദ്ര ത്തെപ്പററിയും ചരിത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്വർണ്ണം വിളഞ്ഞിരുന്ന നാട് എന്നർത്ഥം വരുന്ന ഓഫിർ എവിടെയാണെന്ന് ചരിത്രാന്വേഷികൾ തിരക്കിയി ട്ടുണ്ട്. സ്വർണ്ണം ഉത്പാദിപ്പിക്കപ്പെട്ടിരുന്നത് നിലമ്പൂർ പ്രദേശങ്ങളിലാണ്. സ്വർണ്ണാംശങ്ങളടങ്ങിയ അവിടുത്തെ മണ്ണുതന്നെ അക്കാര്യം തെളിയിക്കുന്നു. വിലപിടിച്ച മേൽത്തരം തേക്കുതടികളും നിലമ്പൂർക്കാടുകളിൽനിന്നു കയററി അയച്ചിരുന്നു. അവിടേയ്ക്കടുത്തുള്ള ബേപ്പൂർ പ്രശസ്തിയുടെ തങ്കത്തല പ്പാവ് ഉയർത്തിയ കാലമുണ്ടായിരുന്നു. ഓഫിർ കാലാന്തരത്തിൽ ബേപ്പൂ രായി രൂപാന്തരപ്പെട്ടതാകാം. 'ഹന്തറിന'പന്തലായിനിയായിത്തീർന്നതുപോലെ 'തിന്തീസ്' എന്ന സ്ഥലം കൊയിലാണ്ടിയോ കടലുണ്ടിയോ ചാലക്കുടിയോ ആകാം. മുസരീസ്സിൽനിന്നു പതിനെണ്ണായിരത്തിൽപ്പരം വാര ദൂരത്താണ് 'തീണ്ടിസി'ലേക്കു എന്നു പറയുന്നു. ആ നിലയ്ക്ക് ഈ രാജ്യം ഏതാണെന്ന് പിടിയില്ലാതിരിക്കുകയാണ്. ഉച്ഛാരണം കാലപ്പഴക്കത്തിൽ മാറിപ്പോകുന്നതു കൊണ്ട് ഭാഷാപണ്ഡിതന്മാരും വിഷമിക്കുന്നുണ്ട്. 'നിട്രിയസ്' എന്ന മറ്റൊരു സ്ഥലത്തെപ്പററിയും പ്ലീനി പറയുന്നുണ്ട്. അനുമാനങ്ങളെ അടിസ്ഥാനപ്പെ ടുത്തി ആ രാജ്യം ഏതാണെന്ന് കണ്ടുപിടിക്കാൻ പ്രയാസം. 'നിട്രിയസ്' നീണ്ടകരയാണെന്ന വാദം അത്ര ശരിയായിരിക്കുകയില്ല. നീണ്ടകര പട്ടണമാ യിരുന്നുവെന്നതിന്നു തെളിവുകളില്ല. കൊല്ലം ആകാനും തരമില്ല. അതു പോലെ 'തർശിശും' ആശയക്കുഴപ്പം സൃഷ്ടിച്ചു. ഹിബ്റുവിന്റെയും പഴയ ലാററിന്റെയും ശബ്ദസാരംകൊണ്ടു തിരുവഞ്ചിക്കുളവും താനൂരുമാണെന്നു പറയുന്നവരുണ്ട്. അവഗാഢമായ പഠനം ഇക്കാര്യത്തിലുണ്ടായേ തീരൂ. 'ബകര'യെന്നതു വടകരയാണെന്നു ചിലർ ധരിച്ചിരുന്നു. വയ്പിൻകരയാ ണെന്ന ധാരണയും തെററാണ്. വയ്പിൻകരയുണ്ടായിട്ട് അധികനൂററാണ്ടുക ളായിട്ടില്ല. 'വയസ്ക്കര'യോ മററു വല്ല കരകളോ ആകാം. ക്രി.പി.150–ൽ

ടോളമി മദ്ധ്യകേരളത്തിലെ ചില രാജ്യങ്ങളെപ്പററി പറഞ്ഞിട്ടുള്ളതും സംശയാസ്പദവും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതുമാണ്. 'കരൗറ' കാരൂരും കാരുമാത്രയുമാണെന്നു സംശയിക്കപ്പെടുന്നു. മുസരിക്കും കരൗറയ്ക്കും ഇടയ്ക്കു മൂന്നു ചെറിയ സ്ഥലങ്ങളെപ്പററി പറയുന്നതുകൊണ്ടു കാരൂര് എന്നതിനു പ്രാബല്യം ലഭിക്കുന്നതുപോലെ കാരുമാത്രയ്ക്കും ലഭിക്കുന്നുണ്ട്. കാരൂർ കൊടുങ്ങല്ലൂർതന്നെയാണെന്ന് ധാരണ പുലർന്നുപോരുന്നുണ്ട്. പ്രസ്തുത മൂന്നു സ്ഥലങ്ങൾ കൊറിയാറ, പൗദപ്പെരൗറ, സെമൺ എന്നിവയാണ്. കൊറിയറയും മററു രണ്ടുസ്ഥലങ്ങളും കൊടുങ്ങല്ലൂരിന്നടുത്തുതന്നെയാണ്. കൊറിയാറ-എറിയാടോ കോതപറമ്പോ (ചേരരാജാക്കന്മാരുടെ കാലത്തെ വകോതപറമ്പ്) ആകാനെ തരമുള്ളു. പൗദപ്പെരൗറ കരൂപ്പടന്നയോ പെരുമ്പടപ്പോ ആകാം. സെമൺ എന്ന സ്ഥലം ഭാഷാന്തരമായി പറയുകയാണെങ്കിൽ പൊയ്യ (കൊടുങ്ങല്ലൂർനിന്നു 3 നാഴിക തെക്കുകിഴക്ക്) എന്ന സ്ഥലത്തിനടുത്ത ഇന്നത്തെ ചെമ്പൻതുരുത്താണ്. കൊടുങ്ങല്ലൂരിന്നടുത്തുള്ള ചെറിയ വ്യാപാരകേന്ദ്രങ്ങളെപ്പററിയാണ് ടോളമി പറഞ്ഞിട്ടുള്ളത്.

പ്ലീനി പറയുന്ന നവോറയും, വെല്ലയും, പതലയും, കോട്ടനാരയും, കാപ്പുവായും തിരിച്ചറിയാൻ സാധിക്കാത്തവിധം ചരിത്രാന്വേഷകരെ വിഷമിപ്പിക്കുകയാണിന്നും. ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ലോപരൂപങ്ങളടിസ്ഥാനപ്പെടുത്തി പല പേരുകളും നല്കിയിട്ടുണ്ട്. നവോറ നവോദയപുരവും, വെല്ലയെന്നതു വടകരയ്ക്കടുത്തുള്ള ബലിപ്പാറയും, കൊച്ചിക്കടുത്തുള്ള ചരിത്രപ്രസിദ്ധമായ വല്ലാർപാടം ആകാം. പതല പന്തലായിനിയും, കോട്ടനിര കോതനഗരവും (കോതപറമ്പായിരിക്കും), കാപ്പുവാ കാപ്പാടും (കാപ്പുവാ – ചേററുവായായിരിക്കും) ആയി എണ്ണപ്പെടുന്നു. സ്ഥലനിഗമനങ്ങൾ തെററാമെങ്കിലും ചരിത്രത്തിനു ഭൂമിശാസ്ത്രപരമായ ഒരു കാഴ്ചപ്പാടുകൂടി വേണമെന്നു വരുമ്പോൾ ഭാഷാശാസ്ത്രത്തിന്റെ സഹായത്തോടെ കുറെയൊക്കെ ശരിയായി കണ്ടുപിടിക്കാം. പ്ലീനിയും ടോളമിയും ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ഭൂമിശാസ്ത്രപരവും ഭാഷാശാസ്ത്രപരവുമായ നിലപാടു ഗ്രഹിക്കാൻ സാധിച്ചാൽ കാര്യം സുകരമാണ്. പണ്ഡിതകേസരിയായശ്രീ: എ.ബാലകൃഷ്ണപ്പിള്ള ഈ കാലഘട്ടത്തെപ്പററി നടത്തുന്ന ഗവേഷണം ചരിത്രവളർച്ചയ്ക്കു സഹായകമാവുന്നുണ്ട്.

കേരളത്തിന്റെ വിദേശസമ്പർക്കത്തിൽ മതപരമായി സ്വാധീനശക്തി ചെലുത്തിയ മൂന്നു മഹാരഥന്മാരാണ് ജൂതനേതാവായ ജോസഫ് റബ്ബാനും, ക്രൈസ്തവപുണ്യവാളനായ സെന്റ് തോമസും, ഇസ്ലാം മതസന്ദേശവാഹകനായ മാലിക് ബാനുദീനാറും. ഈ സംസ്ക്കാരനായകന്മാരെ ഒഴിച്ചുനിറുത്തിയാൽ കേരളചരിത്രം പൂർണ്ണമാവുകയില്ല. ഇവരുടെ മതപ്രചരണത്തോടുകൂടി കേരളചരിത്രത്തിൽ നൂതനപ്രവണതകൾ ഉടലെടുത്തു. അതിരുകൾ അതിലംഘിച്ചു സാംസ്ക്കാരികവേഴ്ച സ്ഥാപിക്കാൻ കേരളത്തിനു കഴിഞ്ഞു. വ്യാപാരികൾക്കു സാധിക്കാത്ത ശാശ്വതങ്ങളായ പല കാര്യങ്ങളും കേരള

ത്തിൽ പ്രകൃതധിരോദാത്തന്മാർക്കു സാധിച്ചു. ആ മതപ്രചരണത്തിലൂടെ കരുപ്പിടിച്ചു വളർന്ന പുത്തൻ മാതൃകകൾ കേരളത്തിൽ പൂത്തു വിരിഞ്ഞു. ആ പ്രചാരകന്മാരുടെ കത്തിയെരിയുന്ന വിചാരങ്ങൾ പ്രബുദ്ധകേരളത്തിന്റെ പുരോഗതിക്ക് അവലംബമായി.

കേരളത്തിൽ മതപ്രവാചകന്മാരുടെ കുടിയേറിപ്പാർപ്പ് ആരംഭിച്ചത് ചരിത്രപ്രസിദ്ധമായ ജറുസലംപട്ടണം നശിപ്പിക്കപ്പെട്ടപ്പോഴാണ്. ചരിത്രപുരുഷനായ സോളമന്റെ കാലത്ത് അഭയാർത്ഥികളായി യഹൂദർ കേരളതലസ്ഥാനമായ കൊടുങ്ങല്ലൂരിലെത്തിയെന്നാണ് ഐതിഹ്യം. ജൂതകുടിയേറിപ്പാർപ്പിനെസ്സംബന്ധിച്ച് ഭിന്നാഭിപ്രായം ചരിത്രകാരന്മാർക്കിടയിലുണ്ടെങ്കിലും കേരളത്തിൽ ജൂതന്മാർക്കുണ്ടായിരുന്ന സ്വാധീനശക്തി അവരാരും നിഷേധിക്കുന്നില്ല. വൈദേശികബന്ധം കാര്യക്ഷമമായി വികസിപ്പിച്ച വിദേശജൂതനേതാക്കന്മാരെ ചരിത്രം നമുക്ക് പരിചയപ്പെടുത്തിത്തരുന്നുണ്ട്. അഞ്ചാം നൂററാണ്ടിൽ ടൂണീഷ്യയിൽനിന്നു പുറത്താക്കപ്പെട്ടപ്പോൾ കേരളത്തിലെത്തിയവരാണ് ജൂതന്മാരെന്ന് ടൂണീഷ്യൻ ചരിത്രകാരന്മാരും, നെബുഷാദ്നെഡർ ബാബിലോണിയയിലേക്കു കൊണ്ടുപോയവരുടെ സന്തതികളാണെന്ന് സ്പെയിൻ ചരിത്രകാരന്മാരും നാലാം നൂററാണ്ടിൽ മൈയോർക്കായിൽനിന്ന് കേരളത്തിൽ കുടിയേറിപ്പാർത്തവരാണെന്ന് ജൂതചരിത്രകാരനായ മോസസ്ഡിപൈവയും പറയുന്നു. എ.ഡി. 70–ൽ ജറുസലം ആക്രമിക്കുന്നതിനുമുമ്പ് തന്നെ ജൂതന്മാർ കേരളത്തിലുണ്ടായിരുന്നുവെന്ന് നിസ്സംശയം പറയാം. ജൂതകവികളായ എബ്രഹാം ഇബ്നു ഈസ്രയും ഹെലവിയും ഇവരുടെ കുടിയേറിപ്പാർപ്പും മതപ്രചരണവും കവിതയിൽത്തന്നെ പകർത്തിയിട്ടുണ്ട്.

കേരളജൂതന്മാരുടെ മഹാനായ നേതാവായിരുന്നു ജോസഫ്റബ്ബാൻ. ഭാസ്ക്കാരവീവർമ്മയുടെ കാലത്തെ ജൂതപട്ടയത്തിലും, ജൂതനാടോടിപ്പാട്ടിലും, പ്രാർത്ഥനകളിലും, ജോസഫ് റബ്ബാനെപ്പററി പറഞ്ഞിട്ടുണ്ട്. ജോസഫ്റബ്ബാന് രാജാവ് ''അഞ്ചുവണ്ണം'' ദാനം ചെയ്തെന്നും അതു നടന്നത് ആറു കാലഘട്ടങ്ങളിലായിട്ടാണെന്നും ചരിത്രകാരന്മാരുടെയിടയിൽ തർക്കമുണ്ട്. ക്രി.420ലാണെന്ന് ഡോ: ബുച്ച്നാറും 379–ലാണെന്ന് കൊച്ചിയിലെ ജൂതന്മാരും, 508–ലാണെന്ന് മീഡിൽട്ടനും, 750–ലാണെന്ന് ലോവ്സനും, 825–ലാണെന്ന് പയോളിനും പറയുന്നു. റാബി പോൾ എന്ന ക്രിസ്തീയപുരോഹിതൻ ജൂതന്മാരെ ജ്ഞാനസ്നാനം ചെയ്യിക്കുന്ന കാലം വരെയും കേരളത്തിൽ ഇവർക്കു പ്രകടമായ സ്വാധീനതയുണ്ടായിരുന്നു. ചേന്ദമംഗലം, ഏഴിമല, ശ്രീകണ്ഠപുരം, കൊടുങ്ങല്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ കോളനികളായി ഇവർ അധിവസിച്ചു. പിന്തുടർച്ചാവകാശത്തർക്കത്തിൽ ജ്യേഷ്ഠാനുജന്മാർ കലഹിച്ചപ്പോൾ ഇവർ തകർന്നു. ഈ തകർച്ചയിലൂടെ പോർത്തുഗീസുകാരുടെ കിരാതവാഴ്ച വളർന്നു. അങ്ങനെ ജൂതപ്രതാപം കേരളത്തിൽ നശിച്ചു. ക്രൈസ്തവരെപ്പോലെയോ മുസ്ലീമിങ്ങളെപ്പോലെയോ മതത്തിലേക്ക് ആളെ ചേർക്കാൻ ശ്രമിക്കാത്തത് വംശനാശത്തിനിടയാക്കി. എന്നാലും ജോസഫ്റ

ബ്ബാന്റെ സുശൂക്ഷിതനേതൃത്വത്തിൽ വളർന്ന ജൂതന്മാർ തങ്ങളുടെ അന്ത സ്സിന്നു കോട്ടം വരാതെ കേരളത്തിൽ ജീവിച്ചു. ഇന്നവർ കേരളത്തിന്റെ മണ്ണിൽനിന്ന് യാത്രതിരിച്ചുകൊണ്ടിരിക്കുകയാണ്.

കേരളത്തിലെ ക്രൈസ്തവപ്രചരണോൽഘാടകനായ സെന്റ് തോമ സ്സിന്റെ കാലഘട്ടത്തെക്കുറിച്ചുള്ള ശബ്ദസമരം ഇപ്പോഴും അവസാനിച്ചിട്ടില്ല. അങ്ങിനെ ഒരു പുണ്യശ്ലോകൻ കേരളത്തിൽ എത്തിയിട്ടില്ലെന്ന് പറയുന്നത് സത്യവിരുദ്ധമാണ്. തോമസ്സ് ശ്ലീഹ എന്നും സെന്റ് തോമസ്സെന്നും പേരിട്ടു വാദിക്കുന്നവർ വസ്തുനിഷ്ഠമായ ഒരു കേന്ദ്രത്തിൽ വന്നു നിലയുറപ്പിക്കു ന്നുണ്ട്. ക്രിസ്തുമതപ്രചരണം എ.ഡി ഒന്നാം നൂററാണ്ടിൽത്തന്നെ കേരളത്തി ലെത്തിയെന്ന് സമ്മതിക്കുന്നവരാണധികവും. ക്രിസ്തുദേവന്റെ പന്ത്രണ്ടു അപ്പോസ്സലന്മാരിൽ ഒരാളായിരുന്നു തോമസ്സ് അപ്പോസ്സലൻ. എ.ഡി.52–ൽ കേരളത്തിലെത്തിയ തോമസ്സ് പുണ്യവാളന്റെ പരിശ്രമഫലമായി ക്രൈസ്തവ മതം ഇവിടെ വളരാൻ തുടങ്ങി. കൊടുങ്ങല്ലൂരിലെത്തിയ തോമസ്സ് പുണ്യവാ ളനെ രാജാവ് സബഹുമാനം സ്വീകരിച്ചു. ശാംബുപുരി, പൗലോമമററം, കാളി കാവ് തുടങ്ങിയ കുടുംബാംഗങ്ങളെ ക്രിസ്തുമതത്തിൽ ചേർത്ത് പ്രവർത്തന മാരംഭിച്ച സെന്റ് തോമസ്സ് കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ, പറവൂർ, പള്ളി പ്പുറം, കോതമംഗലം, നിരണം നെല്ലാക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ പ്രാർത്ഥ നാലയങ്ങൾ പണിതു. പള്ളികളുടെ ഭരണം ഓരോ കുടുംബക്കാരെ ഭാരമേ ല്പിച്ചു. കേരളത്തിലെ പ്രചരണാനന്തരം സെന്റ് തോമസ്സ് തമിഴ്നാട്ടിലേക്കു പോയെന്നും മൈലാപ്പൂരിൽവച്ച് എതിരാളികൾ ആ പ്രചാരകനെ വധിച്ചെന്നു മാണ് ചരിത്രവിവരണം. ഈ സിദ്ധന്റെ ശവകുടീരത്തെപ്പററി ഇപ്പോഴും വിവാദം നടക്കുകയാണ്. ''മദിരാശിക്കു് തെക്ക് മൈലാപ്പൂരിലുള്ള ഈ ശവ കുടീരം മുസ്ലീംസിദ്ധന്റെയാണെന്ന് ഒരു കൂട്ടർ പറയുന്നു.'' *തോമയെന്നല്ല മുസ്ലീംനാമമായ 'തപ്പാമ'യാണെന്ന് സമർത്ഥിക്കുന്നവരുമുണ്ട്. മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും ഈ ശവകുടീരത്തെ ബഹുമാനിക്കുകയും ആദരിക്കു കയും ചെയ്യുന്നുണ്ട്. സെന്റ് തോമസ്സ് സമാരാദ്ധ്യനായ ചരിത്രപുരുഷനായി ത്തീർന്നതോടെ കേരളവുമായി റോമിന് അഭേദ്യമായ ബന്ധം ഊട്ടിയുറപ്പി ക്കാൻ കഴിഞ്ഞു. ക്രൈസ്തവപ്രചരണത്തിന് ഉപോത്ബലകമായ ഒരു ഐതി ഹ്യംകൂടി കേരളചരിത്രത്തിലുണ്ട്. വില്യാർവട്ടം എന്ന ദ്വീപിലെ രാജാവ് പുണ്യവാനായ യേശുവിനെ സന്ദർശിച്ചവരിൽ പെടുമെന്നും അതുകൊ ണ്ടാണ് ക്രിസ്തുമതം സംഘടിതമായി വളർന്നതെന്നും പറയുന്നു. മതപ്രചര ണത്തിലൂടെയാണെങ്കിലും കേരളത്തിന് റോമും അയൽദേശങ്ങളുമായി ബന്ധപ്പെടാൻ സാധിച്ചു. പരിഷ്ക്കാരികളായ വിദേശികളിൽനിന്ന് കേരളീയ ജീവിത്തിലേക്ക് മഹത്തായ പലതും പകർത്താൻ കഴിഞ്ഞു.

ക്രൈസ്തവപ്രചരണശേഷം കേരളത്തിലേക്കു വന്നത് ഇസ്ലാംമതപ്രചാ രകന്മാരാണ്. ഇസ്ലാംമതത്തിന്റെ സന്ദേശം പ്രവാചകന്റെ കാലത്തുതന്നെ കേരളത്തിലെത്തിയിട്ടുണ്ട്. നിഷേധിക്കാനാവാത്ത തെളിവുകൾ അതിനുണ്ട്.

എ.ഡി. 628–ൽ ഇസ്ലാമിന്റെ സന്ദേശം ഉൾക്കൊള്ളുന്ന എഴുത്തുകൾ നബിതന്നെ ആഫ്രിക്കയിലെ രാജാക്കന്മാർക്കും പ്രത്യേകമായി കേരളത്തിലെ രാജാവിന്നും എഴുതിയിട്ടുണ്ടെന്ന് ആധുനികചരിത്രഗവേഷണകലയുടെ ഉപ ജ്ഞാതാവായ ശ്രീ.എ.ബാലകൃഷ്ണപിള്ള രേഖാസഹിതം സമർത്ഥിച്ചിട്ടു ണ്ട്.*പ്രവാചകന്റെ അമ്പത്തിയേഴാമത്തെ വയസ്സിൽ ചേരമാൻ പെരുമാൾ നബിയെ കണ്ടിട്ടുണ്ടെന്നും വരുന്നു. ആ കാലഘട്ടത്തിൽതന്നെയാണ് ഇസ്ലാം മതപ്രചാരകനായ മാലിക്ബ്നുദിനാറും ഷെറഫ്ബ്നുമാലിക്കും കേരളത്തി ലെത്തിയത്. ഈ പ്രചാരകന്മാരും കേരളതലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരി ലിറങ്ങി മതപ്രചചരണത്തിലുള്ള സൌകര്യം ലഭിച്ചതുകൊണ്ടിവർ കേരള മൊട്ടുക്കും സഞ്ചരിച്ചു. ''അസ് വദ്, മർജാൻ, എന്ന ദാസന്മാരടക്കം പത്തു പേർ എ.ഡി 701–ൽ കൊടുങ്ങല്ലൂരിൽ മതപ്രചരണാർത്ഥം കപ്പലിറങ്ങി. *മാലി ക്ബ്നുദിനാർ കേരളത്തിൽ പതിനൊന്നു പള്ളികൾ പണിയിച്ചു. വർണ്ണമേ ധാവിത്വത്തിന്റെ കീഴിൽ അധമർണ്ണദു:ഖം അനുഭവിച്ചിരുന്നവർ ഇസ്ലാംമത ത്തിൽ ചേർന്നു. അറേബ്യയുമായി പൌരാണികവ്യാപാരബന്ധവും മൈത്രിയും ഇസ്ലാംമതത്തിന് തഴച്ചുവളരാൻ സഹായകമായി. ദീനാറിന്റെ ചരിത്രപ്രസിദ്ധമായ യാത്ര അവസാനിച്ച ഘട്ടത്തിൽ ജനനിബിഡങ്ങളായ മുസ്ലീംഗ്രാമങ്ങൾ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞു. അറക്കൽ രാജവംശ ത്തിലെ പഴയ റിക്കാർഡുകളും ഇസ്ലാംമതപ്രചരണം കേരളത്തിൽ പ്രവാച കന്റെ കാലത്തുതന്നെയാണ് നടന്നതെന്ന് വെളിപ്പെടുത്തുന്നുണ്ട്.

വ്യാപാരത്തിലൂടെയും മതപ്രചരണത്തിലൂടെയും പൌരാണികകേരള ത്തിന് വിദേശരാജ്യങ്ങളുമായി ബന്ധപ്പെടാൻ സാധിച്ചതോടെ കേരളീയരുടെ സംസ്ക്കാരത്തിനും ആ വിശ്വവിശാലവീക്ഷണം ലഭിച്ചു. ഇടുങ്ങിയ ഏകീകൃ തസംസ്ക്കാരത്തിന്റെ സ്ഥാനത്ത് സങ്കരസംസ്ക്കാരം തലയുയർത്തി. സാർവ്വ ദേശീയസൗഹൃദത്തിന്റെ പാരമ്പര്യം വളർത്താൻ സാധിച്ചു. പ്രബുദ്ധകേരളം ആ പാരമ്പര്യം ഇന്നും വളർത്തിക്കൊണ്ടുവരുന്നുണ്ട്.

### 3. ചരിത്രനാണയങ്ങൾ

പൗരാണികചരിത്രത്തിൽ സംഭവിച്ചിട്ടുള്ള കഥകളാണ് ചരിത്രഗവേഷകന്മാർക്കു ലഭിച്ചിട്ടുള്ള നാണയങ്ങൾക്കു പറയാനുള്ളത്. ശിലാപ്രതിമകൾ, സ്തൂപങ്ങൾ,ലിഖിതങ്ങൾ എന്നിവയോടൊപ്പം പ്രാധാന്യമുള്ള ഒന്നാണ് നാണയം. തകർന്നുപോയ സാമ്രാജ്യങ്ങളുടെയും അവയുടെ സാംസ്ക്കാരിക പ്രവണതകളുടെയും ചരിത്രം നാണയങ്ങളിൽ കാണാം. മൺമറഞ്ഞുപോയ മഹാസംഭവങ്ങളിലേക്ക് ഉത്സാഹപൂർവ്വം പ്രയാണമാരംഭിക്കുവാൻ പുരാതന നാണയങ്ങൾ വഴികാട്ടുന്നു. ഗ്രീക്കു ദാർശനികന്മാരുടെ കാലത്തുതന്നെ നാണയനിർമ്മാണം പ്രാബല്യത്തിൽ വന്നു. ബാബിലോൺ സാമ്രാജ്യത്തിന്റെ ആധിപത്യമേററ നെബോണീസസ് എന്ന ഗവേഷണപ്രിയനായ രാജാവ് തന്റെ ഗ്രന്ഥപ്പുരയിൽ മുൻഗാമികളുടെ നാണയങ്ങൾ ശേഖരിച്ചു സൂക്ഷിച്ചു. ഗ്രീക്കുചരിത്രത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ച സാർഗന്റെ സിംഹാസനാരോഹണകാലം നെബോണീസസാണ് കണ്ടുപിടിച്ചത്. നാണയങ്ങളിൽനിന്ന് പകർത്തിയെടുത്ത രേഖകളുടെ വെളിച്ചത്തിൽ നെബോണീസസ് ഗവേഷണം നടത്തി. ഈ കണ്ടുപിടുത്തം ശിലാശാസനങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഭൂഖനനവിദഗ്ദ്ധന്മാർക്കു കണ്ടുകിട്ടിയിട്ടുള്ള നാണയങ്ങളിലൂടെ വിലപിടിപ്പുള്ള രേഖകൾ പുറത്തുവന്നിട്ടുണ്ട്. ഈജിപ്തിൽനിന്നു പതിനെട്ടാംനൂററാണ്ടിന്റെ മധ്യത്തിൽ കണ്ടെത്തിയ നാണയങ്ങളിലെ രൂപങ്ങൾ പൗരാണിക ഈജിപതിന്റെ ഭരണകൂടത്തെ വ്യാഖ്യാനിക്കുന്ന രേഖകളായിത്തീർന്നു. അൽബറൂണി എന്ന വിശ്വവിഖ്യാതനായ ചരിത്രകാരൻ ടുണീഷ്യൻ രാജാവിനോട് ആവശ്യപ്പെട്ടത് പഴയ ശിലാരേഖകളും നാണയങ്ങളുമാണ്. മറെറാന്നും ലഭിച്ചില്ലെങ്കിലും ഇതുരണ്ടും ലഭിച്ചാൽ ടുണീഷിന്റെ പ്രാചീനചരിത്രം താൻ നിർമ്മിക്കാമെന്നദ്ദേഹം പറഞ്ഞു. പുരാതനനാണയങ്ങൾക്ക് ചരിത്രനിർമ്മാണത്തിലുള്ള സ്വാധീനശക്തിയാണ് വെളിപ്പെടുത്തുന്നത്.

ലോകചരിത്രത്തിന്റെ മധ്യകാലഘട്ടം വ്യാഖ്യാനിക്കാൻ ചരിത്രഗവേഷകന്മാർക്ക് നാണയങ്ങളാണ് സഹായം നല്കിയത്. ഫിനീഷ്യക്കാരുടെ ശബ്ദം സംജ്ഞകളായി തിരിച്ചിട്ടുള്ള അക്ഷരമാലകളെക്കുറിച്ചും ആര്യവർഗ്ഗക്കാർ ഗ്രീസിലെ നിവാസികളെ കീഴടക്കുന്ന കാലത്തെ ആചാരങ്ങളെ സംബന്ധിച്ചും വിവരം നല്കിയത് ജറുസലം നാണയങ്ങളാണ്.ഇന്ത്യാചരിത്രനിർമ്മാണമാർഗ്ഗത്തിൽ കനത്ത സംഭാവനകൾ നല്കിയിട്ടുള്ളത് സൈന്ധവസംസ്ക്കാരത്തെ മുദ്രണം ചെയ്തിട്ടുള്ള നാണയങ്ങളാണ്. ഹാരപ്പയിൽനിന്നും മോഹൻജദാരോവിൽനിന്നും കുഴിച്ചെടുത്ത നാണയങ്ങൾ പുതിയ ഇന്ത്യാചരിത്രത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. ആര്യസംസ്ക്കാരവാദവുമായി കെട്ടുറപ്പില്ലാത്ത രേഖകളുടെ മറവിൽ വിജയചന്ദ്രഹാസമിളക്കിനിന്നിരുന്ന പലർക്കും ഈ കണ്ടുപിടുത്തം തിരിച്ചടിയായിത്തീർന്നു. പ്രാചീനഇന്ത്യയുടെ സാസ്ക്കാരികപ്രവൃദ്ധതയെപ്പററി ഗ്രീക്ക് ലിപികളും യവനമുദ്രകളും നീണ്ട നീണ്ട കഥകൾ പറഞ്ഞപ്പോൾ ഒരു വിഭാഗം ഇന്ത്യൻ ചരിത്രകാരന്മാർ തങ്ങ

ളുടെ വിഡ്ഢിവേഷം അഴിച്ചുവെയ്ക്കാൻ നിർബന്ധിതരായി. ഇന്ത്യാചരിത്ര നിർമ്മാണത്തിൽ ശിലാലിഖിതങ്ങളും, ചെമ്പുതകിടുകളും, നാണയമുദ്രകളും വ്യാഖ്യാനിക്കാൻ സാഹസയത്നം ചെയ്തിട്ടുള്ള പ്രൊഫസർ കിൽഹോൺ ശ്രദ്ധേയമായ ഒരഭിപ്രായം 'നാണയവിജ്ഞാനീയ'ത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. *''പുരാതനനാണയങ്ങൾ കഴിഞ്ഞ കാലങ്ങളെ കാണാൻ കഴിയുന്ന കണ്ണാടികളാണ്. നാണയങ്ങളിലെ മുദ്രകളുടെ മൗനഭാഷയിൽ ആവേശത്തോടെ പകർത്താൻ സാധിക്കുന്ന ചരിത്രകഥകൾ അടങ്ങിയിരിക്കുന്നുണ്ട്. ഭാവികാലത്തിന്റെ നിർമ്മാതാക്കളോട് കഴിഞ്ഞകാലസംഭവങ്ങൾ പറയാൻ ഈ നാണയങ്ങൾക്കു കഴിയുന്നു. വിശ്വവിശാലമായ മഹത്സംസ്ക്കാരത്തിന്റെ ചെറിയ പ്രതിരൂപങ്ങൾ ഈ കൊച്ചുനാണയങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും സംഗ്രഹം നാണയങ്ങൾ നല്കുന്നതുകൊണ്ട് ആധുനികചരിത്രത്തിന് ഇതൊരു മികച്ച നേട്ടമാണ്. ഇതിലും വലിയ നേട്ടം ചരിത്രാന്വേഷികൾക്കു ലഭിക്കാനില്ല. നാണയവിജ്ഞാനീയം ചരിത്രാന്വേഷണവിഭാഗത്തിൽ വളർച്ച പ്രാപിക്കണം. എന്നാലേ വസ്തുനിഷ്ഠമായി കാര്യങ്ങൾ കണ്ടെത്താൻ കഴിയൂ''.

ക്രിസ്തുവിന്ന് ആറു നൂററാണ്ടുകൾക്കുമുമ്പ് അറബികൾ സ്പെയിൻ കീഴടക്കിയപ്പോൾ 'സീഫർ' (പൂജ്യം) അടയാളമുള്ള നാണയങ്ങൾ നടപ്പാക്കിയിരുന്നു. അശോകന്റെ കാലത്തിനുമുമ്പുതന്നെ ദശാംശഗണിതം കുറിക്കുന്ന ചില ചെമ്പുനാണയങ്ങൾ ഇന്ത്യയിൽ നടപ്പുണ്ടായിരുന്നെന്ന് കാർണൽ ടാഡു എന്ന നാണയഗവേഷകൻ പ്രസ്താവിക്കുന്നു. അശോകന്റെയും ചന്ദ്രഗുപ്തന്റെയും നാണയങ്ങൾ ഇന്ന് ഗവേഷകന്മാർക്ക് കണ്ടുകിട്ടിയിട്ടുണ്ട്. ക്രിസ്താബ്ദം മൂന്നാം നൂററാണ്ടുമുതൽ തെക്കേ ഇന്ത്യയിൽ പ്രചാരത്തിലായ ബ്രാഹ്മിലിപികൾ കുറിക്കുന്ന നാണയങ്ങളും പുറത്തുവന്നിട്ടുണ്ട്. ഈ നാണയങ്ങളിൽനിന്ന് ആര്യ-ദ്രാവിഡസംസ്ക്കാരത്തിന്റെ കാലപ്പഴക്കത്തെക്കുറിച്ച് ചരിത്രകാരന്മാർ പലതും ഊഹിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയുടെ പല ഭാഗങ്ങളിൽനിന്ന് കുഴിച്ചെടുത്തിട്ടുള്ള ഇരുനൂറിൽപ്പരം നാണയങ്ങളിൽ നിന്ന് ബി.സി 400-ന്റെയും എ.ഡി 300-ന്റെയും ഇടയ്ക്കുള്ള കാലഘട്ടത്തെ ഭരണക്രമങ്ങളെക്കുറിച്ചു ഇന്ത്യൻ ചരിത്രകാരന്മാർക്ക് പലതും പഠിക്കാൻ കഴിഞ്ഞു. ഈജിപ്തുകാരും അറബികളും ഗ്രീക്കുകാരും നാണയങ്ങളെക്കുറിച്ച് പഠനം ആരംഭിച്ചത് എ.ഡി.മൂന്നാം നൂററാണ്ടിലാണ്. പക്ഷെ ഇന്ത്യയിൽ അതാരംഭിച്ചത് പതിനെട്ടാം നൂററാണ്ടിന്റെ മദ്ധ്യത്തിലാണ്. പുരാതനകേരളത്തിന്റെ തലസ്ഥാനമായിരുന്ന മുസരിസി(കൊടുങ്ങല്ലൂർ)ൽനിന്ന് ഏഴുനൂററാണ്ടുകൾക്കു മുമ്പ് ലഭിച്ച ചരിത്രവസ്തുക്കളിൽ നാണയങ്ങൾ ഉൾപ്പെട്ടിരുന്നു. റോമൻലിപികളുള്ള പഴക്കമേറിയ നാണയങ്ങൾ കൊടുങ്ങല്ലൂരിന്റെ പരിസരങ്ങളിൽനിന്ന് ലഭിച്ചത് കൊടുങ്ങല്ലൂർ രാജാവ് വിദേശികൾക്കു കാഴ്ചയായി സമ്മാനിച്ചു. രജപുത്താനയിലെ മെൻസ്വാദയിൽനിന്നു ലഭിച്ച രണ്ടായിരത്തിലധികം സ്വർണ്ണനാണയങ്ങൾ ഇന്ത്യൻ രാജാക്കന്മാരുടെ കാലഘട്ടങ്ങളെക്കുറിച്ച് വിവ

രണം നല്കി. പ്രതാപശാലികളായ ഭരണാധിപന്മാരുടെ ശ്മശാനമണ്ഡപങ്ങളും തകർന്ന കോട്ടകളും ചികഞ്ഞുനോക്കിയതുകൊണ്ടാണ് ബംഗാൾ, രജപുത്താന, ഗുജറാത്ത്, പാററ്നാ തുടങ്ങിയ സ്ഥലങ്ങളിലെ മൺമറഞ്ഞ മഹത്വം കണ്ടുപിടിക്കാൻ കഴിഞ്ഞത്. ബ്രിട്ടീഷ് ഭരണത്തലവന്മാരിൽ ഭാവനാസമ്പന്നരായ ചിലർ ഈ നാണയങ്ങളുടെ വില ഗ്രഹിച്ചു. കണ്ണിംഗ്ഹാം, മെക്കോള തുടങ്ങിയവർ നാണയങ്ങൾ ചരിത്രപഠനത്തിന്റെ താക്കോലാണെന്ന് മനസ്സിലാക്കി. പരാക്രമശാലികളായ അവർ ഇന്ത്യയുടെ മഹത്വം ചരിത്രപരമായി തങ്ങളെ പിന്നിലാക്കുന്നതാണെന്ന് ഗ്രഹിച്ചിട്ടുണ്ടാകണം. മോഹൻജദാരോവിലൂടെയും തക്ഷശിലയുടെയും മഹത്തായ ഒരിന്ത്യയെ കണ്ടെത്തിയ ആർ.ഡി ബാനർജി നാണയഗവേഷണത്തിൽ വ്യാപൃതനായി. മഹാനായ ആ മനുഷ്യൻ നാണയങ്ങളിലെ മുദ്രകൾ ഉയർത്തിപ്പിടിച്ച് ഇന്ത്യയുടെ സാസ്ക്കാരികപാരമ്പര്യം ലോകസമക്ഷം പ്രഖ്യാപിച്ചു.

''ഞങ്ങളുടെ ഇന്ത്യ ഭരണതന്ത്രജ്ഞന്മാരുടെയും വിജ്ഞാനികളുടെയും നാടാണ്. ഇന്ത്യയുടെ പാരമ്പര്യം അയൽദേശങ്ങളെ പിന്നിലാക്കുന്നതാണ്.'' ഇന്ത്യയിൽ ലോഹങ്ങളുടെ കണ്ടുപിടുത്തമുണ്ടായതിന് ഏതാനും നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ നാണയനിർമ്മാണവും തുടങ്ങിയിട്ടുണ്ടാകണമെന്നാണ് ചരിത്രകാരന്മാർ വിശ്വിസിക്കുന്നത്.

ഇന്ത്യൻ നാണയവിജ്ഞാനീയവിഭാഗത്തിൽ ശ്രദ്ധേയങ്ങളായ മാററങ്ങൾ വരുത്താൻ റോയൽ ഏഷ്യാററിക് സൊസൈററിയുടെ പ്രവർത്തകർ ശ്രമിച്ചു. നാണയങ്ങളുടെ ലോഹക്കൂട്ടിനെക്കുറിച്ച് തിയോബോൾഡും ലിപിയെ സംബന്ധിച്ച് വീൽസ്റ്റൻസ്മിത്തും അവഗാഢമായി പഠനം നടത്തി. രജപുത്താനയിൽനിന്നും തക്ഷശിലയിൽനിന്നും കണ്ടുകിട്ടിയ നാണയങ്ങളിലെ ചിത്രങ്ങളെപ്പററി ഒരു പട്ടിക തയ്യാറാക്കാൻ സ്പൂണർ എന്ന വിദഗ്ദ്ധഗവേഷകൻ കൊല്ലങ്ങൾ തന്നെ ചിലവഴിച്ചു. കാലനിർണ്ണയമാണ് മിക്ക ഗവേഷകന്മാരെയും വിഷമിപ്പിച്ചത്. വർഷങ്ങൾ അടയാളപ്പെടുത്തിയ നൂറിൽപ്പരം നാണയങ്ങൾ തിരിച്ചറിയാൻ സാധിച്ചതോടുകൂടി മറവിൽക്കിടക്കുന്ന ഇന്ത്യാചരിത്രത്തിലെ ചില നൂററാണ്ടുകൾ വീണ്ടുകിട്ടി. ജയസ്സാൽ നാണയവിജ്ഞാനീയത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച മറെറാരു പണ്ഡിതനാണ് ദുർഗ്ഗാപ്രസാദും എൻ. ഡി.റെഡ്ഡിയും പല്ലവരാജാക്കന്മാരുടെ കാലഘട്ടങ്ങളിലെ ചരിത്രവസ്തുതകൾ നാണയങ്ങളിൽനിന്ന് കണ്ടുപിടിച്ച മഹാന്മാരാണ്. തക്ഷശിലയിൽനിന്ന് ലഭിച്ച ചില നാണയങ്ങളിന്നും ഗവേഷകന്മാരുടെ ജിജ്ഞാസയെ വളർത്തിക്കൊണ്ടിരിക്കുകയാണ്. ചില നാണയങ്ങളിലെ ലിപികൾ വായിച്ച് ഹൃദിസ്ഥമാക്കാൻ ഗവേഷകന്മാർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചതുരാകൃതിയിലുള്ള നാണയങ്ങളിൽ ഒരു ഭാഗത്ത് റോമൻ പഴയ ലിപിയും ബ്രാഹ്മിയോട് സാമ്യമുള്ള ദ്രാവിഡഭാഷാലിപിയും കാണുന്നതുകൊണ്ട് സങ്കരസംസ്ക്കാരത്തിന്റെ ചരിത്രം നിർമ്മിക്കാൻ ചരിത്രകാരന്മാർക്ക് സാധിച്ചു.

ഇന്ത്യയിൽ യജൂർവ്വേദകാലത്തുതന്നെ നാണയങ്ങൾ നടപ്പുണ്ടായിരുന്നെന്ന് കൌഡില്യനും അഗസ്ത്യനും പാണിനിയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള മുപ്പത്തിമൂന്ന് ദേവതകളെയും നാണയങ്ങളിൽ ചിത്രീകരിക്കാൻ ഭരണകർത്താക്കന്മാർ ശ്രമിച്ചു. അർത്ഥശാസ്ത്രം, രൂപശബ്ദം, രാജതരംഗിണി, അഷ്ടാധ്യായി തുടങ്ങിയ പ്രാമാണികഗ്രന്ഥങ്ങളിൽ നാണയനിർമ്മാണശാസ്ത്രത്തെ സംബന്ധിച്ച് വിവരണം നൽകിയിട്ടുണ്ട്. നാണയനിർമ്മാണം പ്രാചീനഭാരതീയർക്ക് സുപരിചിതമായ കലയായിരുന്നെന്ന് ശാസ്ത്രഗ്രന്ഥങ്ങൾ തെളിയിക്കുന്നു. പാലിഭാഷയിൽ ''കാഷിപണ'' എന്ന പേരിലറിയപ്പെടുന്ന നാണയവിഭാഗമുണ്ട്. നാണയനിർമ്മാണത്തിന്റെ മൂലതത്വം ഗ്രഹിക്കാൻ ആധുനികഗവേഷകന്മാർ ''പഞ്ച് മാർക്സ് കായീൻസാ''ണ് ഉപയോഗപ്പെടുത്തുന്നത്. ലോകത്തിലെല്ലായിടത്തും ഗവേഷകന്മാർക്ക് പ്രസ്തുതനാണയങ്ങൾ പഠനത്തിന് അഭിരുചിയുണ്ടാക്കുന്നു. ദക്ഷിണേന്ത്യയിൽ എല്ലാ രാജാക്കന്മാരും നാണയം നടപ്പാക്കാൻ ശ്രമിച്ചിരുന്നു. ചെമ്പും വെള്ളിയും സുലഭമായി നാണയനിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു. ഡോ: ജെ.എൻ സർക്കാർ ചരിത്രഗവേഷണകലയിൽ ദക്ഷിണേന്ത്യൻനാണയങ്ങൾ കാണിച്ച വഴികൾ എടുത്തുപറഞ്ഞിട്ടുണ്ട്. *

പല്ലവരാജാക്കന്മാരുടെ കിരീടധാരണവേളയിലാണ് പുതിയ നാണയങ്ങൾ കൂടുതലിറങ്ങിയിരുന്നത്. ശാഖന്മാരും, ഹുണന്മാരും നാണയനിർമ്മാണത്തിൽ സ്വാധീനം ചെലുത്തിയിരുന്നതായി കാണാം. മഗധയും പാടലീപുത്രവും നാണയനിർമ്മാണകേന്ദ്രങ്ങളായിരുന്നു. ബൗദ്ധമുന്നേററക്കാലത്ത് നാണയങ്ങൾക്കു പരിവർത്തനം വന്നു. വിദേശവ്യാപാരികളുമായി വാണിജ്യബന്ധം ദൃഢതരമാക്കാൻ അശോകൻ നാണയങ്ങൾ പരിഷ്ക്കരിച്ചു. പേർഷ്യക്കാരുടെ സമ്പർക്കത്തോടുകൂടി ദീനാറും, റോമാക്കാരുടെ ബന്ധത്തോടുകൂടി രൂപ്യയും പൈസും ദക്ഷിണേന്ത്യക്കാർക്ക് സുപരിചിതമായി. നാണയങ്ങളിൽ കാണബിജമുദ്രകൾ ഓരോ രാജ്യത്തും ഓരോ തരത്തിലാണ്. മനുവും ഉത്താനുപാദനും നാണയങ്ങളുടെ തൂക്കത്തെപ്പററി ഭിന്നാഭിപ്രായക്കാരാണ് പല ലോഹങ്ങളും കൂടിച്ചേർന്നതാണ് അക്കാലത്തെ നാണയങ്ങൾ. രൂപഭംഗിയേക്കാൾ തൂക്കത്തിനാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. ഈ നാണയങ്ങളെല്ലാം ഓരോ ഭരണകൂടത്തിന്റെ കാലഘട്ടങ്ങളിലേക്ക് ആധുനികർക്ക് കടന്നുചെല്ലാനുള്ള അംഗീകൃതസമ്മതമുദ്രകളായിത്തീർന്നിട്ടുണ്ട്. ശ്രീ:സർക്കാറിന്റെ വിദഗ്ദ്ധാഭിപ്രായം തന്നെയാണിക്കാര്യത്തിൽ പ്രസിദ്ധഗവേഷകനായ ഭണ്ഡാക്കർക്കുമുള്ളത്. കനിഷ്ക്കന്റെ കാലത്തെ നാണയങ്ങളിൽ ഒരു ഭാഗത്ത് പേരും മറുഭാഗത്ത് രാജ്യചിഹ്നവും കൊത്തിയിട്ടുണ്ട്. ഗുപ്തരാജാക്കന്മാരുടെ കാലത്ത് നാണയനിർമ്മാണസഭ തന്നെ ഉണ്ടായിരുന്നു. നാട്ടിന്റെ സാമ്പത്തികസ്ഥിതിയെ നിയന്ത്രിക്കുന്ന ആ സഭയിൽ കലാകാ

രന്മാരും രാജ്യതന്ത്രജ്ഞന്മാരും ഉൾപ്പെട്ടിരുന്നു. അടിച്ചുടച്ചാൽ വേർപെടാത്ത ലോഹക്കൂട്ടായിരുന്നു ഫൽഗുനമിത്രന്റെ നാണയത്തിന്റേത്. പഞ്ചാബിലും വടക്കൻ അതിർത്തിപ്രദേശങ്ങളിലും നാണയങ്ങളിൽ കാളയുടെയും വൃക്ഷ ത്തിന്റെയും അടയാളങ്ങളുണ്ട്. ചന്ദ്രഗുപ്തഭരണകാലം സമ്പൽസമൃദ്ധിയുടെ കാലമാണെന്നു നാണയങ്ങൾ തെളിയിക്കുന്നു. അറുപതുതരം സ്വർണ്ണനാണ യങ്ങൾ അക്കാലത്തു പ്രചരിച്ചിരുന്നു. ഐശ്വര്യത്തിന്റെ അടയാളങ്ങളാണ് നാണയത്തിന്റെ ഒരു ഭാഗത്തു ചിത്രീകരിച്ചിരിക്കുന്നത്. വിഷ്ണുഗുപ്തൻ തന്റെ സഹധർമ്മിണിയുടെ പേരിലാണ് നാണയം ഇറക്കിയത്. ചെങ്കി സ്ഖാന്റെ പടയോട്ടക്കാലത്ത് ഇന്ത്യൻ നാണയങ്ങൾക്ക് ഒരു മാററം സംഭവി ച്ചു. കനംകുറഞ്ഞ ലോഹത്തകിടുകൾ വെട്ടിരൂപപ്പെടുത്തിയാണ് നാണയം നിർമ്മിച്ചത്. ഹൂണന്മാരുടെ ആക്രമണകാലത്തും നദിയൊഴുക്കിന്റെയും കുതി രപ്പടയുടെയും ചിത്രങ്ങൾ കൊത്തിയിട്ടുള്ള നാണയങ്ങളും കനംകുറഞ്ഞവ യായിരുന്നു.

മുസ്ലീംഭരണകാലത്ത് മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലെ നാണയനിർമ്മാണ രീതി ഇന്ത്യയിൽ പ്രചരിച്ചു. സുൽത്താൻ റസിയയുടെ കീഴിൽ നാണയ നിർമ്മാണം പുരോഗമിച്ചു. 'റസിയാത്ത് കായിൻസ്' ശേഖരത്തിൽ സ്വർണ്ണനാ ണയങ്ങൾക്ക് മികച്ച സ്ഥാനമുണ്ട്. ഏക ദൈവവിശ്വാസം പ്രചരിപ്പിക്കുവാൻ പ്രസ്തുത നാണയങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. ഒരു ഭാഗത്ത് മഹാറാ ണിയുടെ ആജ്ഞയും ചിത്രണം ചെയ്തു. മുഹമ്മദ് ഗസ്നി പതിന്നാലുതരം നാണയങ്ങൾ പ്രചരിപ്പിച്ചു. ആ നാണയങ്ങളുടെ ഒരു ഭാഗത്ത് ഇങ്ങിനെ കാണാം. ''ദൈവം ഏകനാകുന്നു. ശക്തനായ ദൈവത്തെ വിസ്മരിക്കുന്നവർ പിശാചുക്കളാകും. ''ഹുമയൂണും ഷാജഹാനും പേർഷ്യൻ ചിട്ടകളാണ് നാണയനിർമ്മാണത്തിൽ അംഗീകരിച്ചത്. അക്ബർ തന്റെ പുതിയ മതമായ 'ദിൻ ഇലാഹി'യുടെ മുദ്രാവാക്യങ്ങൾ നാണയങ്ങളിൽ കൊത്തിവച്ചു. ജഹാം ഗീർ നാടൻ പ്രഭുക്കൾക്കും ഭരണാധികാരികൾക്കും തന്റെ മുദ്ര കൊത്തിയ നാണയങ്ങൾ സമ്മാനിച്ചിരുന്നു. മുഗൾ ഭരണകർത്താക്കളിൽ എല്ലാവരും നാണയനിർമ്മാണം പോഷിപ്പിച്ചവരാണ്. വിലകൂടിയ നാണയങ്ങളും മുഗൾ ഭരണകാലത്തേതാണ്. മുഗൾ ഭരണകാലത്ത് നടപ്പായിരുന്ന ആയിര ത്തിൽപ്പരം നാണയങ്ങളുടെ മാതൃകകൾ കണ്ടുകിട്ടിയിട്ടുണ്ട്. കണ്ണിംഗ്ഹാം ആ കാലഘട്ടത്തെപ്പററി പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്.

*''ഇന്ത്യയുടെ സുവർണ്ണകാലഘട്ടം ഉദയംചെയ്തത് അശോകനു ശേഷം മുഗൾകാലത്താണ്. മുഗിളരുടെ കല്പനാവൈഭവം ചായക്കൂട്ടിലും, ലോഹക്കൂട്ടിലും, കല്ലുകളിലും പതിഞ്ഞുകിടക്കുന്നു. ചിലരുടെ വ്യക്തിപര മായ മത്സരബുദ്ധി ഒഴിച്ചുനിർത്തിയാൽ മുഗൾഭരണം ഇന്ത്യയുടെ അന്ത സ്സായ ഭരണമായിരുന്നു. ശാശ്വതസ്നേഹത്തിന്റെ കറയില്ലാത്ത പ്രതിജ്ഞകൾ അവരുടെ നാണയങ്ങളിൽപ്പോലും കാണാം. അക്ബറിന്റെ പണ്ഡിതസ

ദസ്സും ജഹാംഗീറിന്റെ ഭരണസഭയും മനോഹരമായ നാണയനിർമ്മാണത്തിൽ ശ്രദ്ധപതിപ്പിച്ചു. മുഗളരുടെ ജന്മസഹജമായ കലാനൈപുണ്യം ആ നാണയങ്ങളിലും പതിഞ്ഞുകിടക്കുന്നു. പേർഷ്യൻഭാഷയിലും സംസ്കൃതത്തിലും സത്യത്തിന്റെയും, ധർമ്മത്തിന്റയും, സ്നേഹത്തിന്റയും മുദ്രാവാക്യങ്ങൾ അവർ നാണയങ്ങളിൽ കൊത്തിവച്ചു. ആ മുദ്രാവാക്യങ്ങളിലൂടെ മുഗൾരാജാക്കന്മാരുടെ തുറന്ന ഹൃദയം നമുക്കു കാണാം''.

കേരളക്കരയിൽ വിദേശനാണയങ്ങൾക്ക് പ്രചാരമുണ്ടായിരുന്നു. കേരളത്തിലെ വിലകൂടിയ വനോല്പന്നങ്ങൾ കയററി അയയ്ക്കുന്ന തുറമുഖങ്ങളിൽ വ്യാപാരകാര്യത്തിന് കൈമാറിയിരുന്നത് വിദേശനാണയങ്ങളാണ്. റോം, പേർഷ്യ, ടുണീഷ്യ, ചൈന എന്നീ രാജ്യങ്ങളിലെ നാണയങ്ങൾ കേരളത്തിൽ പ്രചരിച്ചു. ചൈനീസ് സഞ്ചാരികളുടെയും പോർത്തുഗീസ് ചരിത്രകാരന്മാരുടെയും രേഖകളിൽനിന്ന് ഇതു വ്യക്തമാകാം. പ്രസിദ്ധ ഇററാലിയൻ പിറററോഡെല്ലവെല്ലി (ക്രി.1611–1627) പടിഞ്ഞാറൻതീരത്തു റോമാനാണയങ്ങളും, അറേബ്യൻ നാണയങ്ങളും, ചൈനീസ് നാണയങ്ങളും നിലവിലുണ്ടായിരുന്നെന്നു തന്റെ സഞ്ചാരക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. * മദ്ധ്യപൗരസ്ത്യദേശത്ത് പ്രതാപത്തോടെ രാജ്യം ഭരിച്ചിരുന്ന ലാരി സുൽത്താൻ (ക്രി.1532) ദക്ഷിണേന്ത്യയിലും സിലോണിലും തന്റെ നാണയങ്ങൾ നിർല്ലോഭം ചെലവഴിച്ചിരുന്നു. 'ലാരിനാണയം' അക്കാലത്തെ കച്ചവടത്തെ നിയന്ത്രിച്ചിരുന്നു. പോർത്തുഗീസ് ആക്രമണകാലത്തും കോഴിക്കോടും കൊച്ചിയും ലാരിനാണയം വ്യാപാരമാർക്കററിലുപയോഗിച്ചിരുന്നു. ആ നാണയത്തിന്റെ മാതൃകയിലാണ് സാമൂതിരിരാജാവ് നാണയം നടപ്പാക്കിയത്. പോർത്തൂഗീസ് ഭരണത്തലവൻമാരും തങ്ങളുടെ ഭരണകാലത്തു ലാരിനാണയം കൈമാററം ചെയ്തതായി കാണാം. ലാരിനാണയത്തിന്റെ പരിഷ്കൃതരൂപം ആണ് തിരുവിതാംകൂറിൽ നടന്നിരുന്ന ചക്രങ്ങൾ. ചോള, പാണ്ഡ്യരാജാക്കന്മാർ നാണയങ്ങൾ നടപ്പാക്കിയിരുന്നു: ആ നാണയങ്ങളിൽ ആന, മത്സ്യം, പുലി, അമ്പ്, വില്ല് തുടങ്ങിയ മുദ്രകൾ കാണാം. കൊല്ലവർഷം 850–നും 960–നും ഇടയ്ക്കു സിംഹളത്തിൽനിന്നു ചെറിയ നാണയങ്ങൾ കേരളത്തിലിറങ്ങി. അക്കാലത്തു ചാന്ദാർ കാശ്, ഈഴവർ കാശ് എന്ന പേരിൽതിരുവിതാംകൂറിലും തുലുക്കൻപുത്തൻ, സുൽത്താൻവെളളി, റോമാശില്പി എന്ന പേരുകളിൽ മലബാറിലും നാണയങ്ങൾ പ്രചരിച്ചിരുന്നു. പഴയ നാടൻപാട്ടുകളിലും അറബി–മലയാള സദസ്സുകളിലും പ്രസ്തുതനാണയങ്ങൾ പ്രതിപാദ്യവിഷയമായിട്ടുണ്ട്. ഈസ്റ്റിൻഡ്യാ കമ്പനിയുടെ കീഴിൽ ഇന്ത്യാരാജ്യം ചെന്നുചേർന്നതോടെ ബ്രിട്ടീഷ് നാണയങ്ങൾ പ്രചരിക്കാൻ തുടങ്ങി. ചില നാട്ടുരാജ്യങ്ങളിൽ ചെറിയ തുകയ്ക്കുള്ള നാണയങ്ങൾ രാജാക്കന്മാരും പ്രചരിപ്പിച്ചു. ബ്രിട്ടീഷ് ആധിപത്യം നാണയങ്ങൾക്ക് ഐകരൂപം വരുത്തിയെങ്കിലും സമൂലമായ മാററം വരുത്താൻ അവർക്കു കഴിഞ്ഞില്ല. ഇന്ത്യ സ്വതന്ത്രമായതിന്നുശേഷം നാണയനിർമ്മാണത്തിൽ ചില മാററങ്ങൾ കണ്ടുതുടങ്ങി. ലോകത്തിലെ മററു നാണയങ്ങളുമായി കിടപിടിക്കത്തക്കവിധ

ത്തിലും ജനങ്ങളുടെ സൗകര്യത്തെ ലാക്കാക്കിയും സാർവ്വജനനീയമായ സെസ്മൽരീതി ഇന്ത്യ അംഗീകരിക്കാൻ പോകുന്നു. വരുന്ന തലമുറയ്ക്കു ചരിത്രം പഠിക്കാൻ പര്യാപതമായ നിലവാരത്തിൽനിന്നു നാണയത്തിന്റെ നിർമ്മാണരീതി മാറിപ്പോകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നമുക്കിന്നു ലഭിച്ചിട്ടുള്ള എല്ലാ പഴയ നാണയങ്ങളും ഭൂതകാലവുമായി മാനസികമായി ബന്ധിപ്പിക്കുന്ന മുദ്രകളാണ്. ചരിത്രഗവേഷണം നാണയത്തിലെ മുദ്രകളുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുകയാണ്.

## 4. അറയ്ക്കൽ രാജവംശം

*പുരാതനകേരളചരിത്രത്തിന്റെ ദീപ്തിമത്തായ അദ്ധ്യായങ്ങളിൽ ഓരോ കാലഘട്ടങ്ങളിൽ നാടു വാണിരുന്ന രാജവംശങ്ങളെ കാണാം. ചരിത്രാതീതകാലത്തെഐതിഹ്യങ്ങളും കെട്ടുകഥകളും മാററിനിർത്തിയാൽ കേരളചരിത്രം രാജവംശങ്ങളുടെ ചരിത്രമായി തിരിഞ്ഞുനില്ക്കുന്നത് കാണാം. രാജവാഴ്ചയ്ക്കു മുമ്പുള്ള പ്രാകൃത കമ്മ്യൂണിസവും പൗരാണിക റിപ്പബ്ലിക്കൻ വ്യവസ്ഥയും അവ്യക്തമായ കാഴ്ചപ്പാടിലാണിന്നും നില്ക്കുന്നത്. അഭ്യൂഹങ്ങൾക്കും അനുമാനങ്ങൾക്കതീതമായും വസ്തുനിഷ്ഠമായ ചരിത്രരേഖകൾ ലഭിക്കുന്നത് രാജവാഴ്ചയോടുകൂടിയാണ്. രാജവാഴ്ചക്കാലത്തെ നാട്ടാചാരങ്ങളിലും യുദ്ധങ്ങളിലും ചരിത്രനിർമ്മിതിക്കാവശ്യമായ രേഖകൾ കണ്ടെത്താൻ കഴിയും. വിദേശികളുടെ വ്യാപാരസമ്പർക്കവും കേരളചരിത്രനിർമ്മാണത്തിന് മഹത്തായ സംഭാവന നൽകിയിട്ടുണ്ട്.

വിദേശികൾ കേരളത്തിലേക്കു വന്നതുതന്നെ വ്യാപാരബന്ധം പുലർത്താനാണ്. സാസ്ക്കാരികമായ വേഴ്ചകൾക്കുമുമ്പ് അവർ കേരളക്കരയെ ധനദേവതയായി ആരാധിച്ചു. ബി.സി അഞ്ചാം നൂററാണ്ടിലാരംഭിച്ച ആ വൈവസായികബന്ധം കാലാന്തരത്തിൽ നമ്മുടെ സമൂഹജീവിതത്തെ സാരമായി സ്പർശിച്ചു. പരിവർത്തനാത്മകമായ ആ ഘട്ടങ്ങളിലെല്ലാം കേരളത്തിലെ രാജവംശങ്ങൾ അവരുടെ പ്രതാപത്തിനൊത്ത പങ്കു വഹിച്ചിട്ടുണ്ട്. അങ്ങനെ ലോകപ്രശസ്തി നേടിയ ഒന്നായിരുന്നു മലബാറിലെ അറയ്ക്കൽ രാജവംശം. ആയിരത്തിൽപരം വർഷങ്ങൾ രാജ്യം ഭരിക്കുകയും കേരളത്തിന്റെ വൈദേശികവ്യാപാരമേൽനോട്ടം വഹിക്കുകയും ചെയ്ത ഈ രാജവംശത്തെസ്സംബന്ധിച്ച് കേരളചരിത്രം നിർമ്മിച്ച പ്രഗത്ഭപണ്ഡിതന്മാർക്ക് വലിയ പിടിയൊന്നുമില്ല. ഈ യാഥാർത്ഥ്യം നമ്മുടെ ചരിത്രഗ്രന്ഥങ്ങൾ തന്നെ വ്യക്തമാക്കുന്നു. കേരളചരിത്രാന്വേഷകരിലാരും കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിലെ രേഖകൾ പരിശോധിക്കാൻ പരിശ്രമിച്ചതായി കാണുന്നില്ല. അങ്ങനെ അവഗണിക്കപ്പെട്ട ഒരു രാജവംശത്തിന്റെ ചരിത്രത്തിനു സംഭവബഹുലമായ കഥകൾ പറയാനുണ്ട്. വിദേശികളുടെ കുത്തിത്തിരിപ്പും ചരിത്രകാരന്മാരുടെ നിസ്സഹകരണവും വസ്തുനിഷ്ഠമായ സത്യത്തെ കണ്ടെത്തുന്നതിനു പ്രതിബന്ധമായിരുന്നു.

*ഈ ലേഖനമെഴുതാൻ അവലംബം നൽകിയത് അറയ്ക്കൽ രാജവംശത്തിലെ കയ്യെഴുത്തുരേഖകളാണ്–ഗ്രന്ഥകർത്താ.

അറേബിയയിൽനിന്നു ഇസ്ലാമിക സന്ദേശവും വഹിച്ചു കേരളത്തിലെത്തിയ ആദ്യകാല ഇസ്ലാമികപരിഷ്ക്കർത്താക്കളായ മാലിക്ബ്നുദിനാറിന്റെയും ഹറഫ്ബിനുമാലിന്റെയും കാലത്തുതന്നെ രൂപവൽകൃതമായ രാജവംശമാണ് അറയ്ക്കൽ. ചേരമാൻ പെരുമാളിന്റെ അറേബ്യയാത്രക്കാലവുമായി ഈ രാജവംശത്തിനു അടുപ്പം കാണാം. ഈ രാജവംശത്തിന്റെ ആദ്യതലസ്ഥാനം ധർമ്മടത്തായിരുന്നു. ചേരമാൻ പെരുമാളിന്റെ സഹോദരി

യായ ശ്രീദേവിയുടെ മകൻ മഹാബലി എന്നറിയപ്പെടുന്ന മുഹമ്മദാലിയാണ് അറയ്ക്കൽ രാജവംശത്തിന്റെ സ്ഥാപകൻ. ധർമ്മപട്ടണത്തിൽ സ്ഥിതിചെയ്തിരുന്ന അരശർ കളങ്കര തറവാടിന്നും നിലനില്ക്കുന്നുണ്ട്. ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ചു രാജ്യഭാരം ഒഴിഞ്ഞപ്പോൾ ശ്രീദേവിക്കായി വിലപിടിച്ച ഉപകരണവസ്തുക്കൾ നല്കിയതായി കേരളചരിത്രം പ്രസ്താവിക്കുന്നുണ്ട്. ശ്രീദേവിയുടെ മകൻ ഇസ്ലാംമതം സ്വീകരിച്ചത് ഹിജ്റാബ്ദം 64-ലാണെന്ന് അറയ്ക്കൽ സ്വരൂപത്തിലെ ചെപ്പേടുകൾ വ്യക്തമാക്കുകയും ചെയ്യുന്നു. ചേരമാൻ പെരുമാളിനെത്തുടർന്ന് ഇസ്ലാംമതം സ്വീകരിച്ച ഈ രാജാവാണ് അറയ്ക്കൽ രാജകുടുംബസ്ഥാപകൻ. അപ്പോൾ ക്രിസ്ത്വബ്ദം ഏഴാം നൂററാണ്ടിൽത്തന്നെ അറയ്ക്കൽ രാജകുടുംബത്തിന്നു സ്ഥിരപ്രതിഷ്ഠ ലഭിച്ചു. അറയ്ക്കൽ സ്വരൂപത്തിലിരിക്കുന്ന ചെപ്പേടുകൾ, നാണയങ്ങൾ, സന്ധിക്കരാറുകൾ, തുടങ്ങിയവ പരിശോധിക്കുമ്പോഴാണ് പ്രസ്തുതരാജവംശത്തിനു കേരളക്കരയിലുണ്ടായിരുന്ന സ്വാധീനശക്തി ഗ്രഹിക്കാൻ കഴിയുന്നത്. അറബിയിലും, അറബിമലയാളത്തിലും, വട്ടെഴുത്തിലും അറയ്ക്കൽ സൂക്ഷിച്ചിരിക്കുന്ന ചരിത്രരേഖകൾ ചരിത്രഗവേഷകന്മാർക്കു നിർമ്മാണമാർഗ്ഗത്തിൽ വെളിച്ചം നല്കുന്നതാണ്. കേരളക്കരയിലെ ഇസ്ലാംമതപ്രചരണത്തിലും കുടിയേറിപ്പാർപ്പിലും അറയ്ക്കൽ രാജകുടുംബത്തിന്ന് അഭേദ്യമായ ബന്ധമുണ്ടായിരുന്നു. തിരസ്ക്കരിക്കാൻ കഴിയാത്ത ചരിത്രസത്യങ്ങൾ മുമ്പിൽവെച്ചുകൊണ്ടുതന്നെ പ്രവാചകന്റെ കാലത്ത് ഇസ്ലാംമതം കേരളത്തിൽ പ്രചരിച്ചെന്നു വിശ്വസിക്കാം. പ്രവാചകന്റെ മരണാനന്തരം രണ്ടു നൂററാണ്ടുകൾക്കുശേഷമാണ് കേരളത്തിൽ മുസ്ലീമിങ്ങൾ വന്നതെന്ന അഭിപ്രായത്തെ എ.ഡി 8-ാം നൂററാണ്ടിൽ അറയ്ക്കൽ രാജവംശം നടപ്പാക്കിയിരുന്ന വെള്ളിനാണയം തന്നെ ഖണ്ഡിക്കുന്നു. അറയ്ക്കൽ രാജയുടെ പേരിൽ അടിച്ചിറക്കിയിരുന്ന നാണയങ്ങൾ 1943-ൽ മദിരാശിയിൽവെച്ചു നടത്തപ്പെട്ട സാംസ്ക്കാരികപ്രദർശനത്തിൽ പ്രദർശിപ്പിച്ചിരുന്നു. പാരമ്പര്യമായി ലഭിച്ച രാജപദവിക്കു കോട്ടം തട്ടാതെ അറയ്ക്കൽ രാജകുടുംബം നൂററാണ്ടുകൾക്കുശേഷവും നിലനിന്നു.

കാലനിർണ്ണയത്തിൽ നമ്മുടെ ചരിത്രഗ്രന്ഥങ്ങളിൽ പാകപ്പിഴ പററിയിട്ടുണ്ട്. ''തുഹ്ഫത്തുൽമുജാഹദിൻ'' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഷെയിക്ക് സൈനുദ്ദീൻ (എ.ഡി.1558) കേരളത്തിലെ ഇസ്ലാംമതപ്രചരണകാലം എ.ഡി.പത്താം നൂററാണ്ടിലാണെന്നു പറഞ്ഞതുകൊണ്ടു തുടർന്നുള്ള മിക്ക ചരിത്രഗ്രന്ഥങ്ങളിലും ഇതു പകർത്തപ്പെട്ടു.പക്ഷെ പേഴ്സ്യൻ ചരിത്രകാരനായ ഇബ്നുആറഫ്ഷായും(1476) അറേബ്യനായ ഫക്കറുദ്ദീന്റാസിയും (1272) മുഹമ്മദ്നബിയുടെ കാലത്തുതന്നെ പശ്ചിമദേശങ്ങളിൽ ഇസ്ലാംമതം പ്രചരിച്ചെന്നു വ്യക്തമാക്കുന്നു. ഇവരുടെ അഭിപ്രായത്തിന്നു പിൻബലം നല്കുന്നതാണ് അറയ്ക്കൽ രേഖകൾ. ''തുഹ്ഫത്തുൽമുജാഹദിന്റെ'' തെളിവുകൾ ഉദ്ധരിച്ചുകൊണ്ടാണ് കെ.പി പത്മനാഭമേനോനും ഡബ്ളിയുഇനാസും, റൗലൺസ്മനും കേരളത്തിലെ ഇസ്ലാംമതാവിർഭാവകാലത്തെപ്പററി പറയുന്ന

ത്. അത് തെററായിരുന്നെന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുള്ള രേഖകൾ വ്യക്തമാക്കുന്നു. പാലിയം, കൊടുങ്ങല്ലൂർ, കൊയിലാണ്ടി തുടങ്ങിയ സ്ഥലങ്ങളിലെ ആദ്യത്തെ പള്ളികൾ പണിതത് ഹിജറ 120–നോടടുത്താണെന്നു(എ.ഡി.700) രേഖകൾകൊണ്ടു തെളിയുമ്പോൾ ആയിരം വർഷങ്ങൾക്കപ്പുറത്താണ് നമ്മുടെ ശ്രദ്ധ ചെന്നെത്തുന്നത്. കൊല്ലം, പന്തലായിനി തുടങ്ങിയ പതിനൊന്നു കേന്ദ്രങ്ങളിൽ ക്രിസ്ത്വബ്ദം 918–ൽതന്നെ മുസ്ലീമിങ്ങൾക്കു കോളനികൾ ഉണ്ടായിരുന്നതായി കേരളം സന്ദർശിച്ച ഫ്രെയർഒഡോറിക് എന്ന സഞ്ചാരിയും വെളിപ്പെടുത്തുന്നു.

അറയ്ക്കൽ കുടുംബത്തലവനായ രാജാവിനു സുൽത്താൻ എന്ന പേരു വീണത് ക്രി: പതിമൂന്നാം നൂററാണ്ടിന്നു ശേഷമാണ്. അതിനുമുമ്പ് ആദിരാജാവെന്നോ ആഴിരാജാവെന്നോ ആണ് വിളിക്കപ്പെട്ടിരുന്നത്. ആദിരാജാവെന്നാൽ ആദ്യത്തെ രാജാവെന്നും ആഴിരാജാവെന്നാൽ കടലിന്റെ ആധിപത്യമുള്ള ആളെന്നും അർത്ഥമുണ്ട്. കേരളത്തിലെ ഏററവും പഴക്കംചെന്ന മരുമക്കത്തായസമ്പ്രദായം അനുസരിക്കുന്ന ഒരു കുടുംബമാണ് അറയ്ക്കൽ. ഈ മരുമക്കത്തായം ചേരമാൻ പെരുമാളിന്റെ പിന്തുടർച്ചയായി ലഭിച്ചതാണ്. കേരളത്തിന്റെ പ്രാചീനസംസ്ക്കാരത്തിന്റെ എല്ലാത്തരം വർഗ്ഗബന്ധങ്ങളും ചില നൂററാണ്ടുകളോളം മുസ്ലീമിങ്ങൾക്കിടയിൽ നിലനിന്നു. ഇന്നും നിശ്ശേഷം അവ മാഞ്ഞുപോയിട്ടില്ല. അറയ്ക്കൽ രാജകുടുംബം കോലത്തിരി തറവാട്ടിൽനിന്നുടലെടുത്തതാണെന്നും കേരളചരിത്രകാരന്മാർ വിശ്വസിച്ചുപോന്നു.

''കണ്ണൂർ, കോലത്തിരി രാജാധിപന്മാരുടെ കീഴിലായിരുന്നു. സാമൂതിരിയുടെ സമനായ കോലത്തിരി രാജാവ് കണ്ണൂർ സ്ഥാരതാമസമാക്കിയിരുന്നു. പ്രസ്തുത രാജാവിന്റെ നായകർ (സമീപർ) ഇസ്ലാംമതം സ്വീകരിച്ചു. അങ്ങിനെ ഒരു മുസ്ലീം രാജകുടുംബം സ്ഥാപിതമായി. പ്രശസ്തനായ അലി രാജാവിന്റെ കാലത്തു ജനങ്ങൾ അദ്ദേഹത്തെ സമുദ്രത്തിന്റെ അധിപതി (സുൽത്താനുൽബഹ്ർ) എന്നു വിളിച്ചു.''*

ഐതിഹ്യമാലയുടെ കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഒരു ചരിത്രകഥയും വിശ്വാസത്തിന്നടിത്തറ പാകിയിട്ടുണ്ട്. കോലത്തിരി തറവാട്ടിലെ ഒരു തരുണിയെ ആപത്തിൽ നിന്നു രക്ഷിച്ച ഒരു മുസ്ലീമിനെ ആ തരുണി ഭർത്താവായി സ്വീകരിക്കുകയാൽ പ്രത്യേക ഇല്ലമായി അവരെ മാററി നിർത്തിയെന്നും അങ്ങിനെയാണ് അറയ്ക്കൽ മുസ്ലീം രാജവംശം ഉടലെടുത്തതെന്നുമാണ് ഐതിഹ്യം.

ഇതൊരു വിരോധാഭാസമാണ്. കോലത്തിരി രാജവംശം ചരിത്രത്തിലുടലെടുക്കുന്നത് ചേരമാൻ പെരുമാളുടെ കാലശേഷമാണ്. കോലത്തിരി സ്വരൂപത്തിന്റെ പ്രതാപകാലമാരംഭിയ്ക്കുന്നതുതന്നെ പതിനൊന്നാം നൂററാണ്ടിലാണ്. കോലത്തിരി രാജവംശം നാടുവാഴിത്തനിലയിൽനിന്നുയർന്നത് ഒമ്പതാം നൂററാണ്ടിന്റെ അന്ത്യത്തിലാണ്. അങ്ങിനെ വരുമ്പോൾ ആദ്യമുത്ഭവിച്ച അറ

യ്ക്കൽ രാജവംശവുമായി ബന്ധപ്പെടാൻ വഴി കാണുന്നില്ല. അറയ്ക്കൽ രാജകുടുംബം കോലത്തിരി തറവാട്ടിലെ ശാഖയല്ല. ''ചേരനാട്ടുചെയ്തികൾ'' എന്ന ചരിത്രഗ്രന്ഥത്തിലും കോലത്തിരിയുടെ വൈരിയായി അറയ്ക്കൽ രാജയെചിത്രീകരിച്ചിട്ടുണ്ട്.

യൂറോപ്പിന്റെ മിക്ക ഭാഗങ്ങളിലും, അറേബ്യയിലും, അയൽദേശങ്ങളിലും വ്യാപാരമത്സരം ആരംഭിച്ച പതിനൊന്നാം നൂററാണ്ടോടുകൂടിയാണ് അറയ്ക്കൽ രാജവംശം ലോകശ്രദ്ധയിൽ പെട്ടത്. ധർമ്മടത്തുനിന്ന് വ്യാപാര സൗകര്യാർത്ഥം കണ്ണൂരിലേക്ക് താമസം മാററിയ അറയ്ക്കൽ രാജാവ് പുതിയ പാണ്ടികശാലകളും കോട്ടകളും പണിതുതുടങ്ങി. മലഞ്ചരക്കുകച്ചവടത്തിന്റെ കേന്ദ്രമായി കണ്ണൂർ ചരിത്രത്തിൽ പ്രാധാന്യം നേടുന്നത് അറയ്ക്കൽ രാജാവിന്റെ വരവോടുകൂടിയാണ്. കുരുമുളക്, ഏലം, കറുവിലപ്പട്ട തുടങ്ങിയ ഉല്പന്നങ്ങളുടെ വ്യാപാരകുത്തക അറയ്ക്കൽ രാജാവ് കൈയടക്കി. ഈജിപ്ത്, ആഫ്രിക്ക, ലെബനോൺ അറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ വ്യാപാരക്കമ്പോളങ്ങളിൽ ''കച്ചവടക്കാരനായ അറയ്ക്കൽ രാജാ''വിന്റെ പേരുയർന്നു. വിദേശമാതൃകയിലുള്ള കെട്ടിടനിർമ്മാണവും, പട്ടണപരിഷ്ക്കരണവും, പട്ടാളപരിശീലനവും അറയ്ക്കൽ രാജാവ് നടപ്പിൽ വരുത്തി. ഒരു രാഷ്ട്രത്തിന്റെ ഭദ്രതയ്ക്കാവശ്യമായ ചുററുപാടുകൾ സൃഷ്ടിച്ചു. വിദേശ വ്യാപാരികളെ ആകർഷിക്കാനുള്ള തുറമുഖപരിഷ്ക്കരണങ്ങൾ നടപ്പാക്കി., സമുദ്രത്തിന്റെ ആധിപത്യം തന്നെ കൈയടക്കി. മാലദ്വീപ്,, ലക്ഷദ്വീപ്, അന്ത്രോത്തുദ്വീപ് തുടങ്ങിയവയുടെ മേൽനോട്ടവും ഏറെറടുത്തു. ചിറയ്ക്കൽ രാജകുടുംബവുമായി ഇണങ്ങിയും പിണങ്ങിയും അറയ്ക്കൽ രാജാവ് തന്റെ നിലപാട് സുരക്ഷിതമാക്കി. ദൂരരാജ്യങ്ങളിൽ അറയ്ക്കൽ കുടുംബത്തിലെ വ്യാപാരക്കപ്പലുകൾ ചെന്നെത്തിയിരുന്നു. പുതിയ പുതിയ വ്യാപാര ഉടമ്പടികൾ ഉണ്ടാക്കുമ്പോൾ പായ്ക്കപ്പലുകളും മറ്റു ചരക്കുകപ്പലുകളും മററും പ്രത്യേകം പണിതീർത്തിരുന്നു. കേരളക്കരയിലെ കപ്പൽ നിർമ്മാണത്തിൽ കണ്ണൂർ തുറമുഖം പ്രശസ്തിനേടി. കണ്ണൂരിന്റെ അഭിവൃദ്ധി അയൽ തുറമുഖങ്ങളിലും വ്യാപാരകാര്യത്തിൽ മാററങ്ങൾ വരുത്തി. മാലദ്വീപുകളുടെ ഭരണാധികാരം അറയ്ക്കൽ രാജകുടുംബത്തിന്റെ കീഴിൽ വന്നതോടുകൂടി രാഷ്ട്രീയമായ പല മാററങ്ങളും മലബാറിലുണ്ടായി. മാലദ്വീപുകാർ സ്വയംനിർണ്ണയാവകാശത്തിന്നായി മുറവിളി കൂട്ടി. ഹൈദരാലിയും, ടിപ്പുവും അറയ്ക്കൽ സേനയുടെ സഹായത്തോടുകൂടി വൈദേശികശക്തികളെ ചെറുത്തുനിന്നു. അക്കാലങ്ങളിലെല്ലാം കോലത്തിരിപട്ടാളം അറയ്ക്കൽപടയെ ഭീഷണിപ്പെടുത്തുകയുണ്ടായി. രണ്ടുപ്രാവശ്യം രണ്ടു സൈന്യങ്ങളും കൂട്ടിമുട്ടി. രണ്ടുകൂട്ടർക്കും നാശനഷ്ടങ്ങൾ സംഭവിച്ചു. മലബാറിലെ രാജകുടുംബങ്ങളുടെ മത്സരത്തിൽ കടന്നുകൂടി പോർത്തുഗീസുകാർ മുതലെടുത്തു. തങ്ങളുടെ വ്യാപാരശക്തി വർദ്ധിപ്പിക്കാനെന്ന വ്യാജേന 1505–ൽ പോർത്തുഗീസ് സേന കണ്ണൂർ ഒരു കോട്ട പണിതു. മലബാറിലെ ശക്തി ക്ഷയിച്ചുവരുന്ന രാജ

കുടുംബങ്ങൾക്ക് ഈ കോട്ട ഒരു പേടിസ്വപ്നമായിത്തീർന്നു. പതിമൂന്നുപ്രാവശ്യം ഈ കോട്ട പിടിച്ചെടുക്കാൻ പൊരിഞ്ഞ യുദ്ധം തന്നെ നടന്നിട്ടുണ്ട്.

സൈനികപ്രാധാന്യമുള്ള ഈ കോട്ട നാടിന്റെ ജയാപജയങ്ങളുടെ സങ്കേതമാണെന്നു ഗ്രഹിക്കാൻ പ്രയാസമുണ്ടായില്ല. ഡച്ചുകാർ വിജയക്കൊടി ഉയർത്തിയ ഘട്ടത്തിലും അറയ്ക്കൽ കുടുംബത്തിന്റെ സൈനികശക്തിക്ക് കോട്ടം തട്ടിയിരുന്നില്ല. ധീരന്മാരായ കടൽ സഞ്ചാരികൾ വഴി വിദേശരാജ്യങ്ങളുമായി അറയ്ക്കൽ രാജാവ് ഉടമ്പടികൾ ചെയ്തു. ഈജിപ്ത്, ടർക്കി, ഇറാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെ സൗഹാർദ്ദപ്രതിനിധികളെ (അമ്പാസിഡർമാരെ) രാജാവു സ്വീകരിച്ചു. അറയ്ക്കൽ രാജകുടുംബത്തിന്റെ നയതന്ത്രജ്ഞതയിൽ അത്ഭുതവും ഭയവും ജനിച്ച ഡച്ചുകാർ കണ്ണൂർകോട്ട 1770–ൽ രണ്ടുലക്ഷം ഉറുപ്പികയ്ക്കു അറയ്ക്കൽ ബീബിക്കു വിററു. പുറത്തുനിന്നുള്ള ഏതൊരാക്രമണത്തെയും തടയുവാനായി രാജ്യരക്ഷാവിഭാഗം ബലപ്പെടുത്തി; നാവിക, കാലാൾ, കുതിര തുടങ്ങിയ എല്ലാ പട്ടാളവിഭാഗങ്ങളും സംഘടിപ്പിച്ചു. സ്വന്തം രാജ്യത്തിന്നായി മരിക്കാൻ തയ്യാറാണെന്ന പ്രതിജ്ഞയിൽ ഭടന്മാർ ഒപ്പുവെച്ചു. അറയ്ക്കൽ രാജവംശത്തിലെ പട്ടാളത്തിന്റെ വിശ്വസ്തതയും ധീരോദാത്തതയും അറിഞ്ഞ ഹൈദരാലി ഖാൻ മലബാറിലെത്തി ബീബീയുമായി സന്ധിയുണ്ടാക്കി. ടിപ്പു സുൽത്താനും ഈ സന്ധിയുടെ വെളിച്ചത്തിൽ ചില ഉടമ്പടികൾ ചെയ്തു. രാജ്യരക്ഷയ്ക്കായുള്ള സൈനികശക്തിയിൽ ടിപ്പു ശ്രദ്ധിച്ചു. ടിപ്പു രാജ്യതന്ത്രപരമായ കാര്യങ്ങളിൽ മേൽനമോട്ടം വഹിച്ച് ബീബീയുടെ ബഹുമാന്യാതിഥിയായി കണ്ണൂർ കുറെക്കാലം താമസിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനിയുമായുള്ള അവസാനയുദ്ധത്തോടുകൂടിയാണ് ടിപ്പുവിന്റെ ബന്ധം അറയ്ക്കൽനിന്നു വേർപെട്ടത്.

ടിപ്പുവിന്റെ തിരോധാനത്തിനുശേഷം അറയ്ക്കൽ രാജകുടുംബത്തിന്റെ അധ:പതനവും ആരംഭിച്ചു. ടിപ്പു സ്വദേശത്തിന്റെ വിമോചനസേനാനിയായിരുന്നുവെന്ന കാരണത്താൽ വെള്ളക്കാർക്ക് അടക്കാനാവാത്ത അമർഷമുണ്ടായിരുന്നു. ചിറയ്ക്കലും മററയൽരാജ്യങ്ങളും ടിപ്പുവിന്നെതിരായി ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ചേരിയിലേയ്ക്കു മാറി. ഈ മാററം അറയ്ക്കൽ രാജകുടുംബത്തിന്റെ നാശത്തിന്നു വഴിതെളിയിച്ചു. പ്രഥമഘട്ടത്തിൽ മമതയിൽ കഴിഞ്ഞ വെള്ളക്കാർ കാര്യത്തോടടുത്തപ്പോൾ തനിനിറം കാണിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ലക്ഷ്യം കണ്ണൂർകോട്ട സ്വായത്തമാക്കുകയായിരുന്നു. രണ്ടാമത്തേത് അറയ്ക്കൽ രാജകുടുംബത്തിന്റെ വ്യാപാരക്കുത്തക പിടിച്ചടക്കുക. 1793–ൽ കോട്ടയും, സൈനികപരിശീലനത്തിനായി കോട്ടമൈതാനവും പിടിച്ചുവാങ്ങി. 1905–ലെ വെള്ളക്കാരുടെ ജൈത്രയാത്രയുടെ ചരിത്രം നാട്ടുരാജ്യങ്ങളെ ഒന്നൊന്നായി പാട്ടിലാക്കുന്ന ചരിത്രമായിരുന്നു. വലിയ ധനാഗമമാർഗ്ഗമായിരുന്ന ദ്വീപുഭരണം തട്ടിയെടുത്തതോടുകൂടി വെള്ളക്കാർക്ക് പരിപൂർണ്ണ തൃപ്തി വന്നു. ഇരുപതാംനൂററാണ്ടിന്റെ ആദ്യഘട്ടമായപ്പോഴേക്കും രാജവംശത്തിന്റെ ഉടവാൾപോലും ബ്രിട്ടീഷുകാർ പിടിച്ചുപററി.

1793–ലും 1796–ലും അറയ്ക്കൽ കുടുംബവുമായി ബ്രിട്ടീഷുകാർ ചില ഉടമ്പടികളിൽ ഒപ്പുവെച്ചിരുന്നു. ഉടമ്പടിയുടെ നിശ്ചയപ്രകാരം ദ്വീപുകളുടെ ആദായത്തിൽ ഒരു ഓഹരി കമ്പനിയ്ക്കു നല്കാമെന്നുണ്ടായിരുന്നു. പിന്നീട് ഓഹരി സംഖ്യ കൂട്ടിക്കൂട്ടി മുഴുവനും വിഴുങ്ങുന്ന സമ്പ്രദായം ബ്രിട്ടൺ സ്വീകരിച്ചു. അറയ്ക്കൽ രാജവംശത്തെ ഉടമസ്ഥാവകാശത്തിൽനിന്നു നിശ്ശേഷം മാററി. സ്വരൂപത്തിന്നെതിരായി ദ്വീപുകളിൽനിന്നും നാട്ടുകാരിൽനിന്നും ആക്ഷേപങ്ങൾ കമ്പനിയ്ക്കു ലഭിക്കുകയായി. അങ്ങനെ ഉപചാപങ്ങളിലൂടെ സ്വാതന്ത്ര്യസമരത്തിൽ ടിപ്പുവിനു പിൻബലം നല്കിയെന്ന കാരണത്താൽ രാജകുടുംബത്തിന്റെ നിലനില്പിനുതന്നെ കത്തിവെച്ചു. രാജകുടുംബത്തിലെ എല്ലാ സ്വത്തുക്കളും ജപ്തി ചെയ്യാനാണ് പിന്നീടുള്ള ശ്രമം. നിശ്ചിതസംഖ്യയിൽ കുടിശ്ശികയുണ്ടെന്ന കാരണം  കാണിച്ചു മദ്രാസ് ഗവർണ്ണരുടെ അനുമതിയോടുകൂടി ജപ്തി നടന്നു. രാജകുടുംബത്തിന്റെയും ബീബിയുടെയും സ്വന്തം സാധനങ്ങൾ ജപ്തി ചെയ്യുന്നതു അന്യായമാണെന്നു കാണിച്ച് കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന് ആക്ഷേപം ബോധിപ്പിച്ചു. ബോർഡിന്റെ വിധി ബീബിക്കനുകൂലമായിരുന്നു. 1861–ൽ പിടിച്ചെടുത്ത സ്ഥലങ്ങൾ തിരിച്ചേൽപ്പിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുടെ പഴയ കാലത്തെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനം പ്രത്യക്ഷത്തിൽ സ്വീകരിച്ചെങ്കിലും എങ്ങനെയെങ്കിലും അറയ്ക്കൽ കുടുംബം തകർത്തേ മതിയാകൂ എന്ന് ബ്രിട്ടീഷുകാരനായ മദ്രാസ്സ് ഗവർണ്ണർ തീരുമാനിച്ചു. 1793–ലെ ഭീകരമായ ഒരു കൂട്ടക്കൊലയ്ക്കുശേഷമാണ് കണ്ണൂർകോട്ട കമ്പനി പിടിച്ചടക്കിയത്. ഏതാനും ദിവസങ്ങളോളം നീണ്ടുനിന്ന ഒരു യുദ്ധത്തിന്റെ ഫലമായി ബീബിയുടെ ഭർത്താവായ രാജാവും മററനവധി പ്രമുഖന്മാരും മരിച്ചു. മാപ്പിളപ്പട്ടാളത്തെ പരാജയപ്പെടുത്തുന്ന കാര്യത്തിൽ ആദ്യമാദ്യം കമ്പനി പരാജയപ്പെട്ടു. തുടർന്നുള്ള ആക്രമണത്തിൽ അവർ വിജയിച്ചു. രണ്ടുലക്ഷത്തിൽപ്പരം ഉറുപ്പിക കമ്പനിക്കാർ യുദ്ധനഷ്ടം വാങ്ങി. 1796–ലെ സന്ധിക്കരാറുപ്രകാരം കണ്ണൂർകോട്ട നിരുപാധികം കമ്പനിയ്ക്കു വിട്ടുകൊടുത്തു. കച്ചവടക്കാര്യത്തിൽ കമ്പനി അനിയന്ത്രിതമായി കൈകടത്തി. വിദേശവ്യാപാരികൾ കയററിക്കൊണ്ടുപോകുന്ന ചരക്കുകൾക്ക് അമിതമായ ചുങ്കം ചുമത്തി. അതോടുകൂടി വിദേശവ്യാപാരികൾ ആയിരത്തിൽപ്പരം വർഷങ്ങളായി തുടർന്നുപോന്ന അറയ്ക്കൽ രാജകുടുംബവുമായി നിലനിന്നിരുന്ന കച്ചവടക്കരാറിൽനിന്നു വ്യതിചലിച്ച് കമ്പനിയുടെ ഭീഷണിക്കു വഴങ്ങി. പുറത്തുനിന്നു രാജകുടുംബത്തിന്നുവരുന്ന ചരക്കുകൾക്ക് ചുങ്കം ചുമത്തി. കുരുമുളകിന്റെ വ്യാപാരക്കുത്തക കൈയടക്കിയതോടെ കമ്പനിയ്ക്കു നിവർന്നുനിൽക്കാറായി.

1793–ലെ ലഹളക്കാലത്ത് അറയ്ക്കൽനിന്നു ആക്രമിച്ചുകൊണ്ടുപോയ വസ്തുക്കളിൽ വിലപിടിച്ച തളികകൾ, രത്നഖചിതമായ ഉടവാൾ, ലോഹനിർമ്മിതമായ കിരീടവും കട്ടിലും ഇവ ഉൾപ്പെട്ടിരുന്നു. ഈ സാധനങ്ങളുടെ വില 26 ലക്ഷം ഉറുപ്പികയാണെന്ന് ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ

നിഷ്പക്ഷാന്വേഷണകമ്മീഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം മടക്കി ക്കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതുപോലെയൊന്നും ബ്രിട്ടീഷു കാർ ചെയ്തില്ല. രാജകീയാചാരങ്ങൾ തന്നെ നടപ്പാക്കുന്നതിലും ആചരിക്കു ന്നതിലും ബ്രിട്ടീഷുകാർ കൈ ചെലുത്തി. അറയ്ക്കൽസ്വരൂപത്തിന്റെ തകർച്ചയ്ക്ക് ദൃക്സാക്ഷിയായി നിന്ന ജൂനമ്മബീബി 1819–ൽ അന്തരിച്ചു.

ഓരോ കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള സന്ധിക്കരാറുകളുടെയും ഉടമ്പടി കളുടെയും രേഖകൾ ഇന്നും സൂക്ഷിക്കപ്പെടുന്നു. നയതന്ത്രജ്ഞതയില്ലാത്ത ഒരു റാണിയായതുകൊണ്ടാണ് രാജവംശം അധ:പതിച്ചതെന്നു പ്രത്യക്ഷ ത്തിൽ കാണാമെങ്കിലും ബ്രിട്ടീഷുകാരുടെ അന്യായമായ കൊള്ളയും കൈകടത്തലുമാണ് എല്ലാവിധ അധ:പതനത്തിനും മൂലകാരണമെന്നു നിഷ്പ ക്ഷമതികൾ സമ്മതിയ്ക്കും. അവർ എഴുതിയ വ്യവസ്ഥകൾ അവർ തന്നെ ലംഘിക്കുകയെന്നത് സാധാരണമായിരുന്നു. വേലുതമ്പിദളവയുടെയും, ടിപ്പു വിന്റെയും മാർഗ്ഗങ്ങൾ തുടർന്നു സമരം ചെയ്തു രണഭൂമിയിൽ വീഴാൻ അറ യ്ക്കൽ ബീബി അക്കാലത്തു തയ്യാറായിരുന്നില്ല. സമാധാനമാർഗ്ഗങ്ങൾ ആശി ച്ചതുകൊണ്ട് നീണ്ടകാലത്തെ സമരത്തിനും സന്ധികൾക്കും ശേഷം സ്വയം നശിക്കാനാണ് അവർക്ക് സാധിച്ചത്. സന്ധിക്കരാറുകളിലും വ്യാപാര ഉടമ്പടി കളിലും സത്യസന്ധത പരിപാലിക്കുന്നതിൽ അറയ്ക്കൽ രാജകുടുംബം മുൻപന്തിയിൽതന്നെ നിന്നു. പോർത്തുഗീസ് ചരിത്രകാരന്മാരും, ഡച്ചുകാരും സ്വരൂപത്തിന്റെ സത്യസന്ധതയെ പല ഘട്ടങ്ങളിലും പുകഴ്ത്തിയിട്ടുണ്ട്. ശിക്ഷണബോധമുള്ള ഒരു സൈന്യവും, സ്നേഹവും പരസ്പരവിശ്വാസവും വളർത്തിയിരുന്ന ജനതയും അറയ്ക്കൽ രാജകുടുംബത്തിന്റെ പ്രശസ്തിക്കു നിദാനമായിരുന്നു. ''അറയ്ക്കൽ രാജാക്കന്മാർ വിശ്വസ്തതയ്ക്കു കീർത്തി നേടിയവരാണെന്നു ചരിത്രമുൽഘോഷിക്കുന്നുണ്ട്. പ്രബലരായ കണ്ണൂർ ആലിരാജാക്കന്മാർ സ്വേച്ഛാധിപതികളായിരുന്നില്ല. നികുതിയും ചുങ്കവും രാജ്യമുതലെടുപ്പിൽ പ്രധാന പങ്കു വഹിച്ചിരുന്നു. ഖജനാവിന്ന് നാലു താക്കോലുകൾ സൂക്ഷിച്ചിരുന്നു. ഒന്ന് രാജാവും, മറ്റൊന്ന് വ്യാപാരത്തലവ നും, വേറൊന്ന് ന്യായാധിപനും, നാലാമത്തേത് പണം സൂക്ഷിപ്പുകാരനായ ഖജാൻജിയും കൈവശം സൂക്ഷിച്ചിരുന്നു. നാലുപേരും പണം എടുക്കു മ്പോൾ സന്നിഹിതരായിരുന്നു.''*

കേരളക്കരയ്ക്കു വിദേശങ്ങളിൽ സുഹൃൽപ്രതിനിധികളെ നിയമിച്ചതും വ്യാപാരബന്ധം വളർത്തിയതും അറയ്ക്കൽ രാജകുടുംബമാണ്. കേരള ത്തിലെ മുസ്ലീമിങ്ങളുടെ ഇടയിൽ ദേശാഭിമാനവും സംഘടനാബോധവും വളർത്താൻ അവർക്കു കഴിഞ്ഞു. ചരിത്രകാരനായ എഫ്.എസ്സ് .ഡേവിഡിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ ''കളവും ചതിയും നിഷിദ്ധമായി കല്പിക്കു കയും, സത്യവും സ്നേഹവും മുദ്രാവാക്യമായി അംഗീകരിക്കുകയും ചെയ്ത മുസ്ലീംരാജാവിന്റെ പ്രശസ്തപാരമ്പര്യം മററുള്ളവർക്കുകൂടി മാതൃക യായിത്തീർന്നു.......”

ഒരു പുതിയ കേരളചരിത്രം നിർമ്മിക്കുമ്പോൾ ചരിത്രാന്വേഷകന്മാർക്ക് അറയ്ക്കൽ രാജവംശത്തിലെ കൈയെഴുത്തുരേഖകൾ പ്രയോജനപ്പെടും. ഇക്കാലമത്രയും നമ്മുടെ മുൻഗാമികളായ ചരിത്രകാരന്മാർ തുടർന്നുപോന്ന ബഹിഷ്ക്കരണനയം നാമെങ്കിലും ഉപേക്ഷിക്കണം.ശാസ്ത്രീയവീക്ഷണം ഗവേഷണമാർഗ്ഗത്തിൽ ഉയർന്നുകാണാനാഗ്രഹിക്കുന്ന പുത്തൻജനതയുടെ മുമ്പിൽ ഐതിഹ്യങ്ങളുടെ കടലാസുകോട്ടകൾക്കുപകരം വസ്തുനിഷ്ഠമായ സത്യത്തിന്നു പ്രാധാന്യം നൽകണം.

## 5. തുളുവും കേരളവും

പൗരാണികകേരളത്തിന്റെ സാംസ്ക്കാരികപ്രബുദ്ധതയെപ്പററി വർണ്ണപ്പകിട്ടേറിയ പല ചിത്രങ്ങളും നമ്മുടെ മുമ്പിൽ നിരത്തിവെച്ചിട്ടുണ്ട്. പ്രസ്തുതചിത്രങ്ങളുടെ ഭാവാവിഷ്ക്കരണഭംഗിക്ക് മഹത്തായ ജീവൻ നല്കിയ കേന്ദ്രമേതാണെന്നു കണ്ടുപിടിക്കാൻ ശാസ്ത്രീയമായ ഒരന്വേഷണം നടത്തേണ്ടിയിരിക്കുന്നു. പ്രാചീന ഇതിഹാസങ്ങളിലും, പുരാണങ്ങളിലും, തദനന്തരം നിർമ്മിതമായ സങ്കല്പചിത്രരേഖകളിലും കേരളത്തിന്റെ ആത്മീയപാരമ്പര്യത്തെപ്പററി പ്രകീർത്തിച്ചുകാണാം. രാമായണത്തിലും, വായുപുരാണത്തിലും, രഘുവംശത്തിലും കേരളം ചർച്ചാവിഷയമാണ്. ഋഗ്വേദത്തിന്റെ നിർമ്മാണകാലഘട്ടത്തിലും കേരളം സ്പർശനവസ്തുവായിട്ടുണ്ട്. ആ കാലഘട്ടങ്ങൾക്കുശേഷം പരിഷ്ക്കാരങ്ങളുടെ പരിവേഷമണിഞ്ഞു കേരളം പുതിയ രൂപം പൂണ്ടു. എന്നാലും ആദിമനിവാസികളുടെ ജീവിതരീതിയും ആചാരക്രമങ്ങളും ചരിത്രവിജ്ഞാനത്തിന് മഹാസംഭാവനകൾ നൽകുന്ന മൂലഘടകങ്ങളാണ്. ഇന്നത്തെ മലയാളികളുടെ പൂർവ്വകാല പ്രാകൃതാവസ്ഥയെക്കുറിച്ചു പഠനം നടത്തുമ്പോൾ തുളുനാടിന്റെ ചരിത്രത്തിലേക്കു ശ്രദ്ധചെലുത്തുന്നത് ഉപയോഗപ്രദമായിരിക്കും. തുളുനാടും കേരളവും തമ്മിൽ നൂറ്റാണ്ടുകൾക്കുമുമ്പേ അഭേദ്യമായ സാംസ്ക്കാരികബന്ധം സ്ഥാപിച്ചിട്ടുണ്ട്. തുളുനാടിന്റെ തളർച്ചയും, വളർച്ചയും, ആചാരവും, ജീവിതരീതികളും കേരളത്തിലെ സാമൂഹ്യക്രമത്തിൽ പ്രതിഫലിച്ചുകാണാം.

കേരളചരിത്രത്തിൽ നാഗന്മാർക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. പ്രാചീനകേരളത്തിന്റെ സാംസ്ക്കാരിക മുന്നേററത്തിന്നു നേതൃത്വം നല്കിയ നാഗപരമ്പരകളുടെ ആചാരാവശിഷ്ടങ്ങൾ ഇന്നും കേരളീയരിൽ കാണാം. ''മുൻകുടുമ'' കെട്ടി നാഗങ്ങളെ പൂജിക്കുന്നതിൽ തുളുനാട്ടുകാരും പ്രസിദ്ധരാണ്. വിവാഹം, മരണം തുടങ്ങിയ കാര്യത്തിലും കേരളത്തിന്റെ പ്രാകൃതാചാരങ്ങൾ അവർ അനുഷ്ഠിച്ചുപോരുന്നു. തുളുവിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ–കേരളീയാചാരക്രമങ്ങൾ വ്യക്തമാകുന്നവയാണ്. പുരാതനകേരളത്തിലെ ആദിമനിവാസികളായ ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട കോലാര്യന്മാരാണ് തുളുനാട്ടുകാരെന്ന് എസ്.കെ അയ്യങ്കാരടക്കമുള്ള ഒരു വിഭാഗം ചരിത്രകാരന്മാർ പ്രസ്താവിച്ചിരിക്കുന്നു. പ്രസിദ്ധ കർണ്ണാടക ചരിത്രകാരനും ആസ്ഥാന കവിയുമായ ശ്രീ.ഗോവിന്ദപ്പൈയുടെ വിദഗ്ധാഭിപ്രായം പ്രസ്തുതകാര്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്.

*ദക്ഷിണകേരളത്തിലെ മുക്കുവന്മാരെ ''പംഗന്മാർ'' എന്നു വിളിക്കുന്നുണ്ട്. തുളുവിലെ ''ശംഖന്നൂർ'' നിവാസികൾ പംഗന്മാരാകാനാണ് മാർഗ്ഗം കാണുന്നത്. തുളുനാട്ടിലെ മഞ്ചേശ്വരത്തിന്ന് ''സംഗമലൈ'' എന്നു പേരുണ്ട്. ഈ

നാട്ടിലെ ജനങ്ങളുടെ ജീവിതരീതിയിലും കേരളീയസാമ്യം കാണുന്നു. നാഗന്മാർ എന്ന അപരനാമത്തിലറിയപ്പെടുന്ന പ്രാചീനകേരളനിവാസികൾ ഉത്തര കർണ്ണാടകജില്ലയിലെ ഗോകർണ്ണാക്ഷേത്രത്തിന്നുസമീപം കുടിയേറിപ്പാർത്ത തായി ജീമൂതവാഹനകഥയിൽ കാണാം. ''തുളുക്കാർ'' എന്ന പേരിൽ തമിഴരും ഗുജറാത്തികളും മലവർഗ്ഗക്കാരെ വിളിച്ചിരുന്നതായി രാമചന്ദ്രദീക്ഷിതർ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ പറയുമ്പോൾ കർണ്ണാടകരാജാവിന്റെ ചരിത്ര കാരനായ ഹർഷരി ''മുഗേരർ'' എന്നാണ് സംബോധന ചെയ്യുന്നത്. പശ്ചിമ തീരത്ത് അധിവസിച്ചിരുന്നവരെ ''മുഗേർസ്'' എന്ന് അറബിസഞ്ചാരികളും വിളിച്ചിരുന്നു. ഈ മുഗേരർസംജ്ഞയ്ക്ക് പിൻബലം നൽകുന്ന ഒരു പദ്യം ഹരിവംശം വിഷ്ണുപർവ്വത്തിൽ കാണാം.

* ഗോവിന്ദപ്പൈയുടെ കർണ്ണാടകസാഹിത്യ ചരിത്രം.

''ഹരിതോപിസമുദ്രസ്യ

ദീപം സമഭീ പാലയൻ

തസ്യദാശാ ജലമഗ്നാ

മുദ്ഗരാ നാമവിശ്രുതാ

യേ ഹരന്തി സദാ ശംഖാൻ

സമുദ്രോദരചാരിണം''

സമുദ്രദീപം എന്ന രാജ്യം ഭരിച്ചിരുന്ന ഹരിതരാജാവിന്റെ പ്രജകൾ സമുദ്രാന്തർഭാഗത്ത് മുങ്ങിത്തപ്പി ശംഖുകൾ ശേഖരിച്ച് കാലയാപനം ചെയ്തിരുന്നു. മുദ്ഗരരായ മുങ്ങിത്തപ്പുകാർ ലോപിച്ച് ''മുഗേരർ'' ആയെന്നാണ് വിഷ്ണുപർവ്വവ്യാഖ്യാതാവായ ശ്രീ: നീലകണ്ഠശാസ്ത്രികൾ അഭിപ്രായപ്പെടുന്നത്. ഗോവിന്ദ പൈ സൂചിപ്പിച്ച മുക്കുവന്മാരുടെ ബന്ധവും ഇത് വെളിപ്പെടുത്തുന്നു. പടിഞ്ഞാറൻ കരയിലെ ആദിമവർഗ്ഗക്കാരുടെ പിൻഗാമികൾതന്നെയാണ് ഇന്നത്തെ തുളുനാട്ടുകാരെന്നു അസന്നിഗ്ദമായി പറയാം.

തുളുനാടിന്റെ പ്രശസ്തി ക്രി.ആറും ഏഴും നൂററാണ്ടുകളിൽ ഇന്ത്യയ്ക്കുപുറത്ത് എത്തിയിരുന്നു. ടോളമിയും പ്ലീനിയും ഈ രാജ്യത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. രംഗമ, ആളുക, ശാന്തിക എന്നീ പേരുകളും തുളുനാടിനുണ്ട്. പുലികേശന്റെയും ചാലൂക്യവംശജനായ മംഗലേശന്റെയും രേഖകളിലും സമ്പൽസമൃദ്ധിയുള്ള രാജ്യമെന്ന അർത്ഥത്തിലാണ് തുളുനാടിന് പ്രാധാന്യം നല്കിയത്. ''തുലൂക്കാബാദ്'' എന്ന് തുളുനാടിനെ അറബികൾ സംബോധന ചെയ്യുന്നു.''

*‘‘മലബാറിലെ സമീപപ്രദേശമായ തുലൂക്കാബാദിൽ വിലകൂടിയ ഉത്പ ന്നങ്ങളുണ്ട്. ഏലക്കായ്, ജാതിപത്രി, അടയ്ക്ക, കുരുമുളക് എന്നിവ ഇവിടെ സമൃദ്ധിയായി ഉണ്ടാകുന്നു. ബിലാദുൽ ഫുൽ ഫുൽ (കുരുമുളകിന്റെ നാട്) മഅ്ദനെ തൽബുൽ (വെററിലയുടെ കേന്ദ്രം) എന്നെല്ലാം പേരുകേട്ട മലബാ റിന്റെ ഒരു ഭാഗം തന്നെയാണിത്. സുഖവാസസസ്ഥലമായി ഇവിടം കരുതു ന്നു. പുറംരാജാക്കന്മാരുടെ സ്വാധീനശക്തി ഈ നാട്ടിൽ കാണാം. മല ബാർകരയിലെ ജനങ്ങളുടെ ആചാരക്രമങ്ങൾ ഇവർ അനുഷ്ഠിക്കുന്നു. വ്യാപാരഭാഷയായ തുളുവിൽ ഗ്രന്ഥങ്ങൾ കുറവാണ്. എല്ലാ ഭാഷയുടേയും കലർപ്പാണ് തുളു. ജനങ്ങൾ ശാന്തരും പ്രയത്നശാലികളുമാണ്. നാഗപട്ടണ ത്തിൽനിന്നും, അസ്സാമിൽനിന്നും കുടിയേറിപ്പാർത്തവരേയും കാണാം.’’ മറ്റൊരു സഞ്ചാരിയുടെ വിവരണം ഇങ്ങിനെയാണ്:

‘‘കേരളത്തിന്റെ പർവ്വതനിരകളെ ഉരുമ്മിക്കിടക്കുന്ന മനോഹരങ്ങളായ പ്രദേശങ്ങൾ എന്നെ ആകർഷിച്ചു. വ്യവസായതല്പരർ താവളമടിച്ചിരിക്കുന്ന തുല്ക്കാട്(തുളുനാട്) വിഭവങ്ങളുടെ കലവറയാണ്. ജനങ്ങൾ പ്രായേണ അപരിഷ്കൃതരാണെങ്കിലും കച്ചവടത്തിൽ അവർക്ക് ശ്രദ്ധയുണ്ട്. നാടൻജീവിതത്തിൽ അവരുടെ പ്രകൃതവാസനകൾ നിഴലിച്ചുനിൽക്കുന്നു. കേരളത്തിൽനിന്നു വിട്ടുപിരിഞ്ഞുപോന്ന ഒരു വിഭാഗം ആളുകളുടെ രാജ്യമാ ണിത്. അവർക്ക് പർവ്വതങ്ങളിൽ സ്ഥിതിചെയ്യുന്ന ഏതോ ഒരു ദൈവമുണ്ട്. സ്നേഹമുള്ള ഒരു രാജാവും. കേരളക്കരയിലെ അനുഭവങ്ങൾ തന്നെയാണി വിടെ ഉണ്ടാകുന്നത്. വെററിലക്കൃഷിക്ക് ഈ രാജ്യം പ്രസിദ്ധമാണ്. മറെറല്ലാ വനോല്പന്നങ്ങളും ഇവിടെ ലഭിക്കുന്നു. വിവിധങ്ങളായ കാഴ്ചപ്പാടുകളി ലൂടെയാണ് സഞ്ചാരികൾ തുളുനാടിന്നു കാണുന്നത്. ‘‘തുളു’’ എന്നതിന്റെ ഉല്പത്തിസ്ഥാനത്തെപ്പററി ഭാഷാശാസ്ത്രജ്ഞന്മാർ ഇന്നും വിവിധാഭിപ്രായ ക്കാരാണ്. ‘‘തുളുമ്പൻ പെരുമാളു’’ടെ സ്മരണയ്ക്കുവേണ്ടിയാണിപ്പേരിട്ട തെന്നു ചിലർ വാദിക്കുന്നു. പെരുമാളുടെ സുഖവാസകേന്ദ്രമായി വളരെ ക്കാലം പരിലസിച്ചിരുന്ന തുളുനാടിന്ന് അതുകൊണ്ടാണ് ഈ പേരുണ്ടായത്. ബ്രാഹ്മണപുരോഹിതന്ന് സൗജന്യമായി ലഭിച്ച നാടാണിതെന്ന് ഐതിഹ്യമു ണ്ട്. പാപപരിഹാരാർത്ഥം രോഹിലകണ്ഠത്തിൽനിന്നു വന്ന ഒരു ബ്രാഹ്മ ണൻ ‘‘കദംബകുല’’വംശജനായ രാമഭോജൻ രാജാവിന്നു സ്വർണ്ണതുലാഭാരം നടത്തി. ഈ തുലാഭാരത്തോടുകൂടി ‘‘തൌളവബ്രാഹ്മണൻ’’ എന്ന പേരദ്ദേഹ ത്തിന്നു ലഭിച്ചു. *ഇങ്ങനെ ‘‘തൌളവ’’ തുളുവായെന്നാണ് ഒരു കൂട്ടരുടെ വാദം. കേരളചരിത്രനിർമ്മാണത്തിനായി പരിശ്രമിച്ചവരിൽ ശിലാലേഖനങ്ങൾ പരിശോധിച്ചവരുണ്ട്. ’’ആളുവഖേട’’ എന്ന ശിലാരേഖ കണ്ടപ്പോൾ ആലുവാ ദേശമെന്നാണ് അവർ പകർത്തിയത്. പക്ഷെ ’’സപ്തകൊങ്കർണ്ണ’’ യിൽ ’’ആളുവഖേട’’യ്ക്കു തുളുനാടെന്നാണർത്ഥം. ആൾവാർ എന്ന ഗ്രാമക്കാ രുടെ ആധിപത്യമുള്ള രാജ്യമെന്നും ആൾവാരികളായ തമിഴരുടെ കുടിയേറ റുസ്ഥലമെന്നും വ്യാഖ്യാനിക്കപ്പെടുന്നു. വടക്കൻകർണ്ണാടകത്തിന്റെ അതിർത്തിപ്രദേശമായ തുളുനാട് സ്വതന്ത്രരാജ്യമായിരുന്നു. പോർത്തുഗീസു

കാർ ''കെനറ'' എന്ന പേരു നല്കിയതോടെ തുളുനാടിന്റെ കേരളീയപ്ര താപം ക്ഷയിച്ചു. വളർച്ചപ്രാപിച്ചിട്ടില്ലാത്ത തുളുഭാഷയുടെ മുകളിൽ കർണ്ണാ ടകക്കാരും ബങ്കരാജാവും അമിതമായ സ്വാധീനം ചെലുത്തി. കർണ്ണാടകഭാ ഷയുടെ പുരോഗതിയുടെ ചരിത്രം വിവരിക്കുമ്പോൾ ശ്രീ.എസ്സ് സാമുവൽ വ്യക്തമായി ഈ കാര്യം ചൂണ്ടിക്കാട്ടുന്നു. മലയാളക്കരയുമായി രക്തബന്ധ മുള്ള തുളുനാടൻ സഹോദരിയെപ്പററി കഥകൾ വളരെയധികമുണ്ട്. കർണ്ണാട കസാഹിത്യകാരനായ ശ്രീ.ഹരിഹരൻ ''ഇത് തുളുമലയാളദേശഗണ ത്തൊത്തി'' എന്നു പ്രത്യേകം എടുത്തുപറയുന്നു. മലയാളക്കരയുടെ തൊട്ട ടുത്ത സഹോദരിയാണ് തുളുനാടെന്നാണിതിന്റെ അർത്ഥം. തുളുഭാഷയിലെ അക്ഷരമാലയ്ക്ക് മലയാളത്തിനോടാണ് സാമ്യം. മലയാളത്തിലെ ഏതാനും അക്ഷരങ്ങൾ മാത്രം ശിലാലേഖനങ്ങളിൽ കാണുന്നില്ലെന്നേയുള്ളു. ഓലെഴു ത്തുകാലത്തെ ആ പ്രാകൃതരൂപം തുളുശിലാലിഖിതങ്ങളിൽ കാണാം. കർണ്ണാടകഭാഷാസാഹിത്യചരിത്രം നിർമ്മിക്കുന്നവർ തുളുഭാഷയുടെ പൌരാണികപാരമ്പര്യത്തെ തുടച്ചുനീക്കിക്കൊണ്ടിരിക്കുകയാണ്. കർണ്ണാടക സാഹിത്യപുരോഗതിയുടെചരിത്രം ആരംഭിക്കുന്നതുതന്നെ തുളുവിലെ കേര ളീയഛായ കലർന്ന നാടൻപാട്ടുകളിൽനിന്നാണെന്ന യാഥാർത്ഥ്യം അവർ വിസ്മരിക്കുകയാണ്.

കേരളത്തിലെ ധീരകഥാപാത്രങ്ങളായ തച്ചോളി ഒതേനനും ഉണ്ണി യാർച്ചയും തുളുനാട്ടുകാർക്ക് സുപരിചിതരാണ്. വീരസാഹസികതയുടെ മർമ്മസ്പൃക്കായ കഥകൾ പറയുന്ന പ്രസ്തുത കഥാപാത്രങ്ങളെപ്പററി നാടോ ടിഗാനങ്ങൾ തുളുവിലുണ്ട്, മറാത്തി, കൊങ്കിണി, കർണ്ണാടകം എന്നീ ഭാഷ കളും തുളുനാട്ടിലെ സംസാരഭാഷയാണ്. കർണ്ണാടകം ഔദ്യോഗികഭാഷയാ യിത്തീരാൻ പരിശ്രമിച്ചവരിൽ ബ്രിട്ടീഷ് ഭരണകാലത്തെ വിദ്യാഭ്യാസവിദ ഗ്ദ്ധൻമാരുൾക്കൊള്ളുന്നു. ''ദ്രാവിഡഭാഷകളുടെ ഉൾപിരിവുകളിൽപെട്ടത ല്ലെങ്കിലും സ്വന്തമായ ഒരു ലിപിയുള്ള ഭാഷയാണ് തുളു. ഇത്തരം പ്രചാരം ഇല്ലാത്ത ഭാഷകളുടെ പൂർവ്വകാലചരിത്രത്തിലേയ്ക്കു കണ്ണോടിച്ചാൽ രാജ്യ ബന്ധങ്ങളുടേയും സാമൂഹ്യജീവിതത്തിന്റേയും ചിത്രങ്ങൾ കണ്ടുപിടിക്കാം. തുളുനാടിന്റെ ശബ്ദം അയൽപ്രദേശങ്ങളുടെ ചെവിയിലെത്തുന്നില്ല. കേരള ചരിത്രനിർമ്മാണത്തിനുപയുക്തമായ രേഖകൾ പ്രാചീനതുളുഭാഷയിൽനിന്നു ലഭിക്കുന്നതാണ്. മലയാളത്തിലെ മണം കലർന്ന തുളുനാടൻ സംസ്ക്കാരം നിറം മങ്ങിത്തുടങ്ങിയിരിക്കുന്നു. മലയാളഭാഷയുടെ ഉല്പത്തിയെപ്പററിയും രാജവാഴ്ചകാലത്തെ ശിലാശാസനങ്ങളെപ്പററിയും ഗവേഷണം നടത്തുന്ന വർ തുളുവിനെ മറക്കരുത്. ചരിത്രഗവേഷകന്മാർക്ക് വിലപിടിപ്പുള്ള രേഖകൾ തുളുവിൽനിന്നു ലഭിക്കും. നമ്മുടെ ഭാഷാപദങ്ങളിൽ നല്ലൊരു ഭാഗം തുളുവു മായി കെട്ടുപിണഞ്ഞാണ് കിടക്കുന്നത്. പുറത്തുവന്നിട്ടുള്ള ഭാഷാസാഹിത്യ ചരിത്രഗ്രന്ഥങ്ങളിലും തുളുനാടിനേയും അവരുടെ ഭാഷയേയും അവഗണിച്ചി രിക്കുകയാണ്. കർണ്ണാടകക്കാരും തമിഴരും അവഗണിക്കുന്നതോടൊപ്പം കേരളവും അവഗണിക്കുന്നത് നീതിയായിരിക്കുകയില്ല. കേരളചരിത്രത്തിന്റെ

വസ്തുനിഷ്ഠമായ നിർമ്മാണശ്രമത്തിൽ തുളുനാടിനു മഹത്തായ പങ്കുവഹിക്കാനുണ്ട്.

## 6. പോർത്തുഗീസ്സാക്രമണം

പോർത്തുഗീസ്സ്കാർ ആദ്യമായി കേരളക്കരയിൽ വന്നത് 1498 മെയ് 7–ാം–നു കോഴിക്കോട്ട് സമീപമുള്ള കാപ്പാട് എന്ന പ്രദേശത്താണ്. ഇന്ത്യയും യൂറോപ്പുമായുള്ള വ്യാപാരസമ്പർക്കത്തെത്തുടർന്നാണ് വാസ്ക്കോഡിഗാമ കേരളക്കരയിൽ എത്തിയത്. സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാരുമായി സന്ദേശങ്ങൾ കൈമാറുകയും സൗഹാർദ്ദപരമായ ഒരു നില അംഗീകരിക്കുകയും ചെയ്തതോടുകൂടി പന്തലായനിയിൽ താവളമുറപ്പിച്ചു. ഇവരുടെ ആഗമനം കേരളക്കരയിലെ അന്നത്തെ മുസ്ലീമിങ്ങളുടെ വ്യാപാരത്തെയും നിലനില്പിനെയും ബാധിക്കുമെന്ന് അവർ ആദ്യമേ കണ്ടു. നാട്ടിലെ ആഭ്യന്തരകാര്യങ്ങൾ ഗ്രഹിക്കുവാനായി അവർ കുറച്ചു മാസങ്ങൾ അവിടെ താമസിച്ചു. വ്യാപാരസാധനങ്ങളുടെമേൽ ചുങ്കം ചുമത്തുന്ന വ്യവസ്ഥയിലുള്ള തർക്കത്തിൽ സാമൂതിരിയുമായവർ തെററിപ്പിരിഞ്ഞു. 1498 ആഗസ്റ്റ് 29–ന് കോഴിക്കോട്ടുനിന്നു കണ്ണൂരിലെത്തി. സാമൂതിരിയുടെ വിരോധിയായ കോലത്തിരി രാജാവ് അവർക്കു വേണ്ടവിധത്തിലുള്ള സഹായങ്ങൾ ചെയ്തു. കണ്ണൂരിൽനിന്നവർ നവംബർ 20–നു ആഞ്ജലീദ്വീപിലേക്കു പോയി.

രണ്ടു സംവത്സരങ്ങൾക്കുശേഷം 1500–ൽ അവർ ഒരു വ്യാപാരസംഘമെന്ന നിലയിൽ കോഴിക്കോട്ടിറങ്ങി. സാമൂതിരിയുടെ കടൽസംബന്ധമായ അധികാരങ്ങളിൽ അവർ കൈകടത്തുകയും അവരുടെ അനുവാദമില്ലാതെ പോകുന്ന കച്ചവടക്കപ്പലുകളെ അവർ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്തു. എതിർപക്ഷം വ്യാപാരസംബന്ധമായ മത്സരത്തിന്നു തയ്യാറായിരുന്നു. പക്ഷെ പോർത്തുഗീസ്സ്കാർ അതിന്നു തയ്യാറുണ്ടായില്ല. അവർ അറേബ്യൻകപ്പലുകളെ കൊള്ളയടിക്കാനായി സംഘടിതശ്രമം നടത്തി. ഇവരുടെ ഈ പ്രവൃത്തിയിൽ ക്ഷുഭിതരായ ജനങ്ങൾ പോർത്തുഗിസ്സ്കാരുടെ കോഴിക്കോട്ടുള്ള കോട്ട ആക്രമിച്ചു വളരെ അധികം പേരെ മുറിവേല്പിക്കുകയും ചെയ്തു, കോഴിക്കോട്ടുനിന്നു പലായനം ചെയ്ത പോർത്തുഗീസ്സ്കാർ നേരിട്ടു കൊച്ചിയിൽ വരികയും കൊച്ചിയിലെ രാജാവുമായി ഒരു ഉടമ്പടിയുണ്ടാക്കുകയും ആ ഉടമ്പടിയുടെ വെളിച്ചത്തിൽ അവർ അവരുടെ ആദ്യത്തെ കോട്ട കൊച്ചിയിൽ പണിയുകയും ചെയ്തു.

തദനന്തരം കണ്ണൂരിലും അവർ ഒരു കോട്ട പണിതു. അതോടുകൂടി അവർ വീണ്ടും പോർച്ചുഗലിലേക്കു മടങ്ങി. വ്യവസായതല്പരരായ അവർ വാസ്ക്കോഡിഗാമയുടെ നേതൃത്വത്തിൽ വീണ്ടും കേരളത്തിൽ എത്തി. രണ്ടാമത്തെ ആഗമനത്തിന്റെ ലക്ഷ്യം ആക്രമണമായിരുന്നു. ഈ യാത്രയുടെ മദ്ധ്യത്തിൽ കോഴിക്കോട്ടിലെ ഖാജാകാസീമിന്റെ സഹോദരന്റെ ഒരു കപ്പൽ മെക്കയിൽനിന്നു മടങ്ങിവരുംവഴി കൊള്ളയടിക്കുകയും കപ്പലിന്നു തീ കൊടുത്ത് അതിലുള്ളവരെ വധിക്കുകയും ചെയ്തു. സൗഹാർദ്ദസന്ധിക്കു സാമൂതിരി തയ്യാറായിരുന്നെങ്കിലും – മുസ്ലീമിങ്ങളെ പട്ടണത്തിൽനിന്നു

നിഷ്ക്കാസനം ചെയ്യണമെന്ന ഗാമയുടെ ആജ്ഞയെ അദ്ദേഹം തിരസ്ക്കരിച്ചു. അതുകാരണം പോർത്തുഗീസ്സ്കാർ കോഴിക്കോട്ട് പട്ടണത്തെ ആക്രമിച്ചു. ഇവരുടെ ക്രൂരപ്രവൃത്തികളിൽ ക്ഷുഭിതനായ സാമൂതിരി പോർത്തുഗീസ്സ്കാരെ പരാജയപ്പെടുത്താൻ വിപുലമായ സന്നാഹങ്ങൾ ചെയ്തു. ഒരു വലിയ നാവിക പട ഖാജാകാസീമിന്റെ കീഴിൽ തയ്യാറാക്കി. യുദ്ധമുന്നണിയിൽ ഏററുമുട്ടുന്നതിനുപകരം ഗാമ താൻ കൊള്ളയടിച്ച ധനവുമായി സ്വയം രക്ഷപ്പെടുകയാണുണ്ടായത്. ഗാമയുടെ കൊള്ളയും കൊള്ളിവെപ്പും നാട്ടിലുടനീളം വിഷമങ്ങൾ വളർത്തി.

കൊച്ചിക്കുനേരെയുള്ള ആക്രമണങ്ങൾ നേരിടാൻ വളരെയേറെ സൗകര്യമുണ്ടായിരുന്ന ഒരു തുറമുഖമായിരുന്നു അന്നു കൊടുങ്ങല്ലൂർ. സാമൂതിരിയിടെ പട്ടാളനായകനായ മമ്മാലി ഈ തുറമുഖമാണ് ആക്രമണത്തിനെതിരായി സുരക്ഷിതാവസ്ഥയുണ്ടാക്കുവാൻ തിരഞ്ഞെടുത്തത്. കൊച്ചിരാജാവ് ഈ സംരംഭം ഗ്രഹിച്ച ഉടനെ പോർത്തുഗീസ്സ്കാരെ അറിയിച്ചു. പോർത്തുഗീസ്സ്കാർ സാമൂതിരിയുടെ സൈന്യവുമായി ഏററുമുട്ടി. ആ യുദ്ധത്തിൽ മമ്മാലിയും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരും വളരെ അധികം അനുചരന്മാരും വധിക്കപ്പെട്ടു. പോർത്തുഗീസ്സ്കാരുമായി വീണ്ടും ഒരു യുദ്ധം ചെയ്യുവാനും അവരെ തോല്പിക്കുവാനുമുള്ള ഒരു സന്നാഹം അവർ തയ്യാറാക്കിയിരുന്നില്ല. പക്ഷെ കെയ്റോവിലേയ്ക്കും, മെക്കയിലേയ്ക്കും യാത്ര പോകുവാനുള്ള : 17 കപ്പലുകൾ മുസ്ലീമിങ്ങൾ പന്തലായനിയിൽ തയ്യാറുചെയ്തു. അവിടെ വച്ചു പോർത്തുഗീസ്സ്കാരുടെ സുശക്തമായ സൈന്യവുമായി മുസ്ലീംസേനാവിഭാഗം സുധീരം പൊരുതി. ഈ യുദ്ധത്തിൽ വലിയ ആൾനാശമാണ് മുസ്ലീമിങ്ങൾക്കുണ്ടായത്.

സാമൂതിരി സഹായത്തിന്നായി ഗുജറാത്തിലെ സുൽത്താനായ മുഹമ്മദുഷാ ഒന്നാമനോടപേക്ഷിച്ചു. (1453–1511) മുഹമ്മദുഷായ്ക്ക് തക്ക സമയത്തു സഹായം ചെയ്യാൻ കഴിഞ്ഞില്ല. മരക്കാർ മുഖേന ഈജിപ്ത് രാജാവിനോട് സാമൂതിരി സഹായത്തിന്നാവശ്യപ്പെട്ടു. ഈജിപ്ത് ഭരിച്ചിരുന്ന അന്നത്തെ ഭരണാധികാരി ഷൻസുൽഖവാരിയായിരുന്നു. (1501–1516) ഖവാരി തന്റെ മന്ത്രിമാരിൽ ഒരാളായ ഹുസൈയിന്റെ കീഴിൽ 13 കപ്പലുകൾ നിറയെ സൈന്യത്തെ അയച്ചു. അവർ ആദ്യം ഗുജറാത്തിലെ 'ഡ്യൂ' തുറമുഖത്തെത്തി. അവിടത്തെ ഖാസിമാലിക് ഇയാസും അദ്ദേഹത്തിന്റെ സഹചരനായി പുറപ്പെട്ടു. പോർത്തുഗീസ്സ്കാരുമായി അവർ ഏററുമുട്ടി. ഈ യുദ്ധം വിജയിച്ചതിന്നു ശേഷം അവർ ഗുജറാത്തിലേക്കുമടങ്ങി. മഴക്കാലമായതുകൊണ്ടു തുടർന്നു യാത്ര ചെയ്യാൻ കഴിഞ്ഞില്ല. മലബാറിൽനിന്നു സാമൂതിരിയുടെ സൈന്യം ഡ്യൂ ദ്വീപിലെത്തി. ഈ വിവരമറിഞ്ഞ പോർത്തുഗീസ്സ്കാർ ആകസ്മികമായി അമീർഹുസ്സൈനെ ആക്രമിച്ചു പരാജയപ്പെടുത്തി. പോർത്തുഗീസ്സ്കാർ കൊച്ചിയിലേക്കു മടങ്ങുകയും ചെയ്തു. ഭഗ്നാശനായ അമീർഹുസ്സൈൻ

ഈജിപ്തിലേക്കു തിരിയെ പോയി. കുപിതനായ ഖവാരി വീണ്ടും 22 വലിയ കപ്പലുകളും ആവശ്യമുള്ള യോദ്ധാക്കളും കൂടി അമീർസുലൈമാന്റെ നേതൃത്വത്തിൽ പോർത്തുഗീസ്സ്കാരോട് പ്രതികാരം ചെയ്യാൻ തയ്യാറായി. ഈ സംരംഭത്തിൻ അമീർഹുസ്സൈനും പങ്കെടുത്തിരുന്നു. ഈ യാത്രയിൽ ജിദ്ദാതുറമുഖത്തിന്നടുത്തുവച്ചു ചില പട്ടണങ്ങൾ കൊള്ളയടിക്കുകയും അമീർസുലൈമാനും അമീർഹുസൈനും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയും അവർ അന്യോന്യം പിരിയുകയും ചെയ്തു. അമീർഹുസൈനെ ഹിജാസിലെ സുൽത്താൻ പിടിച്ചു കടലിൽ താഴ്ത്തുകയും ചെയ്തു. ടർക്കിയിലെ രാജാവും ഖവാരിയുമായി (1516) യുദ്ധമുണ്ടാകുകയും ഖവാരി കൊല്ലപ്പെടുകയുമുണ്ടായി. ഇതുകാരണം മലബാറിലേക്കുള്ള യാത്ര നിർത്തിവെയ്ക്കപ്പെട്ടു. 1519വരെ സുൽത്താൻ സലിംഷായുടെ കീഴിൽ ഈജിപ്ത് നിലനിന്നു.

1507–ൽ പോർത്തുഗീസ്സ്കാർ പൊന്നാനി ആക്രമിച്ചപ്പോൾ സാമൂതിരിയുടെ പൂർവ്വികനാവികസേനാനായകനായ കുഞ്ഞാലിമരയ്ക്കാർ തന്റെ സൈന്യസങ്കേതം കോട്ടയ്ക്കലേയ്ക്കു മാററി. അവിടത്തെ കപ്പലുകൾ നശിപ്പിക്കുകയും 70 മുസ്ലീമിങ്ങൾ രക്തസാക്ഷികളാകുകയും ചെയ്തു. 1510 ജനുവരി 3–നു പോർത്തുഗീസ്സ്കാർ സാമൂതിരി ഇല്ലാത്ത സമയത്ത് കോഴിക്കോട്ടിറങ്ങി കോട്ടയും പണവും കൊള്ളയടിച്ചു. കോഴിക്കോട്ട് കൊള്ളയടിച്ചപ്പോൾ യഹൂദമീദ്ഖാൽപള്ളി കത്തിക്കുകയും മററു പ്രധാന ദേവാലയങ്ങൾ നശിപ്പിക്കുകയുമുണ്ടായി. (യഹൂദ്–നാവിക സേനാനി) ഒരു വലിയ വർത്തകപ്രമാണിയും സേനാനിയും ആയ യഹൂദയാണ് ഈ പള്ളി പണിചെയ്യിച്ചത്.

പോർത്തുഗീസ്സ്കാർ കൊച്ചിയിലും കണ്ണൂരിലും അവരുടെ നില ശരിക്കുറപ്പിച്ചശേഷം കൊല്ലം രാജാവുമായി ഒരു സന്ധിയുണ്ടാക്കി. വളരെയധികം കുരുമുളക് ലഭിക്കുന്ന തെക്കൻനാടുകളുമായി ബന്ധം പുലർത്തുവാനാണ് ഈ സന്ധി വഴി പ്ലാനിട്ടത്. തദനന്തരം പോർത്തുഗീസ്സ്കാർ (1510 മാർച്ച് 15–നു) ഗോവ പിടിച്ചടക്കി. ബീജാപ്പൂർ സുൽത്താൻ ഇസ്മായിൽ ആദിൽഷാ രണ്ടുമാസത്തിനുശേഷം ഗോവ മടക്കിപ്പിടിക്കുകയും, പക്ഷെ വീണ്ടും പോർത്തുഗീസ്സ്കാർ തന്നെ ഗോവയെ കിഴടക്കുകയും ചെയ്തു. ഗോവയുടെ ആധിപത്യം കൈവന്നതോടുകൂടി പടിഞ്ഞാറൻതീരങ്ങളുമായുള്ള വ്യാപാരബന്ധം വളർത്താൻ പോർത്തുഗീസ്സ്കാർക്കു സാധിച്ചു. പോർത്തുഗീസ്സ്കാരുടെ ആക്രമണപ്രവർത്തനങ്ങൾ നാൾക്കുനാൾ വളർന്നു വന്നു. മുസ്ലീം ബഹുജനങ്ങളുടെ സാമൂഹ്യവും, സാസ്ക്കാരികവും, വ്യാപാരപരവുമായ എല്ലാ വഴികളും പോർത്തുഗീസ്സ്കാർ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. മുസ്ലീം സ്ത്രീകളെ മാനഭംഗപ്പെടുത്താനും, അവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ചവിട്ടിമെതിക്കുവാനും, അവരെ അടിമകളാക്കിവയ്ക്കുവാനും, നീചമായും, മൃഗീയമായും അവരെ മർദ്ദിക്കുവാനും പോർത്തുഗീസ്സ് ഭരണാധികാരികൾ മടിച്ചില്ല. മുസ്ലീം ദേവാലയങ്ങൾ നശിപ്പിക്കുക, മുസ്ലീങ്ങളുടെ പൊതുസ്വത്ത് അപഹരിക്കുക, തൊഴിൽപരമായ

മാർഗ്ഗങ്ങൾ തടയുക, ഹജ്ജ് തീർത്ഥയാത്രക്കാരെ തടയുക, രാത്രിയിലും പകലും ഒരുപോലെ മുസ്ലീം ബഹുജനങ്ങളെ പെട്ടെന്നാക്രമിക്കുക–ഇതെല്ലാം ഇവരുടെ പ്രവർത്തനങ്ങളിൽപ്പെട്ടിരുന്നു. മുനുഷ്യോചിതമല്ലാത്ത ക്രൂരപ്രവൃത്തികൾ മുസ്ലീമിങ്ങളോട് ചെയ്യാനൊരിക്കലും മടികാണിച്ചിട്ടില്ലാത്ത പാശ്ചാത്യവർഗ്ഗമായിരുന്നു പോർത്തുഗീസ്സ്കാർ. നിരന്തരമുള്ള അക്രമവും മർദ്ദനവും മുസ്ലീംജനസമുദായത്തെ പലവിധത്തിലും അധ:പതിപ്പിച്ചു. അവരുടെ വിഷമകരമായ ചുററുപാടുകൾ അവരെ ലജ്ജിപ്പിച്ചു. കൊലയാളികളും കൊള്ളക്കാരുമായ പോർത്തുഗീസ്സ്കാരോട് പകരം ചോദിക്കുവാനുള്ള ശക്തി വീണ്ടെടുക്കാൻ അവർ തയ്യാറായി. മലബാർ, ഗുജറാത്ത് മുതലായ പ്രധാനസ്ഥലങ്ങളിൽനിന്നും മുസ്ലീംകച്ചവടക്കപ്പലുകളെ ആക്രമിച്ചുകീഴടക്കി കൊള്ളയടിച്ച് മുസ്ലീംബഹുജനങ്ങളെ നിർബന്ധപരിവർത്തനംചെയ്യിപ്പിക്കുകയായിരുന്നു പോർത്തുഗീസ്സ്കാരുടെ അവസാന അടവ്. ഈ മർദ്ദനമനോഭാവം മുസ്ലീങ്ങളെ സംഘടിതരും സമരസന്നദ്ധരുമാക്കുകയുംചെയ്തു. കൊച്ചിയിൽ സ്വൈര്യമായി വസിക്കുന്ന മുസ്ലീങ്ങളെ തുരത്തുവാൻ കൊച്ചി രാജാവിനോടവർ ആവശ്യപ്പെട്ടു.

മുസ്ലീങ്ങളെ ആക്രമിക്കുവാൻ സദാ ഉത്സുകരായ പോർത്തുഗീസുകാർ കൊല്ലത്തുവെച്ച് അവരുടെ ആ കുത്സിതപ്രവൃത്തി നിർല്ലോഭം നിർവഹിച്ചു. ഈ അനുഭവങ്ങളിൽനിന്നെല്ലാം പോർത്തുഗീസ്സുകാർക്കെതിരായി സാമൂതിരിവംശവും കേരളമുസ്ലീമികളും ഐക്യബന്ധം സ്ഥാപിച്ചുപോന്നു. 1524–ൽ കുട്ടി ആലിമരയ്ക്കാരുടെ നേതൃത്വത്തിൽ പോർത്തുഗീസ്സുകാരുടെ ഒരു കപ്പൽ സൈന്യത്തെ മുസ്ലീമികൾ ആക്രമിച്ചുകീഴടക്കി. കൂടെക്കൂടെയുള്ള പോർത്തുഗീസാക്രമണങ്ങളുണ്ടായിട്ടും മുസ്ലീമികൾ വീരോചിതമായി ആക്രമണത്തിനെതിരായി കാല്പതറാതെ നിന്നുകൊണ്ട് കേരളവുമായുള്ള സൌഹാർദ്ദബന്ധം കാത്തുരക്ഷിച്ചുകൊണ്ടിരുന്നു,. ഇതിനിടയ്ക്ക് 1524 (ഹി:930) കൊടുങ്ങല്ലൂർവെച്ച് ജൂതന്മാരും മുസ്ലീമികളും തമ്മിലൊരു ഭിന്നിപ്പുണ്ടാകുകയും, ആ ആഭ്യന്തരകലാപത്തിൽ ജൂതന്മാർ ഒരു മുസ്ലീമിനെ വധിക്കുകയും, ജൂതന്മാരോട് പകരം ചോദിക്കുവാൻ മുസ്ലീമികൾ അയൽദേശങ്ങളിലുള്ള മുസ്ലീംജനതയുടെ സഹായം അപേക്ഷിക്കുകയും ചെയ്തു. ഈ സംഭവം ഒരു വലിയ കലാപത്തിനിടവരുത്തുമെന്നു കണ്ടപ്പോൾ ജൂതന്മാർ കൊടുങ്ങല്ലൂരിൽനിന്നും ചന്ദനമംഗലത്തേക്ക് പാലായനംചെയ്യുകയാണുണ്ടായത്. ആ കൊല്ലത്തിൽത്തന്നെ ധർമ്മടം,കണ്ണൂർ, തിരൂരങ്ങാടി, ഏഴിമല ചെമ്പ്ര മുതലായ സ്ഥലങ്ങളിലെ മുസ്ലീമികൾ ഒന്നിച്ചുചേർന്ന് പോർത്തുഗീസ്സ്കാരെ എതിർത്തു. മററു പട്ടണങ്ങളിലെ മുസ്ലീമികളും ഈ സംരംഭത്തെ സഹായിച്ചു. ഈ കാലഘട്ടത്തിൽ കൊച്ചിയിലെ പ്രമുഖസമുദായനേതാവായ അഹമ്മദ് മരയ്ക്കാർ, അദ്ദേഹത്തിന്റെ സഹോദരൻ കുഞ്ഞാലിമരയ്ക്കാർ, അവരുടെ മാതുലൻ അഹമ്മദാലി മരയ്ക്കാർ ഇവരെല്ലാംകൂടി പോർത്തുഗീസ്സ്കാരെ എതിർക്കുവാനുള്ള ഒരൈക്യമുന്നണിയുണ്ടാക്കി. ഈ സമൂഹത്തോട് ഏററുമുട്ടുവാൻ പോർത്തുഗീസ്സ്കാർ കൊച്ചിയിൽനിന്നു പുറപ്പെട്ടു.

കൊച്ചിയിലും കൊയിലാണ്ടിയിലും ഇറങ്ങി അനവധി മുസ്ലീമികളെ കൊല്ലു കയും അവരുടെ ദേവാലയങ്ങൾ തീവയ്ക്കുകയും ചെയ്തു. അത്തരുണ ത്തിൽ സാമൂതിരിരാജാവ് വിദൂരനാട്ടുരാജ്യങ്ങളുമായി യുദ്ധത്തിലേർപ്പെട്ടിരി ക്കുകയായിരുന്നു. അതിനാൽ പോർത്തുഗീസ്സ്കാരുമായി യുദ്ധം ചെയ്യാൻ പ്രധാനമന്ത്രി കൽപ്പനകൊടുത്തു. ഈ യുദ്ധത്തിൽ പോർത്തുഗീസ്സ്കാർ ഭക്ഷണംകിട്ടാതെ വളരെ ബുദ്ധിമുട്ടി. പോർത്തുഗീസ്സ്കാരുടെ കോട്ട പിടിച്ച ടുക്കാൻ നായർസൈന്യവും, മുസ്ലീംപട്ടാളവും യോജിച്ചു വാശിയോടുകൂടി യുദ്ധംചെയ്തു കോട്ട കൈവശപ്പെടുത്തുകയാൽ പോർത്തുഗീസ്സ്കാർ പൂർവ്വാധികം രോഷാകുലരായി. ഈ കാലഘട്ടങ്ങൾ പോർത്തുഗീസ്സ്കാരുടെ അധ:പതനത്തെയാണ് കുറിക്കുന്നത്. 1527–ൽ താണൂർ സമീപം വെച്ച് പോർത്തുഗീസ്സ്കാരുടെ ഒരു കപ്പൽ കാററിലകപ്പെട്ടു. താണൂർ രാജാവ് കപ്പ ലിലുള്ളവരെ രക്ഷിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടി സാമൂതിരിയെ എതിർക്കുവാൻ പോർത്തുഗീസ്സ്കാർ ഒരു പദ്ധതിയുണ്ടാക്കി. സാമൂതിരി താണൂർ രാജാവിനോട് പോർത്തുഗീസ്സ്കാരെ വിട്ടുകിട്ടുവാൻ ആവശ്യപ്പെട്ടു. താണൂർ രാജാവ് അത് നിരസിക്കുകയാണുണ്ടായത്. പോർത്തുഗീസ്സ്കാരുടെ പാസ്പോർട്ടുവാങ്ങി താണൂർരാജാവ് കച്ചവടം ചെയ്യുവാൻ തുടങ്ങി. സാമൂ തിരിയുടെ ശക്തി കുറയ്ക്കുവാൻ പൊന്നാനിപുഴയുടെ വശക്കുഭാഗത്തു ഒരു കോട്ട കെട്ടുവാൻ പോർത്തുഗീസ്സ്കാർക്ക് അനുമതികൊടുത്തു, പക്ഷെ അവ രുടെ ഈ സംരംഭം വിജയിച്ചില്ല. സാമൂതിരി താണൂർ രാജാവിനെ ആക്രമിച്ചു പരാജയപ്പെടുത്തി പല ഗ്രാമങ്ങളും പിടിച്ചടക്കി.

കണ്ണൂരിൽവെച്ച് കുട്ടിആലിയുമായി പോർത്തുഗീസ്സ്കാർ ഏററുമുട്ടി. തുടർന്നു 1528–ൽ ഉണ്ടായ യുദ്ധത്തിൽ കുട്ടിആലി തടവുകാരനാക്കപ്പെട്ടു. പക്ഷെ ഇതുകൊണ്ടും സാമൂതിരിയുടെ നാവികശക്തി കുറഞ്ഞില്ല. കുട്ടിആ ലിയുടെ മകൻ കുഞ്ഞാലി രണ്ടാമൻ യുദ്ധം ചെയ്തു പൂർവ്വാധികം വിജയം കൈവരിച്ചു. (1530–1531) സാമൂതിരിയും മുസ്ലീമിങ്ങളും ഏകോപിച്ചു 30 കപ്പ ലുകളിലായി കച്ചവടസാധനങ്ങൾ കയററി ഗുജറാത്തിലേയ്ക്കു തിരിച്ചു. ഇക്കൂട്ടത്തിൽ സമുദായനേതാക്കന്മാരായ ആലിഇബ്രാഹിംമരക്കാരും അദ്ദേ ഹത്തിന്റെ മരുമകൻ കുട്ടി ഇബ്രാഹിംമരക്കാരും മറ്റു പല യോദ്ധാക്കളും നാട്ടുപ്രമാണികളും ഉണ്ടായിരുന്നു. പക്ഷെ പോർത്തുഗീസ്സ്കാരുടെ സൈന്യ സമൂഹത്തിന്നുമുമ്പിൽ ഇവർ പരാജിതരായി. 1531–ൽ (938 ഹിജറ) പോർത്തു ഗീസ്സ്കാർ പട്ടാളപിൻബലത്തോടുകൂടി ഒരു വലിയ കോട്ട പണിതു. ഇസ്ലാ മിന്റെ കേരളത്തിലുള്ള പുരാതനസ്മാരകമായ ആദ്യത്തെ പള്ളി അവർ പൊളിച്ചുകളഞ്ഞു. അതിന്റെ കല്ലുകൾ എടുത്തു കോട്ടകെട്ടുവാൻ ഉപയോഗി ച്ചു. ശ്മശാനഭൂമിയിലെ കബർസ്ഥാനത്തിലുള്ള കല്ലുകൾപോലും അവർ കുഴിച്ചെടുക്കുകയുണ്ടായി. അന്നത്തെ സാമൂതിരി അന്തരിക്കുകയും അടുത്ത പിന്തുടർച്ചാവകാശിയായ സാമൂതിരി സ്ഥാനത്തുവരികയും ചെയ്തു. നിഷ്ഠൂ രമായ ഇവരുടെ പ്രവൃത്തിയിൽ കുപിതനായ സാമൂതിരി ചാലിയം ആക്രമി ക്കുകയും നശിപ്പിക്കുകയും ചെയ്തു. വൈരാഗ്യം അധികനാൾ നീണ്ടുനിന്നി

ല്ല. ചാലിയം രാജാവ് സന്ധിക്കു നിർബന്ധിതനായി. പോർത്തുഗീസ്സ്കാരെ നശിപ്പിക്കുവാൻ – ഗുജറാത്തിലെ ബഹദൂർഷായെ സഹായിക്കുവാൻ കോസ്ററണ്ടിനോപ്പിളിലെ സലീംഷായോടു മരുമകനായ അമീർമുസ്തഫാ 1531–ൽ ഡ്യൂ തുറമുഖത്തെത്തുകയും ഡ്യൂവിലെ ഗവർണ്ണറായ മാലിക് ഇയാസിന്റെ മകൻ അദ്ദേഹത്തെ സ്വീകരിക്കുകയും 1531–ൽ ഉണ്ടായ ആ നാവിക യുദ്ധത്തിൽ പോർത്തുഗീസ്സുകാർ പരാജയപ്പെടുകയും ചെയ്തു. ഈ വിജയ ത്തിൽ സന്തുഷ്ടനായ സുൽത്താൻ അദ്ദേഹത്തിനു ‘‘റൂവിഖാൻ‘‘ എന്ന ബഹുമതി കൊടുക്കുകയും കുറച്ചുകാലത്തിനുശേഷം ഡ്യൂവിലെ ഗവർണ്ണ രായി അമീർമുസ്തഫയെ നിയമിക്കുകയും ചെയ്തു, 1535–ൽ ഹുമയൂൺ ചക്രവർത്തി ഗുജറാത്തിനെ ആക്രമിച്ചപ്പോൾ അമീർ ഹുസൈൻ ഹുമയൂ ണിന്റെ ഭാഗം ചേർന്നു ചേരിമാറുകയാണുണ്ടായത്. പോർത്തുഗീസ്സുകാർക്ക് എതിരായി സുൽത്താനെ യുദ്ധത്തിൽ സഹായിക്കുവാൻവേണ്ടി അഹമ്മദ്മര ക്കാരും കൂട്ടുകാരും പാരിതോഷികങ്ങളുമായി കോഴിക്കോട്ടെത്തി. പക്ഷെ മര ക്കാരിന്റെ ഉദ്ദേശം സഫലമായില്ല. 1535 അവസാനത്തോടുകൂടി ഹുമയൂൺ ചക്രവർത്തി ഡൽഹിയിൽ തന്റെ ശക്തി ഉറപ്പിച്ചു. ഗുജറാത്തിലെ ചില സ്ഥല ങ്ങൾ ആക്രമിച്ചു പിടിച്ചടക്കി.

ഷാ പേടിച്ച് പോർത്തുഗീസ്സുകാരോടു സഹായം അഭ്യർത്ഥിച്ചു. പോർത്തുഗീസ്സുകാർ സഹായിക്കാമെന്നേററു. ചില തുറമുഖങ്ങളെല്ലാം പോർത്തുഗീസ്സുകാർക്ക് വിട്ടുകൊടുത്തു. പോർത്തുഗീസ്സുകാർ തുറമുഖ ത്തോടൊപ്പം അയൽദേശങ്ങളും കീഴടക്കി. വളരെനാൾ സമരംചെയ്തിട്ടു ലഭിക്കാത്ത ഡ്യു തുറമുഖവും അവർക്കു വിട്ടുകൊടുത്തു. പക്ഷെ പിന്നീട് തന്റെ പ്രവർത്തി തെററിപ്പോയെന്നു സുൽത്താനു മനസ്സിലായി, അതു വീണ്ടെടുക്കുവാനുള്ള പോംവഴി ആലോചിച്ചു. പോർത്തുഗീസ്സുകാർ ഇതു മനസ്സിലാക്കി സുൽത്താനെ ഡ്യൂവിലേക്കു ക്ഷണിച്ചുവരുത്തുകയും മടക്ക യാത്രയിൽ അദ്ദേഹം കൊല്ലപ്പെടുകയും ശവശരീരം കടലിൽ എറിയുകയുമാ ണുണ്ടായത്.

പാച്ചാച്ചിമരയ്ക്കാരുടെ കീഴിൽ ഒരു നാവികസേന പോർത്തുഗീ സ്സുകാരെ എതിർക്കാൻ സജ്ജമാക്കി. കുട്ടിആലിയുടെ മകനായ കുഞ്ഞാലി രണ്ടാമനെ പാച്ചാച്ചിമരയ്ക്കാരുടെ കൂടെ അയച്ചു. ഇദ്ദേഹമായിരുന്നു സാമൂ തിരിയുടെ നാവികസേനാനിയിൽവെച്ചു പ്രശസ്തനായ കുഞ്ഞാലി രണ്ടാമൻ. മറെറാരു വിഭാഗം ആലി ഇബ്രാഹിമിന്റെ കീഴിലായിരുന്നു. ഈ രണ്ടുസേനാ വിഭാഗങ്ങളും കൂടി. പോർത്തുഗീസ്സുകാരെ സിലോണിൽവെച്ച് എതിർത്ത് ഈ യുദ്ധം 1535 വരെ നീണ്ടുനിന്നു.

കോഴിക്കോട്ടു സേനാവിഭാഗത്തിലെ പ്രമുഖനായ കുട്ടി അഹമ്മദുമര യ്ക്കാർ 1531–ൽ കൊല്ലപ്പെട്ടു. അദ്ദേഹത്തെ പിൻതുടർന്നതു കുഞ്ഞാലി രണ്ടാമനായിരുന്നു. അദ്ദേഹത്തിന്റെ കഴിവുകളേയും നയതന്ത്രജ്ഞതയേയും പോർത്തുഗീസ്സ് ചരിത്രകാരന്മാർകൂടി ശ്ലാഘിച്ചിട്ടുണ്ട്. ആധുനികനാവികയുദ്ധ

സമ്പ്രദായങ്ങളിലെല്ലാം അദ്ദേഹത്തിന്നു നല്ല നൈപുണ്യം സിദ്ധിച്ചിരുന്നു. ശത്രുക്കളെ പിൻതിരിപ്പിക്കുന്നതിന് അദ്ദേഹത്തിനു നല്ല പാടവമുണ്ടായിരുന്നു. ഒരു കൊല്ലത്തിൽ ചുരുങ്ങിയത് 50 പോർത്തുഗീസ്സ് കപ്പലുകളിലധികം അദ്ദേഹം ആക്രമിച്ചു. അക്കാലത്തു സാമൂതിരിക്കു കൊച്ചിയെ ആക്രമിക്കുവാനുള്ള ഏററവും നല്ല സങ്കേതമായിരുന്നു ഇടപ്പള്ളി. ഈ വസ്തുത മനസ്സിലാക്കിയ പോർത്തുഗീസ്സുകാർ ഇടപ്പള്ളി ആക്രമിച്ചു കൊള്ള ചെയ്തു. ഈ സന്ദർഭത്തിൽ സാമൂതിരി ഇടപ്പള്ളിരാജാവിന്റെ സഹായത്തിന്നായി എത്തിച്ചേർന്നു. പോർത്തുഗീസ്സുകാർ സാമൂതിരിയുമായി കുമ്പളത്തുവെച്ചു ഏററുമുട്ടി. ആ സമയത്തു കുഞ്ഞാലിമരയ്ക്കാരുടെ നാവികസൈന്യം കൊച്ചിയിൽ പോർത്തുഗീസ്സുകാരുമായി യുദ്ധത്തിന്നു തയ്യാറായി. തന്നിമിത്തം ഗത്യന്തരമില്ലാതെ പോർത്തുഗീസ്സുകാർ കുഞ്ഞാലിയുടെ സമരസന്നാഹത്തെ എതിർക്കാൻ ഇടപ്പള്ളിയിലുള്ള സൈന്യത്തെ പിൻവലിച്ചു. അങ്ങിനെ ഇടപ്പള്ളി രാജാവ് രക്ഷപ്പെടുകയും സാമൂതിരിരാജാവ് മടങ്ങിപ്പോവുകയും ചെയ്തു. കുഞ്ഞാലിനാവികസൈന്യം പിന്നെയും തുടർന്നുകൊണ്ടിരുന്നു. അവർ കന്യാകുമാരി ചുററി നാഗപട്ടണത്തിലുള്ള പോർത്തുഗീസ്സ് സങ്കേതം ആക്രമിച്ചു. പോർത്തുഗീസ്സുകാരുടെ സുശക്തമായ സൈന്യവ്യൂഹത്തോട് ഏററുമുട്ടാൻ കുഞ്ഞാലിക്കു കഴിഞ്ഞില്ല. വേഷപ്രച്ഛന്നനായാണ് കുഞ്ഞാലി കോഴിക്കോട്ടേയ്ക്കു മടങ്ങിയത്.

ആലിഇബ്രാഹിംമരക്കാരും, സഹോദരൻ കുഞ്ഞാലിമരക്കാരും, ഖാലിഫ്അഹമ്മദുമരക്കാരും നാല്പത്തിരണ്ടുകപ്പലുകളോടുകൂടി തമിഴ്നാട്ടിലെ കായൽപട്ടണത്തിൽ വന്നിറങ്ങി. അവിടെവെച്ച് പോർത്തുഗീസ്സുകാരുമായി കൂട്ടിമുട്ടി. ഒരു വലിയ യുദ്ധം നടന്നു. മുസ്ലീമിങ്ങളിൽ പലരും കൊല്ലപ്പെട്ടു. വഴിമദ്ധ്യേ പള്ളിയിൽവെച്ച് ആലിഇബ്രാഹിംമരക്കാർ കാലഗതി പ്രാപിച്ചു. ആലിഇബ്രാഹിംമരക്കാരുടെ മരണാനന്തരം അഹമ്മദുമരക്കാരും സഹോദരൻ കുഞ്ഞാലിമരക്കാരും പതിനൊന്നുകപ്പലുകളിലായി സിലോണിലേക്കു പുറപ്പെട്ടു. പോർത്തുഗീസ്സുകാർ അവരെ പിൻതുടർന്നു. എതിർത്തു രക്ഷപ്പെട്ടു സിലോണിലെത്തിയ മരക്കാരുമാരേയും സിലോൺരാജാവു കൊലപ്പെടുത്തുകയാണുണ്ടായത്.

നിരന്തരമായ യുദ്ധംകൊണ്ട് ക്ഷീണിതമായ സാമൂതിരി പോർത്തുഗീസ്സുകാരുമായി ഒരു സന്ധി ആലോചന നടത്തി. കുഞ്ഞാലിമരക്കാരുടെ ബന്ധുവായ കുട്ടിആലിയെ സാമൂതിരിയുടെ പ്രതിനിധിയായി ഗോവയിലേക്കയച്ചു. 1540 ജനുവരി 1–ാംനു – പൊന്നാനിയിൽവെച്ചു സന്ധിയുണ്ടായി.

അൽബുക്കർക്കിന്റെ കാലത്തു പ്രശസ്തനായിരുന്ന മമ്മാലി മരക്കാരുടെ മരുമകൻ അബൂബക്കർ ആലിയെ പോർത്തുഗീസ്സുകാർ വഞ്ചന ചെയ്തു കൊന്നു. കണ്ണുരിലെ വ്യവസായികളിൽ പ്രമുഖന്മാരും ധനാഢ്യരും ജനസ്വാധീനമുള്ളവരുമായിരുന്നു മമ്മാലി കുടുംബം. അബൂബക്കർ ആലിയുടെ വധത്തോടുകൂടി കണ്ണൂരിൽ പോർത്തുഗീസ്സ്കാരുമായി യുദ്ധം പ്രഖ്യാ

പിച്ചു. കണ്ണൂർ ആലിരാജാവിന്റെ പിതാവായ കുഞ്ഞിസൂപ്പിയേയും പോർത്തുഗീസ്സുകാർ വധിച്ചു. ഈ സംഭവം നടന്നതു 1545–ലാണ്.

പൊന്നാനിയിലെ സന്ധിക്കുശേഷം പോർത്തുഗീസ്സുകാരുടെ കയ്യേററങ്ങൾ നടന്നുകൊണ്ടിരുന്നു. ഇതുകാരണം മുസ്ലിമീങ്ങൾ സന്ധി ലംഘിക്കുവാൻ നിർബന്ധിതരായി. കുഞ്ഞാലിമരക്കാരുടെ നേതൃത്വത്തിലുള്ള കടൽവഴിയുള്ള ഒളീയുദ്ധം കാരണം പോർത്തുഗീസ്സുകാർക്കു വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായി. 1558 വരെ വിദഗ്ധമായ ഈ ഒളീയുദ്ധം നടന്നു. കുഞ്ഞാലിക്കു കണ്ണൂരിലെ നാവികനായകന്റെ സഹായം വേണ്ടത്ര ലഭിച്ചിരുന്നു. കണ്ണൂർവെച്ചു നടന്ന യുദ്ധത്തിൽ കുഞ്ഞാലിയുടെ മുന്നണിക്കപ്പൽ തകർക്കുകയും മററു മൂന്നു കപ്പലുകൾ പോർത്തുഗീസ്സുകാർ പിടിച്ചെടുക്കുകയും ചെയ്തു. കൂടാതെ പോർത്തുഗീസ്സുകാർ അവരെ പിന്തുടരുകയും ചെയ്തു. കുഞ്ഞാലിയുടെ ഒരു പ്രബലകേന്ദ്രമായിരുന്ന പുതുപട്ടണത്തു നിന്നു കൂടുതൽ സൈന്യസഹായം ലഭിച്ചു. ഈ കാരണത്താൽ പോർത്തുഗീസ്സുകാർ പിരിഞ്ഞു. കുഞ്ഞാലി വീണ്ടും ഒരു വലിയ യുദ്ധത്തിന്നുള്ള സജ്ജീകരണങ്ങൾ ചെയ്തു. 1569–ൽ 36 കപ്പലുകളോടുകൂടി പോർത്തുഗീസ്സുകാർ കുഞ്ഞാലിയെ എതിർത്തു. നയതന്ത്രജ്ഞനായ കുഞ്ഞാലി സൂത്രത്തിൽ രക്ഷപ്പെടുകയും ചെയ്തു. പക്ഷേ വീണ്ടും നടന്ന യുദ്ധത്തിൽ കുഞ്ഞാലി വിജയിച്ചു,. പൊതുസമാധാനത്തെ മുൻനിറുത്തി സാമൂതിരി പോർത്തുഗീസ്സുകാരുമായി സന്ധിക്കു ശ്രമിച്ചു. കുഞ്ഞാലിയോടു പോർത്തുഗീസ്സുകാർക്കുള്ള രോഷം തീർന്നില്ല. പോർത്തുഗീസ്സുകാരുടെ ആക്രമണഭയത്താൽ മുസ്ലീമിങ്ങൾ കഷ്ടപ്പെടുന്നതുകണ്ട് ബീജാപ്പൂരിലെ സുൽത്താൻ ആലിആദിരാജാ യുദ്ധസന്നാഹങ്ങൾ ഒരുക്കി. ഈ സന്ദർഭത്തിൽ ധാരാളം പണം ചിലവഴിച്ചു. കോലത്തിരിരാജാവ് പറയത്തക്ക സഹായം ചെയ്തില്ല.

ഈ അവസരത്തിലാണ് ആദിരാജാവിന്റെ കീഴിലുള്ള ലക്ഷദ്വീപ് പോർത്തുഗീസ്സുകാർ ആക്രമിച്ചത്. യുദ്ധസമ്പ്രദായങ്ങൾ ഒന്നും തന്നെ അറിവില്ലാത്ത മുസ്ലീമിങ്ങൾ കല്ലും വടിയുമായി പോർത്തുഗീസ്സുകാരോട് എതിരിട്ടു മരണം വരിച്ചു. അവിടെ അവർ സങ്കേതങ്ങൾ ഉറപ്പിച്ചു. മുസ്ലീമിങ്ങളെ കച്ചവടത്തിന്നനുവദിച്ചില്ല. പോർത്തുഗീസ്സുകാരുടെ കപ്പലിൽ ചരക്കുകൾ കൊണ്ടുപോകണമെന്ന് അവരെ നിർബന്ധിക്കുകയും, സമ്മതിച്ചുപോകുന്ന ചരക്കുടമസ്ഥന്മാരെ കപ്പലിൽവെച്ചു വധിക്കുകയും ചരക്കുകൾ കൈവശപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്.

സുൽത്താൻ ആദിൽഷായുടെ നേതൃത്വത്തിൽ ഒരു വലിയ സൈന്യം ഗോവ ആക്രമിച്ചു. സുൽത്താൻ സാമൂതിരിക്ക് ഒരെഴുത്തു കൊടുത്തയച്ചു. അതിൽ ഗോവയിൽ പോർത്തുഗീസ്സുകാരുമായി യുദ്ധം ചെയ്യുന്നുണ്ടെന്നും, സാമൂതിരിയുടെ നാവികസേനയുടെ സഹായം ആവശ്യമാണെന്നും, പോർത്തുഗീസ്സുകാർക്കു ഭക്ഷണം കിട്ടാത്തവിധം സർവ്വ ഒരുക്കങ്ങളും ചെയ്യണമെന്നും പറഞ്ഞിരുന്നു. പോർത്തുഗീസ്സുകാരെ ചാല്യത്ത് എതിർത്തുകൊ

ണ്ടിരുന്ന വേളയിലാണ് ആ എഴുത്തുകിട്ടിയത്. നാലുമാസത്തെ നിരന്തരപരി ശ്രമംകൊണ്ട് 1511–ൽ ചാലിയംകോട്ട പിടിച്ചു. ഈ യുദ്ധത്തിൽ പരപ്പൂർ, താണൂർ, പരപ്പനങ്ങാടി മുതലായ രാജ്യങ്ങളിലെ മുസ്ലീമിങ്ങൾ പങ്കെടുത്തിരുന്നു. ചാല്യം രാജാവ് നിവൃത്തിയില്ലാതായപ്പോൾ സന്ധിചെയ്ത ആദിൽഷായ്ക്കു പറയത്തക്ക പിൻതുണ ലഭിക്കാത്തതുകാരണം അദ്ദേഹം സംരംഭത്തിൽനിന്നു പിൻവാങ്ങുകയും പോർത്തുഗീസ്സുകാരുമായി സന്ധി ചെയ്കയുമാണുണ്ടായത്. സാമൂതിരി മരക്കാർമാരിൽ ഒരാളുടെ നേതൃത്വത്തിൽ ഒരു കപ്പൽ സൈന്യം ഗോവയിലേയ്ക്കയച്ചു. പക്ഷെ ആക്രമണം നടത്താതെ അവർ മടങ്ങുകയും മംഗലാപുരത്തുള്ള പോർത്തുഗീസ്സുകാരുടെ സങ്കേതം ആക്രമിക്കുകയും ചെയ്തു. ആ പടനായകൻ കുട്ടിഅബൂബക്കറായിരുന്നു.

വളർപട്ടണം, തിക്കൊടി, പന്തലായിനി മുതലായ സ്ഥലങ്ങളിൽനിന്നും ചെറിയ കപ്പലിൽ പോർത്തുഗീസ്സുകാരെ മുസ്ലീമിങ്ങൾ എതിർക്കുവാൻ തുടങ്ങി. കക്കാട്, കോഴിക്കോട്, പൊന്നാനി എന്നീ പ്രദേശങ്ങളിലെ മുസ്ലീമിങ്ങളും പോർത്തുഗീസ്സുകാരുടെ കപ്പലുകൾ ആക്രമിച്ചു അവരെ കീഴടക്കി. ഇങ്ങിനെ സർവ്വവ്യാപകമായ ആക്രമണം ഹേതുവായി പോർത്തുഗീസ്സുകാർ അധ:പതനഘട്ടത്തെ പുണർന്നുതുടങ്ങി.

കുട്ടിഅബൂബക്കറിന്റെ സൈന്യത്തെ പോർത്തുഗീസ്സുകാർ പിന്തുടർന്ന് കണ്ണൂരിൽവെച്ച് നശിപ്പിച്ചു. 1567–ൽ പൊന്നാനിയിൽനിന്നും ഒരു നാവിക സൈന്യം പോർത്തുഗീസ്സുകാർ അരിയും, പഞ്ചസാരയും കയററിയ കപ്പൽ പിടിച്ചടക്കി. ചാലിയത്തുണ്ടായ തോൽവി പോർത്തുഗീസ്സുകാരുടെ കേരളത്തിലുണ്ടായ ശക്തിക്കു ഒരു തിരിച്ചടിയായിരുന്നു. അവർക്കു സംഭവിച്ച നാശങ്ങൾ അത്രയ്ക്ക് അപരിഹാര്യമാണ്. അർദ്ധരാത്രിയിൽ എല്ലാ സാധനങ്ങളും ആയുധങ്ങളും ഉപേക്ഷിച്ചു പ്രാണരക്ഷാർത്ഥം ഓടി കപ്പലിൽ കയറി രക്ഷപ്രാപിക്കുകയാണ് ചെയ്തത്. താന്നൂർ രാജാവ് അവർക്കുവേണ്ട സൗകര്യം ചെയ്തുകൊടുത്തു. കൊച്ചിയിൽനിന്നും പോർത്തുഗീസ്സുകാർ താണൂരിൽവന്ന് അഭയാർത്ഥികളുമായി കൊച്ചിയിലേക്കു മടങ്ങുകയാണുണ്ടായത്.

സാമൂതിരി പോർത്തുഗീസ്സുകാരുടെ കോട്ട പൊളിച്ച് വലിയ തോക്കുകളും, കല്ലുകളും മരങ്ങളും കോഴിക്കോട്ടു കൊണ്ടുവന്നു. പൊളിച്ച മുസ്ലീംപള്ളി പുതുക്കിപ്പണിയുവാൻ വേണ്ട സാധനങ്ങൾ അതിൽനിന്നു നല്കി.

കുഞ്ഞാലിയുടെ സമുദ്രപ്രാബല്യം ഒന്നുകൂടി വർദ്ധിച്ചു. കുഞ്ഞാലി മൂന്നാമൻ പ്രസ്തുത യുദ്ധങ്ങളിൽ വിജയിച്ചതുകാരണം തന്റെ സൈനികശക്തിയെ ഒന്നു വർദ്ധിപ്പിച്ചു. അതോടുകൂടി,സാമൂതിരിയുടെ അനുമതി വാങ്ങി കുഞ്ഞാലി പുതുപട്ടണത്തിൽ ഒരു കോട്ട പണിതു. ഈ കോട്ടയ്ക്കാണ് മരക്കാർകോട്ട എന്നു പറയുന്നത്. കരയിലും മരക്കാരിന്റെ ശക്തി വർദ്ധിപ്പിച്ചു.

മററു നായർതലവൻമാരെപ്പോലെ സ്ഥാനമാനങ്ങൾ അദ്ദേഹത്തിന്നുമുണ്ടായിരുന്നു. പോർത്തുഗീസ്സുകാർ ഇടയ്ക്കിടയ്ക്ക് വീണ്ടും തുറമുഖകേന്ദ്രങ്ങളെ ആക്രമിക്കാൻ തുടങ്ങി. 1572–ൽ പോർത്തുഗീസ്സുകാർ പരപ്പനങ്ങാടിയിൽ ഇറങ്ങി പതിവുപോലെ മുസ്ലീംദേവാലയങ്ങൾക്ക് തീകൊടുത്തു. 1577–ൽ അമ്പതുകപ്പലുകൾ നിറയെ അരിയുമായി രാമനാട്ടിലുള്ള തുളയ്മന്നർ എന്ന സ്ഥലത്തുനിന്നും വന്ന ഒരു കപ്പൽകൂട്ടത്തെ പോർത്തുഗീസ്സുകാർ പിടിച്ചടക്കി. ഈ പരാജയം മുസ്ലീമിങ്ങളുടെ കച്ചവടത്തെ വല്ലാതെ കഷ്ടപ്പെടുത്തി, ജിദ്ദയിൽനിന്നു വരുന്ന ഗുജറാത്തുകാരുടെ ചില കപ്പലുകൾ അവർ പിടിച്ചെടുത്തു. ഈ കൂട്ടത്തിൽ മഹാനായ അക്ബർപാദഷായുടെ ചില കപ്പലുകൾ പെട്ടിരുന്നു. കുപിതനായ ചക്രവർത്തി പോർത്തുഗീസ്സുകാരെ ഡ്യൂ, ഗുജറാത്തി, ഡാമൻസീൽ എന്നീ സ്ഥലങ്ങളിൽനിന്നും തുരത്തി.

1578 –ൽ പോർത്തുഗീസ്സ് ഉദ്യോഗസ്ഥൻമാർ തിരുനാവായ അമ്പലത്തിൽച്ചെന്നു സാമൂതിരിയെ മുഖം കാണിച്ചു. സാമൂതിരി കോഴിക്കോട്ടു ഒരു കോട്ട കെട്ടുവാൻ അനുമതി നൽകി. പൊന്നാനിയിൽ കോട്ട കെട്ടുവാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അതിന്നനുവദിച്ചില്ല. പോർത്തുഗീസ്സുകാരുടെ ആക്രമണം വീണ്ടും തലപൊക്കി. കൊച്ചിരാജാവ് പോർത്തുഗീസ്സുകാരുടെ സഹായത്തോടെ സാമൂതിരിയെ ആക്രമിച്ചെങ്കിലും യാതൊരു ഫലവുമുണ്ടായില്ല.

1586ൽ കുഞ്ഞാലി പോർത്തുഗീസ്സുകാരെ ഒരു യുദ്ധത്തിൽ തോല്പിച്ചു. 1589 –ൽ കുഞ്ഞാലിയുടെ മരുമകനായ ഖാജമൂസയുടെ നേതൃത്വത്തിൽ നാവികസൈന്യം പോർത്തുഗീസ്സുകാരെ തോൽപിച്ചു. ഈ രണ്ടു വിജയങ്ങളും കുഞ്ഞാലിയുടെ പ്രതാപത്തെ വളർത്തി. മൂസ ഇടതടവില്ലാതെ യുദ്ധംചെയ്ത് പോർത്തുഗീസ്സുകാരെ പരാജയപ്പെടുത്തി. മൂസയുടെ ആക്രമണത്തിൽനിന്നു രക്ഷനേടാൻ ഒരു വലിയ സൈന്യത്തെ പോർത്തുഗീസ്സുകാർ സംഘടിതമാക്കി, അതിൽ മൂസയുടെ മിക്ക കപ്പലുകളും നഷ്ടപ്പെട്ടു. മൂസ സ്വയംരക്ഷാർത്ഥം വെള്ളത്തിൽ ചാടി രക്ഷപ്പെട്ടു. ദൃഢചിത്തനായ കുഞ്ഞാലിയെ മൂസയുടെ പരാജയം ഭഗ്നാശനാക്കിയില്ല. അദ്ദേഹം പോർത്തുഗീസ്സുകാരെ മലബാറിൽനിന്നു യുദ്ധം ചെയ്തു തുരത്തി. ഇതുകാരണം പോർത്തുഗീസ്സുകാർ സാമൂതിരിയുമായി സന്ധിക്കൊരുങ്ങി.

1591–ൽ തൃപ്തികരമായ ഒരു സന്ധിയിൽ പോർത്തുഗീസ്സുകാർ ഒപ്പുവെച്ചു. ഈ സന്ധി അധികകാലം നിലനിന്നില്ല. സാമൂതിരിയുടെ കപ്പലുകൾ പോർത്തുഗീസ്സുകാർ ആക്രമിച്ചു. 1595–ൽ കുഞ്ഞാലി നാലാമൻ പുതുപട്ടണത്തിലുള്ള മരക്കാർ കോട്ടയുടെ അവകാശിയായിത്തീർന്നു.

ഗോപുരങ്ങളും, കിടങ്ങുകളും, മററു സൈനികസജ്ജീകരണങ്ങളും സജ്ജമാക്കി തന്റെ പിതാവിനേക്കാൾ കൂടുതൽ വിജയം അദ്ദേഹം കരസ്ഥമാ

ക്കി. ഈ പ്രതാപത്തിൽ അഹങ്കരിച്ച കുഞ്ഞാലി നാലാമൻ സാമൂതിരിയുമായുള്ള കോയ്മാവകാശം തീരെ വിസ്മരിച്ചു. സാമൂതിരിയുടെ ഒരാനയുടെ വാൽ മുറിക്കുകയും ഒരു നായരെ ദേഹോപദ്രവമേല്പിക്കുകയും ചെയ്തു. കുപിതനായ സാമൂതിരി പോർത്തുഗീസ്സുകാരുമായി 1597–ൽ ഒരു സന്ധിയിലേർപ്പെട്ടു. പുതുപട്ടണംകോട്ട ഉടൻ പിടിച്ചില്ലെങ്കിൽ സാമൂതിരിഭരണം കുഞ്ഞാലിനാലാമൻ അറബിക്കടലിലാക്കുമെന്ന് പോർത്തുഗീസ്സുകാർ പറഞ്ഞു ഭയപ്പെടുത്തി. പോർത്തുഗീസ്സുകാരുടെ നിരന്തരമായ യുദ്ധപ്രേരണ നിമിത്തം സാമൂതിരി കുഞ്ഞാലിയോടു യുദ്ധത്തിനൊരുങ്ങി. സാമൂതിരി പുതുപട്ടണത്തിലേക്ക് കരയിലൂടെയും പോർത്തുഗീസ്സുകാർ കടലിലൂടെയും യാത്രയായി. നദീമുഖത്ത് സ്ഥിതിചെയ്യുന്ന മരക്കാർകോട്ടയെ രക്ഷിക്കാൻ അവരും തയ്യാറായി. പ്രതിരോധനടപടികൾ കുഞ്ഞാലിയുമെടുത്തു. കരസൈന്യവും കടൽസൈന്യവും തമ്മിലുള്ള യോജിപ്പില്ലായ്മയാൽ സാമൂതിരിയും പോർത്തുഗീസ്സുകാരും ആ യുദ്ധത്തിൽ തോററു. 1599–ൽ സാമൂതിരിയും പോർത്തുഗീസ്സുകാരും ഒരു സന്ധിയിലൊപ്പിട്ടു. പോർത്തുഗീസ്സുകാരും സാമൂതിരിയും കുഞ്ഞാലിക്കെതിരായി ഒരു വലിയ സൈന്യം തയ്യാറാക്കി. യുദ്ധത്തിൽ നായർപട്ടാളത്തലവന്മാരും കോഴിക്കോട്ടെ പൗരമുഖ്യന്മാരും എതിരഭിപ്രായം പ്രകടിപ്പിച്ചു. ചാലിയത്തുനിന്നും ധർമ്മടത്തുനിന്നും പട്ടാളക്കാരെ കോഴിക്കോട്ടേയ്ക്കു മടക്കിവിളിച്ചു. പട്ടാളക്കാരിൽപ്പോലും പോർത്തുഗീസ്സുകാർക്ക് വിശ്വാസമുണ്ടായിരുന്നില്ല. സാമൂതിരിയുടെ പേരിൽ പോർത്തുഗീസ്സ് സന്നാഹം പുതുപട്ടണത്തെത്തി. സാമൂതിരിയുടെ പ്രതിനിധികളായി മൂന്നുപേർ മാത്രമേ ആ സൈന്യത്തിലുണ്ടായിരുന്നുള്ളു. വളരെ വാശിയോടുകൂടി കുഞ്ഞാലി യുദ്ധം ചെയ്തു. പുറത്തുനിന്നുള്ള പട്ടാളസഹായം കുഞ്ഞാലിക്കു ലഭിക്കാതായപ്പോൾ സന്ധിക്കപേക്ഷിച്ചു. ഈ സന്ധിയുടെ ഉദ്ദേശം ജനങ്ങളുടെ വിലയേറിയ ജീവൻ രക്ഷിക്കലായിരുന്നു. സാമൂതിരിക്കായി തന്റെ വാൾ സമർപ്പിച്ചു. കുഞ്ഞാലിയെ സ്വതന്ത്രനാക്കി വിടണമെന്നും നിരുപാധികം എല്ലാ തടവുകാരെയും മോചിപ്പിക്കണമെന്നും സാമൂതിരി ആവശ്യപ്പെട്ടു. പക്ഷേ പോർത്തുഗീസ്സുകാർ മൃഗീയമായ ദണ്ഡനങ്ങൾ ഏല്പിച്ചശേഷം കുഞ്ഞാലിയെ വധിച്ചു.

കുഞ്ഞാലിയുടെ അനുയായികളായ മരക്കാർപ്രഭൃതികളെ ചെമ്മലോട്, വളപട്ടണം, മാടായി, കാസർകോഡ്, പരപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽനിന്നു പോർത്തുഗീസ്സുകാർ സാമൂതിരിയുടെ അനുമതികൂടാതെ തടവിലാക്കി. പോർത്തുഗീസ്സുകാരുടെ ഭീഷണിക്കും, മർദ്ദനത്തിനും, പട്ടാളവാഴ്ചയ്ക്കും സാമൂതിരിയുടെ ''നിസ്സഹായത'' വളർച്ച നല്കി. പോർത്തുഗീസ്സ് നാവികർ കുറെ തടവുകാരെ ഗോവയിൽ കൊണ്ടുപോയി വധിച്ചുവെന്നും ഈ ദാരുണവാർത്തയറിഞ്ഞപ്പോൾ സാമൂതിരി പൊട്ടിക്കരഞ്ഞുപോയെന്നും പോർത്തുഗീസ്സ് ചരിത്രകാരനായ എഫ്.എസ്സ്.ഡേവിസ്പോലും പറയുന്നു. പോർത്തുഗീസ്സുകാരുടെ നിരന്തരമായ മർദ്ദനംകൊണ്ടുമാത്രമാണ് മരക്കാർമാർ തങ്ങളുടെ കേന്ദ്രങ്ങൾ കയ്യൊഴിച്ചത്. പോർത്തുഗീസ്സ് ചരിത്രകാര

ന്മാരിൽ ചിലർ മരക്കാർ വംശജരുടെ പേരിൽ പല കള്ളക്കഥകളും സൃഷ്ടിച്ചിട്ടുണ്ട്. പോർത്തുഗീസ്സ് സേനയുടെ കീഴിൽ പട്ടാളസേവനം ചെയ്തിരുന്നവരെ മരക്കാർമാർ തട്ടിക്കൊണ്ടുപോവുകയും അവരെക്കൊണ്ടു അടിമവേല ചെയ്യിക്കുകയും ചെയ്തുവെന്നാണ് പോർത്തുഗീസ്സ്കാരുടെ ആക്ഷേപം.

Ref: Malabar & Portugeese-K.M.Panikkar

Malabar Fighting-John Splinter Slavanius

Military Races of Malabar-Sir William Hunter

## 7. കേരളകടൽക്കള്ളന്മാർ

പരാക്രമശാലികളായ പടനായകന്മാരുടെ സംഭ്രമജനകങ്ങളായ കഥകൾകൊണ്ട് നിറഞ്ഞതാണ് പൗരാണിക യവനേതിഹാസങ്ങൾ. സമുദ്രമദ്ധ്യത്തിൽ സ്വച്ഛന്ദം വിഹരിച്ചിരുന്ന ഐതിഹാസികപാരമ്പര്യമുള്ള വമ്പന്മാരുടെ വീരസ്മരണകൾ ഗ്രീക്കുകാരിലും, പൗരാണിക അറബികളിലും, ടൂണീഷ്യരിലും, റോമാക്കാരിലും ആവേശം കുത്തിവെച്ചിരുന്നു. വായിക്കാൻ കൊള്ളാവുന്ന ഗ്രീക്ക് ഐതിഹാസിക ഗ്രന്ഥങ്ങളിൽ സമുദ്രത്തിന്റെ അധിപന്മാരായി വാണിരുന്ന കൊള്ളത്തലവന്മാരെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. കാർത്തേജിന്റേയും ബാബിലോണിന്റെയും അധ:പതനത്തിന് മാർഗ്ഗം തുറന്നത് കടൽക്കൊള്ളക്കാരാണെന്നു ചരിത്രരേഖകളുണ്ട്. ക്രിസ്തുവിന്നു മുമ്പുതന്നെ കേരളം വൈദേശികബന്ധം സ്ഥാപിച്ചിരുന്നു. വ്യാപാരമാർഗ്ഗത്തിലൂടെ ബന്ധം കെട്ടിപ്പടുത്ത കേരളവുമായി അക്കാലത്തുതന്നെ ഏഡൻതുറമുഖതീരത്തെയും, റോമാകടലുകളിലെയും, മഡഗാസ്ക്കർതുരുത്തിലെയും കള്ളന്മാർക്ക് പരിചയപ്പെടാൻ കഴിഞ്ഞിരുന്നു. ടോളമി, പെരില്ലീസ്, പ്ലീനി തുടങ്ങിയ പ്രഗത്ഭരായ ചരിത്രകാരന്മാർ തീരപ്രദേശങ്ങളിൽ ആക്രമണം നടത്തിയ കടൽക്കള്ളന്മാരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വ്യാപാരതല്പരരും മതപ്രചാരകരും കേരളക്കരയിൽ പ്രാബല്യം നേടിയപ്പോൾ തസ്ക്കരപ്രവീണന്മാർ കേരളത്തിന്റെ കടൽക്കരയിൽ വിജയക്കൊടി നാട്ടി., നിരവധി നൂററാണ്ടുകൾ ആഴിയുടെ അധിപന്മാരായി ജീവിച്ചു. നമ്മുടെ കായംകുളം കൊച്ചുണ്ണിയും ചേകണ്ണനും ആ പാരമ്പര്യം നിലനിർത്തി. അനന്തമായ അറബിക്കടലിന്റെ വിരിമാറിൽ നടന്ന ആയിരമായിരം അറുകൊലകൾ എത്രകാലം കേരളം നോക്കിനിന്നിട്ടുണ്ട്. അജ്ഞാതരായ ആ സാഹസികരുടെ ആത്മരോദനം ആർത്തലച്ചണയുന്ന തിരമാലകളിൽ ലയിച്ചു.

അലക്സാണ്ടരുടെ ചരിത്രപ്രസിദ്ധമായ ആക്രമണത്തിന്നു മുമ്പുതന്നെ കേരളത്തിലെ വനവിഭവങ്ങൾ വിദേശകമ്പോളങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കളായിരുന്നു. കാലവർഷക്കാററിന്റെ കണ്ടുപിടുത്തത്തിനുമുമ്പേ വളരെദൂരം യാത്രചെയ്ത് വിദേശവ്യാപാരികളോടൊപ്പം കടൽക്കള്ളന്മാർ ഇവിടെ എത്തിയിരുന്നു. അക്കാലത്ത് പേഴ്സ്യൻ ഉൾക്കടൽ വഴി അറേബ്യയുടെ ദക്ഷിണഭാഗങ്ങളിലേക്കും അവിടെനിന്ന് യമനും ഹിജാസും കടന്ന് സിറിയയിലേക്കും ഈജിപ്തിലേക്കും ഉത്പന്നങ്ങൾ കയറ്റി അയച്ചിരുന്നു. പ്രകൃതകേന്ദ്രങ്ങളിലെല്ലാം കൊള്ളക്കാരുടെ താവളങ്ങളുണ്ടായിരുന്നു. ഗ്രീക്കിലും, ഹീബ്ദവിലും, കേരളക്കരയിലും ആക്രമണം നടത്തിയിരുന്ന കടൽക്കള്ളന്മാരെ 'മൊളന്ദന്മാർ' എന്നാണ് വിളിച്ചിരുന്നത്. കടലുകളിൽ പൊങ്ങിക്കാണുന്ന മൺതിട്ടകളിലും ദ്വീപുകളിലും മൊള്ളന്മാർ താവളമുറപ്പിച്ചിരുന്നു. ഇവരിൽ മത്സ്യം പിടിച്ചുകഴിയുന്നവരായിരുന്നു അധികവും. മത്സ്യം ഇവരുടെ പ്രധാന ഭക്ഷ്യസാധനമായിരുന്നു. ഫിലിപ്പയിൻ ദ്വീപുകളിലെ കച്ചവടക്കാരുമായി ബന്ധം പുലർത്തിയിരുന്ന മൊളന്ദന്മാർ കൂട്ടമായിട്ടാണ് സമുദ്രസഞ്ചാരം ചെയ്തിരുന്നത്. *''മൊളന്ദന്മാർ നാവികപാര

മ്പര്യമുള്ള വർഗ്ഗത്തിൽപെട്ടവരാണ്. ഭക്ഷണമന്വേഷിച്ച് മൊറോക്കാൻ രാജ്യങ്ങളിൽനിന്ന് നാടുവിട്ടവരാണിവരെന്ന് സംശയിക്കപ്പെടുന്നു. ഹൂണൻമാരുടെ ആക്രമണകാലത്ത് ബോംബെയ്ക്കടുത്തുവെച്ച് തടവിലാക്കപ്പെട്ട മൊളന്ദന്മാരിൽനിന്ന് പിടിച്ചെടുത്ത സാമഗ്രികൾ അതാണ് തെളിയിക്കുന്നത്. മദ്ധ്യപൌരസ്ത്യദ്വീപുകളിൽ കോളനികൾ സ്ഥാപിച്ചിട്ടുളളവർക്ക് ചില പ്രാകൃതാചാരങ്ങളുണ്ട്. ഒരു സംഘത്തലവനും അലിഖിതനിയമങ്ങളും ഇവർക്കുണ്ടായിരുന്നു. ഭക്ഷണത്തിനു ബുദ്ധിമുട്ടാകുമ്പോൾ കടൽ സഞ്ചാരികളെ ആക്രമിച്ചു കാര്യം നടത്തുന്നവരാണ്. സ്വൈര്യമായി ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടപ്പോൾ ഇവർ കൊള്ളക്കാരായിത്തീർന്നതായിരിക്കണം. ഇവരുടെ വലിയ കേന്ദ്രം നാലാം നൂറ്റാണ്ടിൽ അറബിക്കടലിലെ പീററിയ ദ്വീപായിരുന്നു. സിലോണിലും അയൽദ്വീപുകളിലും ഇവർക്ക് കേന്ദ്രങ്ങളുണ്ട്. മലബാറിലെ കച്ചവടക്കപ്പലുകൾ സമുദ്രാതിർത്തിയിലെത്തുമ്പോൾ ഇവർക്കു പ്രതിഫലം നല്കിയിരുന്നു. ''ഹാവലിന്റെ അഭിപ്രായത്തെ സാധൂകരിക്കുന്ന രേഖകളാണ് പ്രസിദ്ധ സഞ്ചാരികളായിരുന്ന ഇബ്നുബത്തൂത്ത നൽകുന്നത്. ഇബ്നുബതൂത്തയുടെ വിശ്വവിഖ്യാതി നേടിയ ആത്മകഥയായ ''തുഹ്ഫത്തുനസ്സാറി''ൽ മലബാർ കരയിലെ കടൽക്കള്ളന്മാരെപ്പറ്റി പറയുന്നതിങ്ങനെയാണ്. *''ആഫ്രിക്കൻ മരുഭൂമിയിലൂടെ സൽജവാസും തഗാസയും, ദാമത്തമയും, സാഗരിയും കടന്നാണ് രണ്ടാമത്തെ യാത്ര അവസാനിപ്പിച്ചത്. മരുഭൂമിയിൽ ഒട്ടകപ്പുറത്തു കയറി സഞ്ചരിച്ച് കളവുനടത്തുന്നവരെപ്പററി ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ, അവർക്ക് എന്നെ ആവശ്യമുണ്ടായില്ല. ഇന്ത്യയിൽ മുഹമ്മദ് തഗ് ലക് ഭരിക്കുന്ന കാലത്താരംഭിച്ച എന്റെ യാത്രയിൽ കവർച്ചസംഘക്കാരെ നേരിട്ടുകാണാൻ എനിക്കു കഴിഞ്ഞു. മലബാർതീരത്തെ ഫാക്കത്തൂരിൽനിന്നു (തെക്കൻ കർണ്ണാടകത്തിലെ ഒരു കേന്ദ്രം) പിടിച്ച മുന്നൂറോളം തടവുകാരെ തഗ്ലക് ജയിലിലടച്ചിരുന്നു. അവരുമായി ഞാൻ സംസാരിച്ചു. ഈ തസ്ക്കരസംഘത്തിൽ കവർച്ചചെയ്തുകൊണ്ടുവന്ന സ്ത്രീകളും ഉൾപ്പെട്ടിരുന്നു. കപ്പലുകളുടെ മാർഗ്ഗമദ്ധ്യത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ച് ആക്രമണം നടത്തുകയാണിവരുടെ തൊഴിൽ. ആവശ്യമുള്ള സാധനങ്ങൾ കവർച്ച ചെയ്തശേഷം യാത്രക്കാരെ പിടിച്ചു ദ്വീപുകളിൽ കൊണ്ടുപോകാറുണ്ട്. അങ്ങനെ അവരുടെ സംഘത്തിൽ അംഗങ്ങൾ കൂടിവന്നു. ബോംബെമുതൽ മലബാർ തീരം വരെ ഇവർ സമുദ്രാധിപത്യം വഹിച്ചിരുന്നു. ഹാമോയിവർഗ്ഗക്കാരുടെ പ്രാകൃതാചാരങ്ങൾ അനുഷ്ഠിക്കുന്നവരും ഇവരിലുണ്ട്. ചൈനാക്കാരും ഈജിപ്തുകാരും ഈ സംഘത്തിലെ പ്രാമാണികരാണ്. സമുദ്രസഞ്ചാരത്തിന്റെ എളുപ്പമാർഗ്ഗങ്ങൾ ഇവർ കണ്ടുപിടിച്ചിട്ടുണ്ട്. കടലിൽ വേലിയേററം ഉണ്ടാകുന്നത് മുൻകൂട്ടി ഇവർ മനസ്സിലാക്കുന്നു. ഇവരുടെ ആക്രമണത്തിൽനിന്നു രക്ഷ നേടാൻ കൊല്ലം രാജാവ് കടൽസൈന്യത്തെ സജ്ജീകരിച്ചിരുന്നു. ഉല്പന്നങ്ങൾ കയററിക്കൊണ്ടുപോകുന്ന കപ്പലുകൾക്ക് സൈന്യം കാവൽ നില്ക്കുന്നു. കച്ചവടക്കാരുടെ സങ്കേതമായിരുന്ന നെത്രാദ്വീപിൽ സംഘത്തലവനായ മന്ത്രവാദി അഗ്നിക്കരികെ ഇരുന്നു മന്ത്രം ജപിക്കുകയാണ് പതിവ്. അപകടങ്ങളിൽനിന്നു രക്ഷ നേടാൻ ''മൂർത്തിബി'' എന്ന ആ

സംഘത്തലവൻ പ്രാർത്ഥിച്ചിരുന്നു.ഒരു കവർച്ച വിജയകരമായി പര്യവസാനിച്ചാൽ സമുദ്രദേവതയെ സന്തോഷിപ്പിക്കാൻ ഇവർ സദ്യ നടത്തുന്നു. ഇത്തരം പ്രാകൃതാചാരം ഹാമോയികളുടെയും പൗരാണികഈജിപ്ത്കാരുടെയും ഇടയിൽ നടപ്പുണ്ടായിരുന്നു.''

സീസർ ക്ലോഡിയസ്സിന്റെ കാലത്തുതന്നെ മലബാർകരയുമായി വ്യാപാരബന്ധം പുലർത്തിയ കപ്പൽസഞ്ചാരികൾച്ച് അറബിക്കടലിൽവെച്ചു കവർച്ചക്കാരുമായി ഏററുമുട്ടേണ്ടിവന്നിട്ടുണ്ട്. മുസരിബന്ദർ എന്ന സ്ഥലത്തുവെച്ചു നടന്ന ഒരു യുദ്ധകഥ റോമൻചരിത്രേതിഹാസത്തിൽ വർണ്ണിച്ചിട്ടുണ്ട്. ക്ലോഡിയസ്സിന്റെ കാലം സീസ്സർ അഗസ്റ്റസിനുശേഷമാണ്. 'മുസരിബന്ദർ' എന്നു പറയുന്നത് കൊടുങ്ങല്ലൂർ തുറമുഖത്തെയാണ്. അപ്പോൾ ക്രിസ്ത്വബ്ദാരംഭത്തിൽതന്നെ കടൽക്കള്ളന്മാരുടെ ചരിത്രപ്രസിദ്ധമായ സാഹസികയത്നങ്ങൾ നടന്നിട്ടുണ്ടെന്നു തെളിയുന്നു.

കേവലം കൊള്ള ചെയ്തു അസംഘടിതമായി ജീവൻ ബലിയർപ്പിച്ചിരുന്ന അപരിഷ്കൃതർ മാത്രമായിരുന്നില്ല കടൽക്കള്ളന്മാർ. മുത്തുച്ചിപ്പി സംഭരിക്കുന്നവർ, അടിമവ്യാപാരം നടത്തുന്നവർ, നാവികപരിശീലനം നല്കുന്നവർ, മത്സ്യം പിടിച്ചു കാലായാപനം ചെയ്യുന്നവർ തുടങ്ങിയ വിവിധതരക്കാരുടെ ഒരു വർഗ്ഗമായിരുന്നു അവരുടേത്. കേരളക്കരയുടെ പ്രധാന സ്ഥലങ്ങളായ ഫാക്കനൂർ(ബൽക്കൂർ), ഷിംഗലായി(കൊടുങ്ങല്ലൂർ), കൊല്ലാമേലി(തെക്കൻകൊല്ലം), ഫന്ദരീന(പന്തലായിനി), മഞ്ചവൂർ(മംഗലാപുരം), ശ്രീകാൽന്തോനീം(ശ്രീകണ്ഠപുരം), പുരാക്കാട്(പുറക്കാട്) തുടങ്ങിയ സ്ഥലങ്ങളിൽ കടൽക്കള്ളന്മാരുമായി ബന്ധപ്പെട്ട കുടുംബങ്ങളുണ്ടായിരുന്നു. മാർക്കോപോള, ബർബോസ, പിരിശത്ത്, ഥെവനോവ്, ഇബ്നൽആതിർ, ഓക്കലി, അബൂയഹ് യസെനഫോൺ തുടങ്ങിയ പ്രസിദ്ധരായ സഞ്ചാരികൾ അവരുടെ ചരിത്രഗ്രന്ഥങ്ങളിൽ കടൽക്കള്ളന്മാരെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ജൂതപണ്ഡിതനായ ബെസ്റ്റയിജിക്ക് തന്റെ യാത്രയിൽ കടൽക്കള്ളന്മാരോടേററുമുട്ടേണ്ടതായിവന്നു. സെനഫോണിന്റെ കടൽക്കഥകളിലെ പാത്രങ്ങൾ മലബാർതീരത്തെ കപ്പൽക്കാരാണ്. അബൂയഹിയ സുന്ദരമായ ഒരു കഥതന്നെയാണ് കടൽക്കള്ളന്മാരിൽനിന്നു പകർത്തിയിട്ടുള്ളത്. എട്ടാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ പേർഷ്യയിൽനിന്നു മലബാറിലേക്കു യാത്രതിരിച്ച ഒരു വ്യാപാരസംഘം കടൽക്കള്ളന്മാരുമായി ഏററുമുട്ടുന്നതിൽനിന്നു ത്ഭവിച്ചതാണ് കഥാവസ്തു.

*പേർഷ്യൻ വാണിജ്യപ്രഭുവായ സാദീഖാത്ത് വാസനദ്രവ്യങ്ങൾ വാങ്ങാൻ മലബാർതിരത്തേക്കു യാത്ര പുറപ്പെട്ട് തീരപ്രദേശത്തടുക്കാറായപ്പോൾ ചെറിയ വഞ്ചികളിൽ കള്ളന്മാർ പ്രത്യക്ഷപ്പെട്ട് കപ്പലിനെ ആക്രമിച്ചു. ദീർഘനേരത്തെ പോരാട്ടത്തിനുശേഷം കള്ളത്തലവൻ സാദിഖാത്തിനെയും കൂട്ടുകാരെയും ബന്ധനസ്ഥരാക്കി. കൊള്ളക്കാരിൽപെട്ട, പതിഞ്ഞ മൂക്കും നീലക്കണ്ണുകളുമുള്ള സ്ത്രീ സാദിഖാത്തിനെ രക്ഷിച്ചു. ആ സ്ത്രീ മയ്യോക്ക

വർഗ്ഗത്തിൽപെട്ടവളായിരുന്നു. ആക്രമിച്ചുകിട്ടിയവരിൽ ഒരുവളുടെ സഹായത്തോടെ സാദിഖാത്ത് കരപററി. സമുദ്രത്തിലെ കൊള്ളക്കാരിയായ അവളെ ആ മാർഗ്ഗത്തിൽനിന്നു സാദിഖാത്ത് പിൻതിരിപ്പിച്ചു. ഹൃദ്യമായ ഒരു പ്രേമനാടകത്തിലെ നായികയായി ആ സമുദ്രറാണി ജീവിച്ചു. മംഗലാപുരത്തുവെച്ച് അവർ വിവാഹിതരായി. സാദിഖാത്തിന്റെ സഞ്ചാരമാർഗ്ഗത്തിൽ അത്ഭുതാവഹങ്ങളായ രഹസ്യങ്ങൾ നല്കിയത് ഈ കൊള്ളക്കാരിയാണ്.

ഇവരുടെ ശ്മശാനം ഹേലിയിൽ(ഏഴിമലയിൽ) കാണാം. ''കടൽത്തീരങ്ങളിൽ അധിവസിച്ചിരുന്നവരിൽ പലരും കടൽക്കള്ളന്മാർക്കവലംബം നൽകിയിട്ടുണ്ട്.''

തീരപ്രദേശനിവാസികളുടെ സഹായമില്ലാതെ സ്വച്ഛന്ദം അവർക്കു വിഹരിക്കാൻ കഴിയുമായിരുന്നില്ല. നാഗപട്ടണത്തു മുത്തുച്ചിപ്പിവ്യവസായത്തിലേർപ്പെട്ടവരായിരുന്നു കടൽക്കള്ളന്മാർക്കു സൗകര്യം നൽകിയിരുന്നതെന്നു ഡച്ചുചരിത്രകാരന്മാർ പറയുന്നു. വിപുലമായ തോതിൽ മുത്തുച്ചിപ്പിവ്യവസായം നടത്താൻ വിദേശികൾ കേരളതീരത്തു പാളയമടിച്ചുതാമസിച്ചിരുന്നു. പ്രസിദ്ധസഞ്ചാരിയായ മാർക്കോപോളോ തന്നെ ഈ വിവരം വെളിപ്പെടുത്തുന്നുണ്ട്.

*''സിലോണിന്നും മലബാറിന്നും മദ്ധ്യത്തിൽ ഒരു കടലിടുക്കുണ്ട്. അവിടെനിന്ന് മുത്തുച്ചിപ്പികൾ മുങ്ങി എടുക്കാനായി ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ വിദേശികൾ കൂട്ടം കൂട്ടമായി വരുന്നു''. മുത്തുച്ചിപ്പിയുടെ വ്യവസായപാരമ്പര്യം തൂത്തുക്കുടിയിൽ ഇപ്പോഴും കാണാം.സമുദ്രത്തിന്റെ മുകൾപ്പരപ്പിൽ മാത്രമല്ല അഗാധതയിലും കടൽക്കള്ളന്മാർ നിർഭയം പ്രവേശിച്ചിരുന്നു. മുത്തുച്ചിപ്പിവ്യാപാരത്തിൽ പ്രാമാണ്യം നേടിയിരുന്നത് ടുണീഷ്യക്കാരാണ്. അവർ മുങ്ങിത്തപ്പൽകാർക്ക് പ്രോത്സാഹനം നല്കി., കേരളക്കരയുടെ പല ഭാഗങ്ങളിൽനിന്നും മുത്തുച്ചിപ്പികൾ സംഭരിക്കാൻ ശ്രമം നടത്തിയിരുന്നു.

കേരളചരിത്രത്തിൽ ഉപയോഗപ്രദമായ വിവരം ലഭിക്കാത്ത ഒരു വലിയ വിടവുണ്ട്. വിദേശമതങ്ങളുടെ പ്രചരണവും വ്യാപാരത്തിരക്കും കഴിഞ്ഞാൽ ഏതാനും നൂററാണ്ടുകൾ ചരിത്രത്തെസ്സംബന്ധിച്ചിടത്തോളം ഇരുളടഞ്ഞുകിടക്കുകയാണ്. ചരിത്രരചനയ്ക്കു രേഖകൾ ലഭിക്കുന്നതു പോർത്തുഗീസ്സുകാരുടെ ആഗമനത്തോടുകൂടിയാണ്. കേവലം കൊള്ളക്കാരായ കേരളത്തിലെ തെരുവുകളിൽ താണ്ഡവനൃത്തം നടത്തിയ പോർത്തുഗീസ്സുകാർക്ക് എതിരിടേണ്ടിവന്നതു തീരപ്രദേശത്തെ കടൽക്കള്ളന്മാരോടാണ്. നൂറിൽപ്പരം അനുചരന്മാരോടുകൂടി മലബാർ കരയിലെത്തിയ വാസ്ക്കോഡിഗാമയ്ക്കു ഹൃദ്യമായ സ്വീകരണം കാപ്പാടുനിന്നു് (കോഴിക്കോടുനിന്നു് ഏതാനും നാഴിക വടക്ക്) ലഭിച്ചില്ല. (ഗാമയുടെ സ്മാരകം ഇന്നും അവിടെ കാണാം) അവിടെ താവളമടിച്ചിരുന്ന കടൽക്കള്ളന്മാരോട് പൊരുതിയശേഷമാണ് പന്തലായിനിയിലും കോഴിക്കോട്ടും ഗാമയുടെ സംഘം എത്തിയത്. 1500–ൽ വന്ന ക്രാകാ

ബ്രാൽ കപ്പിത്താനും സാമൂതിരിയുമായി ഒരുടമ്പടിക്കായി ശ്രമിച്ചു. ആ ഉടമ്പടിപ്രകാരം അറബിക്കച്ചവടക്കാരുടെ സ്വാധീനശക്തി കുറയ്ക്കാൻ സാമൂതിരി നിർബന്ധിതനായിരുന്നു. പക്ഷേ കടൽക്കള്ളന്മാരുടെ സഹകരണത്തോടെ അറബികൾ കപ്പിത്താനെയും സൈന്യത്തേയും തുരത്തി. കൊച്ചിയിലേയ്ക്കു കപ്പൽസൈന്യം പിന്തിരിഞ്ഞു. കോഴിക്കോട്ടുനിന്നു വരുന്ന വഴി തീരപ്രദേശങ്ങൾ ചുട്ടുപൊട്ടിച്ചാണ് അവർ ജൈത്രയാത്ര നടത്തിയത്. കൊച്ചിരാജാവുമായി വ്യാപാരഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. ധീരനായ സാമൂതിരി മൂസാച്ചിക്കക്ക (കടൽക്കള്ളന്മാരെ ദേശസേവനത്തിന്നായി തയ്യാറാക്കിയ ആ നാവികവീരൻ)യുടെ സഹായത്തോടെ പോർത്തൂഗീസ്സുകാരെ കൊച്ചിയിൽ കടന്നാക്രമിച്ചു. കൊച്ചിരാജാവ് ഭയവിഹ്വലനായി വൈപ്പിൻതുരുത്തിൽ അഭയം പ്രാപിച്ചു. രണ്ടാമത്തെ പോർത്തൂഗീസ്സ് കപ്പൽപ്പടയാണ് രാജാവിനെ രക്ഷിച്ചത്.

കടൽക്കരയിൽ പോർത്തൂഗീസ്സ് സൈന്യം കൊച്ചിരാജാവിന്റെ അനുമതിയോടുകൂടി താവളമടിച്ച് കടൽക്കള്ളന്മാരെ അമർച്ചചെയ്യുന്നു എന്ന പേരിൽ തുറമുഖത്തുനിന്നു ചരക്കുകൾ കയററിപ്പോയ കപ്പലുകളെ പിന്തുടർന്നു ആക്രമിക്കുവാൻ തുടങ്ങി. ആക്രമണത്തിന്റെ അപരാധം കടൽക്കള്ളന്മാരുടെ പേരിൽ ചുമത്തി. വിദേശികളായ കച്ചവടക്കാരെ ഭീഷണിപ്പെടുത്തിയും സാമൂതിരിയുടെ സൈന്യത്തിൽപ്പെട്ട പട്ടാളക്കാരെ ഉപദ്രവിച്ച് പോർത്തൂഗീസ്സുകാർ തങ്ങളുടെ ശക്തി കൂട്ടിക്കൊണ്ടിരുന്നു. കടലിലും കരയിലും ജനങ്ങൾക്കു സ്വൈര്യമായി ജിവിക്കാൻ നിവൃത്തിയില്ലാതായപ്പോൾ അന്നത്തെ കപ്പൽപ്പടയുടെ നേതൃത്വം വഹിച്ചിരുന്ന മരക്കാർമാർ പോർത്തൂഗീസ്സുകാരോട് എതിരിടാൻ പുതിയ സൈന്യസജ്ജീകരണം നടത്തി. കടലിന്റെ ആധിപത്യം വഹിച്ചിരുന്ന കുഞ്ഞാലിമരക്കാർ പൊന്നാനിയിലും കോഴിക്കോട്ടും കടൽക്കള്ളന്മാരുടെ തലമുറയിൽപ്പെട്ട സാഹസികരെ തേടിപ്പിടിച്ചു ദേശീയവിമോചനസേന രൂപവല്ക്കരിച്ചു. അപരിഷ്കൃതരും ക്രൂരന്മാരുമായി പരിഗണിച്ചുപോന്ന അവരിൽ പലരും പോർത്തൂഗീസ്സാക്രമണകാലത്തു സഹിച്ച യാതനകൾക്കു കണക്കില്ല. രോമാഞ്ചംകൊള്ളിക്കുന്ന പോരാട്ടങ്ങൾ കടലിന്റെ വിരിമാറിൽ കുട്ടിആലിമരക്കാരുടെ നേതൃത്വത്തിൽ 1524–ൽ അവർ നടത്തി. കൊച്ചിയിലെ സമുദായപ്രമാണികളും യുദ്ധനിപുണരുമായ അഹമ്മദ്മരക്കാർ, മുഹമ്മദാലിമരക്കാർ എന്നിവരുടെ മേൽനോട്ടത്തിൽ പോർത്തൂഗീസ്സ്കോട്ട അവർ പിടിച്ചടക്കി. കടൽക്കള്ളന്മാരുടെ ഇടയിൽ സാമൂഹ്യബോധം വളർത്താൻ ശ്രമിച്ച നാവികസേനാനിയാണ് പാച്ചാച്ചി. മലബാറിന്റെ തീരപ്രദേശത്ത് അസംഘടിതമായി കഴിഞ്ഞിരുന്ന ഇവരാണ് ഇന്ത്യയുടെ നാവികശക്തിയെ ഊട്ടിയെടുത്തത്. കേരളത്തിലെ രാജാക്കന്മാരുമായി ബന്ധപ്പെടാൻ കഴിഞ്ഞതോടെ തസ്ക്കരവൃത്തിയും കൊലയും ഇവർ നിശ്ശേഷം നിറുത്തി, മരക്കാർവംശജന്മാരിൽ പലരുമായി ഇവർ വേഴ്ച സ്ഥാപിച്ചു. സാമൂതിരിഭരണകാലത്തെ നാവികത്തലവനായ കുഞ്ഞാലിരണ്ടാമന്റെ ആജ്ഞകൾ ഇവർ നിറവേററിയതായി കാണാം. കൊലയും കൊള്ള

യുംതന്നെ മതിയെന്നാഗ്രഹിച്ചവർക്ക് കരകാണാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ചിലർ കാടുകളിലും തുരുത്തുകളിലും അഭയം തേടി. അവരുടെ വംശജന്മാർ ഒററയ്ക്കൊററയ്ക്ക് ഇന്നും ജീവിച്ചിരിപ്പുണ്ടാകാം.

ഒളിപ്പോരിന്നു പ്രസിദ്ധിയാർജ്ജിച്ച കടൽക്കള്ളന്മാരിൽനിന്നാണ് കേരളത്തിലെ നാവികർ അതഭ്യസിച്ചത്. സിലോണിലെ പുത്തലത്തും, കാത്താർകുടിയിലും, തമിഴ്നാട്ടിലെ കായലോരപ്രദേശങ്ങളിലും മൊളന്ദന്മാർ അധിവസിക്കുന്നുണ്ട്. കേരളചരിത്രത്തിൽ കടൽക്കള്ളന്മാർ എന്നു വിളിക്കപ്പെട്ട മൊളന്ദന്മാരുടെ വംശം ആയിരിക്കാം ഇവർ. ജൂതഗാനങ്ങളിൽ 'ചൊനകർ' എന്നും കടൽക്കള്ളന്മാർക്ക് പേരുണ്ട്. ജൂതനാടോടിപ്പാട്ടുകളിൽ വർണ്ണിക്കുന്ന ചിരുതാനന്ദന്റെയും ജോസഫ് റബ്ബാന്റെയും കഥകളിൽ ഒരു ഭാഗത്ത് ''ചൊനകൻകെട്ടും കയറി കെട്ടുങ്കാ (കടൽക്കള്ളൻ കയറിച്ചെന്നു പറഞ്ഞു) യെന്നു സൂചിപ്പിച്ചിട്ടുണ്ട്. *കടൽക്കള്ളന്മാരായ ചൊനകന്മാരിൽനിന്നു ഇസ്രായേൽമക്കളെ രക്ഷിയ്ക്കണേ എന്ന പ്രാർത്ഥന ജൂതമുത്തശ്ശിമാർ ഉരുവിടാറുണ്ട്.

ഹൈദരാലിഖാന്റെ കാലത്ത് കടൽക്കള്ളന്മാരെ തേടിപ്പിടിക്കാൻ ശ്രമം നടന്നതായി കാണാം. കൊള്ളചെയ്യൽ കുടിൽവ്യവസായമായി സ്വീകരിച്ച പലരെയും ഹൈദർ വെറുതെ വിട്ടില്ല. സംഘംസംഘമായി കവർച്ച നടത്തുന്ന സമ്പ്രദായം അക്കാലത്തു നിശ്ശേഷം മാറി. ഒററയ്ക്കു കാടുകളിൽ പതുങ്ങിയുരുന്നു പിടിച്ചുപറിക്കൽ മാത്രമായി അത് അവശേഷിച്ചു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ചേററുവാക്കടത്തിനുസമീപം കടൽക്കള്ളന്മാർ താവളമടിച്ചിരുന്നു. പക്ഷെ ഉഗ്രനായ സുൽത്താന്റെ ആജ്ഞയ്ക്കു വഴങ്ങാൻ അവർ തയ്യാറായി. പൊതുസ്വത്ത് സൂക്ഷിക്കാൻ നയജ്ഞനായ ടിപ്പു ഈ കളളത്തലവന്മാരെ ഭാരമേല്പിച്ചതായി പറയപ്പെടുന്നു. അരച്ചാരന്മാരായി ഇവരിൽനിന്നു പലരേയും തിരഞ്ഞെടുക്കുകയും ചെയ്തുവത്രെ. ടിപ്പുവും ശക്തൻതമ്പുരാനുമാണ് കടൽക്കൊള്ളയും കാട്ടിലൊളിച്ചിരുന്ന കൊള്ളയും ഒതുക്കിയത്. കള്ളന്മാരും കൊള്ളക്കാരും മാത്രമായി മുദ്രകുത്തി മാററിനിറുത്തപ്പെട്ട ഇവരിൽ പലരും നാടോടിക്കഥകളിലെ പാത്രങ്ങളായിക്കഴിഞ്ഞിട്ടുണ്ട്. ഇവരെപ്പററി ഓരോ കരയിലും വീരാപദാനകഥകൾ വേണ്ടുവോളം പ്രചരിച്ചിരുന്നതായി കാണാം. ഉള്ളവരുടെ മുതൽ കൊള്ളചെയ്ത് ഇല്ലാത്തവർക്കു കൊടുത്തിരുന്ന ഇവരെപ്പററി മുത്തശ്ശിക്കഥകൾ കേരളത്തിലെവിടെയും കേൾക്കാം. പറയുന്നവരുടെ ഭാവനയ്ക്കനുസരിച്ച് അവരുടെ സാഹസികവൃത്തികൾ വലുതായിത്തീരുന്നെന്നുമാത്രം.

സമഗ്രമായ കേരളചരിത്രം എഴുതുന്നവർക്ക് ഈ കടൽക്കള്ളന്മാരെ ഒഴിച്ചുനിർത്താൻ കഴിയുകയില്ല. ഐതിഹാസികസംഭവങ്ങളും കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള കെട്ടുകഥകളും മാററിനിറുത്തിയാൽത്തന്നെ രണശൂരന്മാരായ കടൽക്കള്ളന്മാർ ഒരു യാഥാർത്ഥ്യമായി മാറിനില്ക്കുന്നതായി കാണാം. ഒരു പക്ഷെ ഇവരെ ഭയപ്പെട്ടതുകൊണ്ടാകാം വിദേശാക്രമണങ്ങൾ തന്നെ കേരളക്കരയിൽ തലയുയർത്താതിരുന്നത്.

ഇവരുടെ കൊള്ളയും കൊലയും അനുകരണാർഹമായിരുന്നില്ലെങ്കിലും കടൽപോരാട്ടത്തിൽ പ്രകടിപ്പിച്ചിരുന്ന ധൈര്യം അംഗീകരണാർഹമായിരുന്നെന്നു പറയാം. ഇവരുടെ അജയ്യമായ ശക്തിയെ കണ്ടെത്താൻ സാധിച്ചതോടെ കേരളത്തിനു പല നേട്ടങ്ങളുമുണ്ടായി. ആ നേട്ടങ്ങളുടെ കാലാനുകൂലമായ വളർച്ച നമ്മുടെ കടൽസൈന്യത്തിൽ നാമിന്നു കാണുന്നു.

✦✦✦✦✦